ശരിയാവുക, ശരിയായ് മാറുക എന്നതെല്ലാം
ഒരു വാശിയായി മാറുന്ന കാലത്ത്;
ആദ്യമാത്രയിൽതന്നെ ശരിയാക്കുക
എന്നതൊരു ശാഠ്യമായി മാറുന്ന ലോകത്ത്..,
തെറ്റുകളിലൂടെ മാത്രമേ ശരിയിലെത്തിച്ചേരാൻ
സാധിക്കൂ എന്ന തിരിച്ചറിവ്.
തെറ്റുകളിലൂടെ ശരിയിലേക്കൊരു യാത്ര.
ആ യാത്രയിൽ കാണുന്ന ഒരുപാട് കാഴ്ച്ചകൾ.
ആ കാഴ്ച്ചകൾ പകർത്തിയെടുക്കാൻ
ഒരു ക്യാമറയും...

# ക്യാമറ

യൂസികോളേജ് മാഗസിൻ 2015-2016



# ALPHONS KANNANTHANAM CIVIL SERVICE ACADEMY

ACE
Alphons Kannanthanam
Academy for Career Excellence Pvt. Ltd.

## Our Winners



| Name | Rank |
|---|---|
| Anand O | Rank 33 |
| Jeeva Maria | Rank 147 |
| Asif K | Rank 215 |
| Sreya A S | Rank 299 |
| Anna Sosa | Rank 389 |
| Subhaga Ann | Rank 472 |
| Ibson Shah | Rank 575 |
| Sidharth K | Rank 584 |
| Ashif A | Rank 778 |
| Vivek J | Rank 783 |
| Vaisakh P R | Rank 844 |

A feat achieved under the interview guidance and mentorship of Shri. Alphons Kannanthanam

## PRELIMS CUM MAINS BATCH

## MAINS EXCLUSIVE BATCH

- Experienced Faculty from Delhi and Trivandrum
- Printed study materials
- Interaction with civil servants
- Well equipped library
- Regular and Holiday batches
- Regular tests
- Continuous monitoring and evaluation system



- Regular batches
- Weekend batches
- Advanced foundation for college going students

A golden opportunity to prepare under the able guidance of **Shri. Alphons Kannanthanam IAS** (Resigned), one of the most efficient civil servants of India.

FOR DETAILS:
**94 46 445533, 94 96 040161**

Corporate Office : Fortune Tower, Judges Avenue Road, Kaloor, Kochi - 17

www.aceacademyglobal.com

# സമർപ്പണം



## സാമിനും
## പ്രമോദിനും

പിന്നെ കലയേയും മണ്ണിനേയും
മനുഷ്യനേയും സ്നേഹിച്ച
ഒരുപാട് കലാകാരന്മാർക്കും...

# UNION CABINET 2015 - 16


AFRIN T.A


JABEEN C JABBAR


KANNAN K


JISHNU K MANOJ


ANANDU SURESH


TOM JOSEPH


FREDIN C.V


GAYATHRY M.R


AMRUTHA


ANAND SHAJAN


MUHAMMED MUHASIN


VIGNESH N.J


THOMAS FENN


AKSHATH SHENOY




HARIPRASAD K.H


ANEESH NARAYANAN


JOHN .C. VALSAN


FEBIN MATHEW


TINTO THOMAS


VIVEK P.R


MIDHUN A.M


Capt. K.S NARAYANAN


KURIAN .C. SOMAN


JENISH PAUL


TRESA DIVYA

BBC [illegible]

## ക്യാമറ?

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]



KEMARA


UC College...The name itself is more than enough
UNION
CHRISTIAN
COLLEGE
Estd. 1921
B8
C9
CC
8B
CC
HE100



# യൂസീ
## നീയൊന്നു മാത്രം

ശ്യാമിലി എം.എസ്.
Bsc. കെമിസ്ട്രി

അന്നു നീ വെറും അപരിചിതയാം
പടവുകൾ മാത്രം
ഇറങ്ങിയ പടികൾക്കിടയിൽ
ഇടറിയ കാലുകൾക്കിന്നത്
ഇടവിട്ടോടും ഇടമായ് മാറി.
അന്നീ മാളികയൊരമ്പരചുമ്പി
കണ്ടു കിതച്ചൊരു കണ്ണുകൾക്കിന്ന-
തൊരോട്ടുപലകയല്ല
ഓർമ്മകളുണ്ടാൻ ഉരുളയുരുട്ടി
കിണ്ണമൊരുക്കിയ മുത്തശ്ശി,
ഊർത്തിയുതിർത്തി കുടഞ്ഞു കളഞ്ഞൊരാ
നിമിഷങ്ങളെ ചിതലാക്കി ചുവരിൽ
സൂക്ഷിച്ച ചിത്രകാരി
അന്നീ തരുണികളിൻ തണലും തളിരും
കരളിൽ കോർത്തത് ഇന്ന് തെളിഞ്ഞൊരു
ഇളവെയിലിൻ കനകക്കതിരിൽ
മഹാഗണിത്തണലിൽ,
അന്നാദ്യം നനഞ്ഞൊരാ
മഴയുടെ മറവിൽ നമ്മളൊ-
രുക്കിയ മഴവില്ലിന് മായ്ച്ചു കളഞ്ഞത്
കാലമൊരുക്കിയ വിടവാങ്ങൽ.
നനഞ്ഞ കുപ്പായമിട്ടൊ-
രാവോർമ്മകളെത്തേടി നാമെവി-
ടെയലഞ്ഞാലും,
ഒടുവിലെത്തുന്നതീ നിറമുള്ള
നിഴലുകൾ നൽകിയ യൂസി
തൻ മാറിൽ

# യു.സി.സി.

ഗ്രീഷ്മ പി.വി.
ബി.എസ്. സി. കെമിസ്ട്രി



ഏകജാലകം വഴി വന്നു ഞാനീ കലാലയതീരത്ത്
മനതാരിൽ വിരിയുന്നിതാ പുതുവസന്തം!!
ഒരുപാടുനാളുകൾ കാത്തിരുന്നു ഞാനീ
അക്ഷരമുറ്റത്തു പാറിപ്പറക്കുവാൻ!!

ഹരിതാഭമാം ഈ വഴിത്താരയിൽ
മിന്നിമായുന്നിതാ ഒരായിരം പുതുമുഖങ്ങൾ
വിടരുമാ മന്ദസ്മിതങ്ങളിൽ
തുടിക്കുന്നുവല്ലോയീ കലാലയ ജീവിതം

നിന്നിലെ മഹാഗണിമരത്തിനും കലാംജിതൻ അശോകത്തിനും
ബാപ്പുവിൻ മാവിനും, ചക്കമരത്തിനും പിന്നെ
പ്രിയ കാന്റീനുമുണ്ടല്ലോ പങ്കുവയ്ക്കാൻ
ഒരായിരം തുടിക്കുന്ന ഓർമ്മകൾ...

അരങ്ങ് തകർത്താടുമീ കൗമാരവും
അനശ്വര സൗഹൃദങ്ങളും, ശാന്തിതൻ സൗന്ദര്യവും
പുണ്യമാം സേവനങ്ങളും കൂടി
ജീവനേകുന്നുയീ പടവുകൾക്കെന്നെന്നും
നിത്യവും ഹൃദയത്തിൽ സൂക്ഷിക്കുവാനായി
ഇനിയും ഒരായിരം ഓർമ്മകൾ ബാക്കി നിൽക്കും

പുതിയൊരു നാളേയ്ക്കായ് മാറ്റുരയ്ക്കാം
സ്നേഹം തുളുമ്പുമീ ജീവിതസ്മരണകൾ
സൗഹൃദതീരമേ നിലകൊൾകയെന്നെന്നും
പുതുമലരിതളിടും സൗരഭ്യവുമായ്
താങ്ങായി തണലായി ഇനിയും ദശാബ്ദങ്ങൾ
പിന്നിടൂ എൻപ്രിയ സ്നേഹതീരമേ ജ്ഞാനതീരമേ...



# यू.सी.

## एक एहसास

Elizabeth Alexander
BA Economics

वक्तकितनीजल्दी बीत गई, इसका अंदाज़ा नहीं हो रहा है। लगता है जैसेकल ही आई थी, यू.सी में। वह निकट आ रही है, जिसकाहोने का पहले से ही डर था- वापस जानेकी। यहाँ आकर ही सब की तरह मैंनेखुदको पहचाना साथ ही दूसरोंको भी। जिस तरह यहाँ आने से पहले इस दुनियाकोजाना हकीकत मैंनेकाफी अलग थी, यू.सी। यहाँ आने से पहले मैंनेतो बस आँखों सेदेखनेकीकोशिशकी, लेकिन यहाँ आकर ही मैंने अपनेदिल सेदेखना शुरूकिया।

इसी आँखों से फेखल ट्रीके फूलोंकोगिरनेके साथरिश्ते बनते औरबिखरतेदेखा-दोस्ती औरदुश्मनीकेरिश्ते। यहाँ आकर ही जानाकिदुश्मनी भी एकरिश्ता है औरकभी-कभीज़रूरत आने पर यह दुशमन ही काम आ जाता है। हॉस्टलके बेस्वादखाने से मुँह फेरकरकॅान्टीनजाकरगरम-गरमदोसाकी महक और स्वद से ही अन्नकी एहमियत जान लिया। पहली बारिशके बाद सी.सी के गुलमोहर से लाल हुई ज़मीन सेनंगे पाँव चलकर ही इस कॉलेजकीधड़कनको महसूस की। चुनावके वोट गिननेके बाद, एन.आर से उड़तीजीतकी गूँज मन से उतनीजल्दी नहीं जाता और रही बात हारनेवालों कीतो, वे यह कभी नहीं भूलते। यह सब तो हर एक यूसीयननेजान लिया होगा। लेकिन और भी बातें है जो सबके आँखोंके सामने हमेशा होने पर भी नज़र-अंदाज़किया-जैसेकि युवा समारोह मेंदिन रातबिनाकुछखाये-पिये, मेहनत कियेकुछ अच्छे लोगांको; पैन ऑन्ड पालियेटीवकार्यक्रम मे मुलाकात हुई कई ऐसे

लोगों सेजो अपनेदर्द और पीड़ा में भी जीनेकी उम्मीद नहीं खोते; जैसेकुछकार्यक्रमकी व्यवस्था, कुछ लोगोंके होने सेकितनीजल्दी औरकुछ लोगोंके होने सेकितनीदेरी से होते थे।

इस कॉलेजकेदिन और रात, खुशी और गम, गर्मी और बारिश सब मैंनेदेखा है। सच तो यह है किइनतीन सालों में हम कॉलेजके साथथे या नहीं, हर पल, हर घड़ी यू.सी हमारे साथथी। हर एकदिनएकनई कहानी और हर एक कहानी के पीछे अलग अलग मत और राजनीति।

इन सालों मेंजो सब मैंनेजाना, उन सब यादोंकोदिल में समेटकर यू.सी सेविदा हो रही हूँ। यादें अच्छे या बुलेएक बाततोतय है किज़िंदगी मेंकिसी-न-किसीघड़ी में ये यादेंएक सीख बनकर साथज़रूरदेंगे। ऐसी भी कई बातें ही जिसकाज़िक्रनकरना ही अच्छा है क्योंकि कहीं इन बातोंको लफ्ज़ सेनिकालने पर उसकीखुबसूरतीकम हो जाएगी। आखिर यू.सी एककॉलेज नहीं, एक एहसास है।



# യൂണിയൻ റിപ്പോർട്ട് 2015–2016

2016 ഡിസംബർ 30-ാം തീയതി വി.എം.എ. ഹാളിൽ വച്ച് നടന്ന ലളിതമായ ചടങ്ങിൽ യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു. പ്രിൻസിപ്പൽ ഡോ. പി. തോമസ് മാത്യു സത്യവാചകം ചൊല്ലിക്കൊടുത്തു.

കലാലയ യൂണിയൻ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ അനീഷ് നാരായണൻ (ജനറൽ ക്യാപ്റ്റൻ), ഹരിപ്രസാദ് കെ.എച്ച്. (പ്ലാനിംഗ് ഫോറം സെക്രട്ടറി), ഫെബിൻ കെ.മാത്യു (ക്വിസ് ക്ലബ്ബ്), ജോബിൻ സി. വത്സൻ (ഡിബേറ്റ് ക്ലബ്ബ്), ടിന്റോ തോമസ് (സിനിക്ലബ്ബ്) എന്നിവരെ സെക്രട്ടറിമാരായും മിഥുൻ എ.എം. എസ്.എസി/എസ്ടി പ്രതിനിധിയായും വിവേക് പി.ആർ കാന്റീൻ സെക്രട്ടറിയായും നാമനിർദ്ദേശം ചെയ്തു. .

മലയാള വിഭാഗം അദ്ധ്യാപകൻ ക്യാപ്റ്റൻ കെ.എസ്. നാരായണൻ, യൂണിയൻ സ്റ്റാഫ് അഡ്വൈസറായി സ്ഥാനമേറ്റു. ഡോ. ജെനീഷ് പോൾ, ശ്രീ കുര്യൻ സി. സോമൻ എന്നിവർ യഥാക്രമം ആർട്ട്സ് ക്ലബ്ബ് അഡ്വൈസർ, ഓണററി ട്രഷറർ സ്ഥാനങ്ങൾ ഏറ്റെടുത്തു. ശ്രീമതി ട്രീസ ദിവ്യ മാഗസിൻ സ്റ്റാഫ് അഡ്വൈസർ പദവി ഏറ്റെടുത്തു.

### യൂണിയൻ ഉദ്ഘാടനം – ആ

യൂണിയൻ പ്രവർത്തനങ്ങൾ ഡിസംബർ 31 മുതൽ ആരംഭിച്ചെങ്കിലും ഔദ്യോഗിക ഉദ്ഘാടനം നടന്നത് ജനുവരി 13നാണ്. കോളേജ് അങ്കണത്തിൽ വച്ചു നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ സുപ്രസിദ്ധ സോപാനസംഗീത കലാകാരനും സാമൂഹ്യപ്രവർത്തകനുമായ ശ്രീ ഞെരളത്ത് ഹരിഗോവിന്ദൻ കലാലയ യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രശസ്ത ചലച്ചിത്രതാരം ഷറഫുദ്ദീൻ ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനവും നിർവ്വഹിച്ചു.

ഞെരളത്ത് ഹരിഗോവിന്ദന്റെ സോപാനസംഗീത പ്രകടനം കൊണ്ട് സമ്പന്നമായ ചടങ്ങിനെചെയർമാൻ അഫ്രിൻ ടി.എ. അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് വോയ്സ് ഓഫ് യൂ.സി. വിജയികളുടെ നേതൃത്വത്തിൽ സംഗീത വിരുന്ന് നടന്നു. പൂർണ്ണമായും യൂസിയൻ വിദ്യാർത്ഥികൾ മാത്രമാണ് സംഗീത വിരുന്നിലും തുടർന്നുണ്ടായ ബാന്റ് പെർഫോമൻസിലും പങ്കെടുത്തത് എന്നത് ശ്രദ്ധേയമായി.

### ക്വിസ് ക്ലബ്ബ്

ജനുവരി 5-ാം തീയതി വി.എം.എ ഹാളിൽ നടന്ന ക്വിസ് ക്ലബ്ബിന്റെ ഉദ്ഘാടനം പ്രിൻസിപ്പൽ ഡോ.പി. തോമസ് മാത്യു നിർവ്വഹിച്ചു. തുടർന്ന് ഇക്കണോമിക്സ് വിഭാഗം അദ്ധ്യാപകൻ ശ്രീ സുനിൽ എബ്രഹാം തോമസിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരവും നടന്നു. ഈ മത്സരത്തിൽ ഫിസിക്സ് വിഭാഗം വിദ്യാർത്ഥികളായ കെ.എസ്. കാർത്തിക്, ആൽഫിയ എം.എച്ച് എന്നിവർ ഒന്നാം സ്ഥാനവും അരവിന്ദ് കൃഷ്ണൻ ആർ കണ്ണൻ കെ എന്നിവർ രണ്ടാം സ്ഥാനവും നേടി.

ഫെബ്രുവരി 15-ാം തീയതി കോളേജ് ആർട്ട്സ് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് വി.എം.എ ഹാളിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. ഈ മത്സരത്തിൽ കെ.എസ്. കാർത്തിക്, ആൽഫിയ എം.എച്ച്, കെ.എം. റുഫ എന്നിവരുടെ ടീം ഒന്നാം സ്ഥാനവും അരവിന്ദ് കൃഷ്ണൻ ആർ, അൻസിഫ് സി.അബു, കണ്ണൻ.കെ എന്നിവരടങ്ങുന്ന ടീം രണ്ടാം സ്ഥാനവും നേടി.

മാർച്ച് 3-ാം തീയതി ഇന്റർ-ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. പങ്കെടുത്ത ടീമുകളിൽ നിന്ന് മികച്ച 4 ടീമുകളെ തിരഞ്ഞെടുത്ത് മാർച്ച് 9-ാം തീയതി ഫൈനൽ മത്സരം നടത്തി. വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ആറ് അദ്ധ്യാപകർ നടത്തിയ ക്വിസ് മത്സരത്തിൽ ഫിസിക്സ് ഡിപ്പാർട്ടുമെന്റ് ഒന്നാം സ്ഥാനവും ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

എം.ജി യൂണിവേഴ്സിറ്റി കലോത്സവത്തിൽ കോളേജിനെ പ്രതിനിധീകരിച്ച് കെ. എസ്. കാർത്തിക്, ആൽഫിയ എം.എച്ച്, കണ്ണൻ കെ. എന്നിവരുടെ ടീം രണ്ടാം സ്ഥാനം നേടി. വർഷങ്ങൾക്ക് ശേഷം എം.ജി കലോത്സവത്തിൽ ക്വിസ് ഇനത്തിൽ വിജയിക്കാനായതിൽ ക്വിസ്സ് ക്ലബ്ബ് വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

ക്വിസ് ക്ലബ്ബ് സെക്രട്ടറി ഫെബിൻ കെ. മാത്യുവിന്റെ നേതൃത്വത്തിൽ ക്വിസ് ക്ലബ്ബ് പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായിച്ച ക്വിസ് ക്ലബ്ബ് സ്റ്റാഫ് അഡ്വൈസർ സുനിൽ എബ്രഹാം തോമസിനെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

### ഡിബേറ്റ് ക്ലബ്ബ്

ജനുവരി 6-ാം തീയതി വി.എം.എ ഹാളിൽ ഡിബേറ്റ് ക്ലബ്ബിന്റെ ഉദ്ഘാടനം പ്രിൻസിപ്പൽ ഡോ.പി.തോമസ് മാത്യു നിർവ്വഹിച്ചു. തുടർന്ന് കോടതി വിധികളിലൂടെ കോളേജുകളെ വിശുദ്ധമാക്കേണ്ടതുണ്ടോ എന്ന വിഷയത്തിൽ സംവാദവും നടന്നു.

### സിനി ക്ലബ്ബ്

ജനുവരി 29-ാം തീയതി വി.എം.എ.ഹാളിൽ സിനി ക്ലബ്ബിന്റെ ഉദ്ഘാടനം പ്രിൻസിപ്പൽ ഡോ. പി. തോമസ് മാത്യു നിർവ്വഹിച്ചു. തുടർന്ന് വിശ്വവിഖ്യാത ബംഗാളി ചലച്ചിത്രം അഹല്യ സ്ക്രീൻ ചെയ്തു.

### നേച്ചർ ക്ലബ്ബ്

മാർച്ച് 21-ാം തീയതി സിസിയിൽ വച്ച് നേച്ചർ ക്ലബ്ബ് ഉദ്ഘാടനം നടന്നു. സുപ്രസിദ്ധ പരിസ്ഥിതി പ്രവർത്തകൻ പ്രൊഫ. സീതാരാമൻ സർ മരത്തൈ നട്ട് ഉദ്ഘാടനം ചെയ്തു.












### ശുചിത്വബോധനയാത്ര

ജനുവരി 2-ാം തീയതി വി.എം.എ ഹാളിൽ വച്ച് എറണാകുളം ജില്ലയെ ശുചിത്വ ജില്ലയാക്കാൻ ലക്ഷ്യം വച്ച് നടത്തിയ ശുചിത്വബോധനയാത്രയ്ക്ക് N.S.S. ഉം, യൂണിയനും സ്വീകരണം നൽകി. ചടങ്ങിൽ എൻ.എസ്.എസിനുള്ള സാമ്പത്തിക സഹായം കൈമാറി.

### വോയ്സ് ഓഫ് യു.സി.

ജനുവരി 7-ാം തീയതി കച്ചേരി മാളികയുടെ മുന്നിൽ വച്ച് യുസിയിലെ മികച്ച ഗായകരെ കണ്ടെത്താനായി വോയ്സ് ഓഫ് യു.സി മത്സരം സംഘടിപ്പിച്ചു. 50ഓളം യുസിയൻ ഗായകർ മാറ്റുരച്ച പരിപാടി മുൻ വർഷങ്ങളെ അപേക്ഷിച്ച് വലിയ വിദ്യാർത്ഥി പ്രാതിനിധ്യംകൊണ്ട് ശ്രദ്ധേയമായിരുന്നു. ഒന്നാം വർഷഗണിതശാസ്ത്ര വിദ്യാർത്ഥി മിഥുൻ ഉദയകുമാറും ഒന്നാം വർഷ സാമ്പത്തിക ശാസ്ത്ര വിദ്യാർത്ഥിനി ഗായത്രി ആർ ഉം വിജയികളായി തിരഞ്ഞെടുക്കപ്പെട്ടു.

### മെഹന്തി ഡിസൈനിങ് മത്സരം

ഫെബ്രുവരി 1-ാം തീയതി വിദ്യാർത്ഥിനി പ്രതിനിധികളുടെ നേതൃത്വത്തിൽ മെഹന്തി ഡിസൈനിങ് മത്സരം ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ നടത്തി. വാശിയേറിയ മത്സരത്തിൽ സുവോളജി ഡിപ്പാർട്ട്മെന്റ് ഒന്നാം സ്ഥാനവും ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

### ബുക്ക് ഫെസ്റ്റ്

ഫെബ്രുവരി 2,3 തീയതികളിൽ കോളേജ് യൂണിയൻ എറണാകുളം നാഷണൽ ബുക്സ് മായി സഹകരിച്ച് പുസ്തകമേള സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടേയും അദ്ധ്യാപക-അനദ്ധ്യാപകരുടേയും പങ്കാളിത്തം കൊണ്ട് പുസ്തകമേള ശ്രദ്ധേയമായി.

### കൈയ്യെഴുത്ത് മാസിക മത്സരവും പ്രദർശനവും

2015 -16 കലാലയ മാഗസീനിന്റെ പ്രവർത്തനങ്ങളുടെ തുടക്കം കുറിച്ചുകൊണ്ട് ഡിപ്പാർട്ട്മെന്റ് തലത്തിൽ കൈയ്യെഴുത്ത് മാസിക മത്സരം നടത്തി. കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ കൈയ്യെഴുത്ത് മാസിക മികച്ച മാഗസിനായി തിരഞ്ഞെടുക്കപ്പെട്ടു. മത്സരത്തിൽ പങ്കെടുത്ത മാസികകളിൽ മികച്ച കൃതികൾ കലാലയ മാഗസിനിൽ ഇടം നേടും. ലൈബ്രറിയുടെ മുന്നിൽ നടത്തിയ കൈയ്യെഴുത്ത് മാസിക പ്രദർശനം വിദ്യാർത്ഥി ശ്രദ്ധ ആകർഷിച്ചു.

### തട്ടകം നാടകോത്സവം 2016

മാർച്ച് 7,8 തീയതികളിൽ തൃപ്പൂണിത്തുറ ആർഎൽവി കോളേജിൽ വച്ച് നടന്ന തട്ടകം നാടകോത്സവത്തിൽ യു.സി.കോളേജ് ശക്തമായ സാന്നിധ്യം അറിയിച്ചു. ഒന്നാം വർഷ മലയാളി വിദ്യാർത്ഥി ജിതിൻ കെ. മനോജ് യൂണിവേഴ്സിറ്റി മികച്ച നടനായി തിരഞ്ഞെടുക്കപ്പെട്ടു.വർഷങ്ങൾക്ക് ശേഷം യു.സി. കോളേജിനെനാടകോത്സവത്തിൽ പങ്കെടുപ്പിക്കാൻ സാധിച്ചത് യൂണിയൻ വലിയ നേട്ടമായി കാണുന്നു. എം.ജി. യൂണിവേഴ്സിറ്റി നാടകോത്സവത്തിൽ യുസിക്ക് അഭിമാനമായ 'കോരനാണ്ടങ്ങ' എന്ന നാടകം മാർച്ച് 4-ാം തീയതി വി.എം.എ ഹാളിൽ വിദ്യാർത്ഥി സമക്ഷം അവതരിപ്പിച്ചു.

### ഉയിര്

കോളേജ് യൂണിയൻ വനിതാ പ്രതിനിധികളുടെ നേതൃത്വത്തിൽ കോളേജിലെ പെൺകുട്ടികളുടെ കരകൗശല -സാഹിത്യ സൃഷ്ടികളുടെ പ്രദർശനം ' ഉയിര് ' ഫെബ്രുവരി 19ന് വി.എം.എച്ചിൽ വച്ച് സംഘടിപ്പിച്ചു. വ്യത്യസ്ത ആശയങ്ങളാലും ആവിഷ്ക്കാര രീതിയാലും ഉയിര് വേറിട്ടു നിന്നു.

### ഗുൽമോഹർ യു.സി. കോളേജ് ആർട്ട്സ് ഫെസ്റ്റിവൽ 2016

കോളേജ് ആർട്ട് ഫെസ്റ്റിവൽ ' ഗുൽമോഹർ ' അഞ്ച് വേദികളിലായി ഫെബ്രുവരി 4,5 തീയതികളിൽ നടന്നു പുതുമുഖ സിനിമാ താരവും യു.സി.കോളേജിലെ പൂർവ്വ വിദ്യാർത്ഥിയുമായ വിനീത് മോഹൻ ഉദ്ഘാടനം ചെയ്തു. ഓഫ് സ്റ്റേജ് മത്സരങ്ങൾ ജനുവരി 28,29 എന്നീ തീയതികളിൽ വി.എം. എ ഹാളിൽ വച്ചും നടന്നു.

വിദ്യാർത്ഥി പങ്കാളിത്തവും ആവേശവും ഉറപ്പുവരുത്താൻ ഇന്റർ ഡിപ്പാർട്ട്മെന്റ് രീതിയിലാണ് ഈ വർഷം ആർട്ട്സ് ഫെസ്റ്റ് നടത്തിയത്.

48 മത്സരങ്ങളിലായി 700 ഓളം വിദ്യാർത്ഥികൾ പങ്കെടുത്ത ഗുൽമോഹർ കോളേജ് ചരിത്രത്തിലെ തന്നെ ഏറ്റവുമധികം വിദ്യാർത്ഥികൾ പങ്കെടുത്ത ആർട്ട്സ് ഫെസ്റ്റിവൽ ആണ്.
വിദ്യാർത്ഥി പങ്കാളിത്തത്തിൽ വലിയ വർദ്ധനവുണ്ടാക്കാൻ സാധിച്ചതും ആർട്ട്സ് ഫെസ്റ്റിന് ഇന്റർ ഡിപ്പാർട്ട്മെന്റ് എവർ റോളിങ് ട്രോഫി സ്ഥാപിച്ചതും യൂണിയന്റെ വലിയ നേട്ടങ്ങളാണ്.
കലാപ്രതിഭയായി സൈക്കോളജി വിദ്യാർത്ഥി ജിൻസൺ ഏലിയാസും കലാതിലകമായി ഫിസിക്സ് വിദ്യാർത്ഥി അപർണ്ണ എസും തിരഞ്ഞെടുക്കപ്പെട്ടു.

## ഒ.എൻ.വി. അനുസ്മരണം

കോളേജിന്റെ കലാസാംസ്കാരിക വേദിയായ സ്വരലയയും കലാലയ യൂണിയനും സംയുക്തമായി മാർച്ച് 2ന് വി.എം.എ ഹാളിൽ വച്ച് യശശരീരനായ പ്രശസ്തകവിയും ഗാനരചയിതാവുമായ ശ്രീ ഒ.എൻ.വി.കുറുപ്പ് അനുസ്മരണം സംഘടിപ്പിച്ചു.

ചടങ്ങിനെതുടർന്ന് സ്വരലയയിലെ കലാകാരന്മാർ ഒ.എൻ.വിയുടെ ഗാനങ്ങളും കവിതകളും കോർത്തിണക്കിയ സ്മരണാഞ്ജലിയും നൃത്തശില്പവും അവതരിപ്പിച്ചു.

## സപര്യ എം.ജി.യൂണിവേഴ്സിറ്റി കലോത്സവം 2016

മാർച്ച് പത്ത് മുതൽ പതിനാല് വരെ തൊടുപുഴ അൽ അസർ കോളേജിൽ നടന്ന എം.ജി.യു. കലോത്സവം സപര്യയിൽ യു.സി.കോളേജ് ശക്തമായ സാന്നിധ്യമായി എം.ജി. സർവ്വകലാശാലയിലെ 310 കോളേജുകളിലെ ഏഴായിര ത്തോളം വിദ്യാർത്ഥികൾ മാറ്റുരച്ച കലാമേളയിൽ യു.സി.കോളേജിന് ആറാം സ്ഥാനം കരസ്ഥമാക്കാൻ സാധിച്ചു.

കലോത്സവത്തിൽ യു.സി.കോളേജിന്റെ യശസ്സ് ഉയർത്താൻ താഴെ പറയുന്നവരുടെ പ്രകടനങ്ങൾ നിർണ്ണായകമായിരുന്നു.

| | | | |
|---|---|---|---|
| 1. | കിരൺദാസ് എം. | 1St Prize | അക്ഷരശ്ലോകം |
| 2. | അൻസിഫ് സി. അബു | 1St Prize | ഫിലിം റിവ്യൂ |
| 3. | അപർണ എസ്. | IInd Prize | കാവ്യകേളി |
| 4. | അമൃതാ മോഹൻ | Iind Prize | മോണോആക്ട് |
| 5. | ശ്രീലക്ഷ്മി എസ് | IInd Prize | കഥാപ്രസംഗം |
| 6. | അനിൽ ബാബു | IInd Prize | ഫോട്ടോഗ്രാഫി |

ആഗ്നസ് എൽദോ, ഗായത്രി എം.ആർ. മാളവിക വി. ബെൻറിസ് മേരി എൽദോ, മെറിൻ മാർട്ടിൻ, ദേവി വന്ദന, എന്നിവർ അടങ്ങിയ മൈം ടീമിന് രണ്ടാം സ്ഥാനം ലഭിച്ചു.

കെ.എസ്. കാർത്തിക്, ആൽഫിയ എം.എച്ച്., കണ്ണൻ കെ., എന്നിവർ അടങ്ങിയ ക്വിസ് ടീമിന് രണ്ടാം സ്ഥാനം ലഭിച്ചു.

ചരിത്രത്തിലാദ്യമായി ലിറ്ററി ഇവന്റ്സിന്റെ ഓവർഓൾ കിരീടം യൂ.സി.ക്ക് നേടാനായി എന്നത് ഈ യൂണിയന്റെ വലിയ നേട്ടമാണ്.

മുൻ വർഷങ്ങളിലെ പോലെ ഒന്നും രണ്ടും ഗ്രൂപ്പ് ഇവന്റ് അല്ല മറിച്ച് ആറിൽ ആറ് ഗ്രൂപ്പ് ഇനങ്ങൾക്കും യു.സി.കോളേജ് ഇത്തവണ പങ്കെടുത്തു. ഇതിൽ രണ്ട് ഇവന്റുകൾക്ക് സമ്മാനം നേടാനായി എന്നത് യൂണിയന്റെ മറ്റൊരു നേട്ടമാണ്.

കലോത്സവം നടന്ന അഞ്ച് ദിവസങ്ങളിലും യൂണിയൻ ഭാരവാഹികളും സ്റ്റാഫ് അഡൈ്വസർമാരും വളന്റിയർമാരും മത്സരാർത്ഥികൾക്ക് സഹായത്തിനായി ഉണ്ടായിരുന്നു.

നമ്മുടെ സംഗീത ഇനങ്ങളിലെ മത്സരാർത്ഥികൾക്ക് പരിശീലനമേകിയത് എം.ബി.എ ഡിപ്പാർട്ടുമെന്റിലെ അധ്യാപകൻ ശ്രീ. രാഹുൽ ആർ. ലക്ഷ്മൺ ആണ്. കലോത്സവത്തിനും ആർട്ട്സ് ഫെസ്റ്റിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ആർട്ട്സ് ക്ലബിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പൂർണ്ണ പിന്തുണ നൽകുകയും ചെയ്ത ആർട്ട്സ് ക്ലബ്ബ് അഡൈ്വസർ ഡോ: ശ്രീ ജിനീഷ് പോൾ സാറിനെ ഈ വേളയിൽ നന്ദിയോടെ സ്മരിക്കുന്നു.

2015-16 കലാലയ യൂണിയനിൽ പ്രവർത്തിക്കാൻ സാധിച്ചതിൽ യൂണിയൻ അംഗങ്ങൾക്കും അതിയായ അഭിമാനം ഉണ്ട്. പുറമേ നിന്നുള്ള പരിപാടികൾ നിരോധിച്ചുകൊണ്ടുള്ള കോടതി വിധി വന്നതിനുശേഷമുള്ള ആദ്യ കലാലയ യൂണിയനാണിത്. യൂണിയൻ പരിപാടികൾ സംഘടിപ്പിക്കാനുള്ള സമയവും കോടതിവിധിയിലൂടെ കുറയ്ക്കുകയുണ്ടായി.

കൂടെകൂടെയുണ്ടായ പരീക്ഷകൾക്കിടയിൽ യൂണിയൻ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോവുക എന്നത് വലിയ വെല്ലുവിളിയാണ് ഉയർത്തിയത്.

ഈ വെല്ലുവിളികളെ മികച്ച രീതിയിൽ നേരിട്ട് മുന്നോട്ട് പോകുവാൻ സാധിച്ചു എന്ന് യൂണിയൻ വിശ്വസിക്കുന്നു.

കഴിഞ്ഞ യൂണിയന് പിരിക്കാൻ സാധിച്ചതിനേക്കാൾ അധികമായി പതിനൊന്നായിരം രൂപ യൂണിയൻ ഫീസായി പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. മുൻ വർഷങ്ങൾക്ക് വിപരീതമായി ഫീസ് കളക്ഷനുവേണ്ടി വളന്റിയർമാരുടെ ക്ലാസ്സ് നഷ്ടപ്പെടുത്തിയിട്ടില്ല എന്നത് യൂണിയന്റെ മികച്ച നേട്ടമായി കാണുന്നു.

എല്ലാ പരിപാടികളിലും നിലവാരത്തിൽ കുറവുവരാതെ മുൻ വർഷത്തേക്കാൾ ചിലവ് ചുരുക്കാൻ യൂണിയന് സാധിച്ചിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളിൽ യൂണിയന് വ്യക്തമായ മാർഗനിർദ്ദേശങ്ങൾ നൽകിയ ശ്രീ കുര്യൻ സി.സോമൻ സാറിനെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

നാടോടോത്സവത്തിൽ പങ്കെടുത്ത നാടക ടീമിനും കലോത്സവത്തിൽ പങ്കെടുത്ത ആറ് ടീമുകൾക്കും വിദഗ്ധരുടെ പരിശീലനം ലഭ്യമാക്കാൻ യൂണിയന് സാധിച്ചു. ഇത് ഈ യൂണിയന്റെ വലിയ നേട്ടമാണ്. വലിയ സാമ്പത്തിക ചിലവുള്ള ഈ ഉദ്യമത്തിൽ യൂണിയന് തുണയേകിയത് പി.ടി.എയും സ്റ്റാഫ് അസോസിയേഷനുമാണ്. രണ്ട് സംഘടനകളോടും യൂണിയന്റെ കൃതജ്ഞത അറിയിക്കുന്നു.

കോളേജിലെ വിദ്യാർത്ഥികളുടെ ബ്ലഡ് ഗ്രൂപ്പും ഫോൺ നമ്പറും അടങ്ങിയ ബ്ലഡ് ഗ്രൂപ്പ് രജിസ്റ്റർ ഉണ്ടാക്കാൻ സാധിച്ചത് യൂണിയന്റെ മറ്റൊരു നേട്ടമാണ്. യൂ.സിയൻ സമൂഹത്തിന് രക്തത്തിന് ആവശ്യമുള്ളപ്പോൾ എല്ലാം ഈ പദ്ധതിയിലൂടെ രക്തദാതാവിനെ ലഭ്യമാക്കാൻ സാധിക്കുമെന്ന് യൂണിയൻ കണക്കുകൂട്ടുന്നു.

കോളേജിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് എന്റോവ്മെന്റുകൾ കൊണ്ടുവരാനുള്ള യൂണിയന്റെ പരിശ്രമത്തിനൊടുവിൽ, കാലാവധി അവസാനിക്കുന്നതിന് മുമ്പ് എല്ലാ ഡിപ്പാർട്ടുമെന്റിലെയും ഒരു വിദ്യാർത്ഥിക്കെങ്കിലും സാമ്പത്തിക സഹായം എത്തിക്കാൻ യൂണിയൻ സാധിച്ചിട്ടുണ്ട്.

കലാലയ യൂണിയന്റെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളായിരുന്ന ഓരോ വിദ്യാർത്ഥിക്കും നന്ദി രേഖപ്പെടുത്തുന്നു. പല പ്രതിസന്ധി ഘട്ടങ്ങളിലും സഹായമായി എത്തിയ പ്രിൻസിപ്പൽ സാറിനോടും യൂണിയനുള്ള കടപാട് നിസ്സീമമാണ് . യൂണിയന്റെ എല്ലാ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകിയ ക്യാപ്റ്റൻ കെ.എസ്. നാരായണൻ സാർ എല്ലാ പ്രവർത്തനങ്ങൾക്കും നിസ്സ്വാർത്ഥമായി യൂണിയന് ഒപ്പമുണ്ടായിട്ടുണ്ട്. അദ്ദേഹത്തെ ഈ വേളയിൽ നന്ദിയോടെ സ്മരിക്കുന്നു.
പ്രവർത്തനങ്ങളുടെയും കണക്കുകളുടെയും ഈ മാനിഫെസ്റ്റോ വിലയിരുത്തലിനായി വിദ്യാർത്ഥി സമക്ഷം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

കണ്ണൻ കെ.
ജനറൽ സെക്രട്ടറി

# പറന്നകന്നു.. ആ പക്ഷിക്കൂട്ടം.



ഉള്ളിൽ എന്തെന്നില്ലാത്ത ഭയവുമായാണ് യു സി യെന്ന കലാലയത്തിൽ കാലുകുത്തിയത്. ചരിത്രത്തിൽ ഇടം പിടിച്ച കലാലയം, കാരണക്കാരായ ഒരുപറ്റം വിദ്യാർത്ഥികൾ, അവർക്കിടയിലേക്ക് ദേശാടനക്കിളികളെപ്പോലെ ഒരു നാട്ടിൽ നിന്ന് മറ്റൊരിടത്തേക്ക് പറന്നെത്തിയവരാണ് ഞങ്ങൾ. ചേക്കേറാൻ ഒരു കൂടും ഈ കലാലയം കാത്തുസൂക്ഷിച്ചുവച്ചിരുന്നു.

## "ഈസ്റ്റ് ഹോസ്റ്റൽ."

വീടിന്റെ അന്തരീക്ഷത്തിൽ നിന്ന് വ്യത്യസ്തമായ ഒരിടം. സമയബന്ധിതമായി മണിനാദത്തിന് വിധേയപ്പെട്ടുകൊണ്ടുള്ള ജീവിതം. ആദ്യത്തെ ബുദ്ധിമുട്ടുകൾ സൗഹൃദങ്ങൾ മാറ്റിമറിച്ച ഒരിടം, ഒരു രണ്ടാം വീട്.

ആരുടെയൊക്കെയോ വാക്കുകളാണ് നമ്മുടെയൊക്കെ ജീവിതത്തിൽ എഴുതപ്പെടുന്നത്, നിങ്ങളിലൂടെ കടന്നുപോയ ജീവിത വർഷങ്ങളല്ലേ. 2017 ൽ യു.സി കോളേജ് ഈസ്റ്റ് ഹോസ്റ്റലിൽ നിന്ന് ഞങ്ങൾ പടിയിറങ്ങുകയാണ്. 'പടിയിറങ്ങുക' എന്ന വാക്ക് ഉപയോഗിച്ചപ്പോൾ തന്നെ ചങ്കിനുള്ളിൽ എന്തോ ഒരിത്, ഒരു കൊളുത്തിപ്പിടുത്തം . കാരണം, ഒരിക്കൽ ഈ വീട്ടിൽ നിന്ന് പടിയിറങ്ങി പോകേണ്ടവരാണ് എന്ന ബോധമില്ലാതെയാണ് 3 കൊല്ലം Eastന്റെ മുറ്റത്തും മുറികളിലും തിമർത്ത് നടന്നത്. അല്ലേലും അങ്ങനെയൊക്കെ ചിന്തിച്ചാൽ ജീവിക്കാൻ എന്താ രസം അല്ലേ?....

East ഹോസ്റ്റലിന്റെ തെക്കുവശത്ത് മൂസ് മിസ്സിന്റെ വീടിനോട് ചേർന്ന് റെജിമിസ്സിന്റെ ഒരു പച്ചക്കറിത്തോട്ടമുണ്ട്. വെണ്ടയും വഴുതനയും പച്ചത്തക്കാളിയുമൊക്കെ ചിരിച്ചു നിൽക്കുന്ന തോട്ടം. അതിന്റെ പച്ചപ്പും നിൽപ്പും തലയാട്ടവും ഭാവവും കണ്ടാൽ East സ്വന്തമായിട്ട് വാങ്ങിയ ലക്ഷണമാണ്. Eastന് മാത്രം അവകാശപ്പെടാവുന്ന ഒരുപാട് സൗഭാഗ്യങ്ങളുണ്ട്. ഒരു ഗ്രൗണ്ട് നാലുകെട്ട്, മുറ്റം നിറയെ ചെടികളും മരങ്ങളും കൂടാതെ തിന് ചേക്കേറിയ ദേശാടനപക്ഷികളേക്കാൾ ഭംഗിയുള്ള ഒരുപാട് പക്ഷികൾ വേറെയും.

പല പല കാത്തുരിപ്പുകൾ അരങ്ങേറുന്ന സ്ഥലം. വന്ന അന്നുമുതൽ വീട്ടിലേക്ക് പോകാനുള്ള ദിവസത്തിനായുള്ള കാത്തിരിപ്പ്, അലക്കാനും കുളിക്കാനും ബക്കറ്റുകൾ വച്ചുള്ള കാത്തിരിപ്പ്, Mess ന്റെ വാതിൽ തുറന്നുകിട്ടാനുള്ള കാത്തിരിപ്പ്, അച്ഛന്റെയും അമ്മയുടേയും കാലുപിടിച്ചു വാങ്ങിച്ചു തന്ന സ്വന്തം ഫോൺ വൈകീട്ട് കൈയിൽ കിട്ടാനുള്ള കാത്തിരിപ്പ്, പഠിക്കാൻ മണിനാദത്തിനായുള്ള കാത്തിരിപ്പ്, അങ്ങനെ.....അങ്ങനെ എല്ലാത്തിനും കാത്തിരിപ്പ്. കാത്തിരുന്നു മുഷിയുമ്പോൾ പലതും വേണ്ടെന്നു വയ്ക്കുന്നവരെയും ഈ കൂട്ടത്തിൽ കാണാം. രാത്രി 2 മണിക്കും 3 മണിക്കുമൊക്കെ യൂണിവേഴ്സിറ്റി Examന്റെ തലേദിവസം പഴയകെട്ടിടത്തിന്റെ വരാന്തയിലിരുന്ന് പഠിക്കുമ്പോൾ അറിയാതെ ചങ്കിടിക്കും, സെമിനാരി റോഡിൽ മൃതദേഹം കത്തിക്കുന്ന മണം അടിക്കുന്നുണ്ടോ?.. കാലിനടിയിലൂടെ പന്നിയെലി പരക്കം പായുന്നുണ്ടോ?.. കാറ്റത്ത് പാതിരാമുല്ലക്ക് എന്താണൊരിളക്കം ?.. അങ്ങനെയങ്ങനെപലതും.

ഞങ്ങൾ വന്നു കയറിയിൽ പിന്നെ ഈസ്റ്റിന് വന്ന മാറ്റം Passion Fruit ആണ്. ആറ്റുനോറ്റ് നട്ട്, കണ്ണ് നട്ടു റെജിമിസ്സ് വളർത്തിക്കൊണ്ടുവന്ന Passion Fruit അങ്ങനെ 'വിജൃംഭിച്ച്' നിൽക്കയാണ്. കൊതിപ്പിച്ചും വിശന്നു കുടലുകരിയുന്ന പാതിരാകളിൽ നാവിൽ വെള്ളക്കെട്ട് സൃഷ്ടിച്ചുകൊണ്ട്.... എന്താല്ലേ?.. ഒന്നിച്ച് പാകം ചെയ്ത് കഴിച്ച ഭൊഹാരത്തിന്റെ രുചിയും ഇന്നേവരെ മറന്നിട്ടില്ല.

തലയില്ലാത്ത പ്രേതകഥകളും ഇരുട്ടിൽ പഴയ കെട്ടിടത്തിന്റെ അടിത്തറയിലേക്ക് വേരുപായിക്കുന്ന 'കേട്ടുമാങ്ങാമാവും' എല്ലാം ചേർന്ന് ഒരു "ഭയങ്കരമായ" അന്തരീക്ഷം ഉണ്ടാക്കുന്നുണ്ടെങ്കിലും സന്ധ്യകളിലെ പാട്ടുകളും പ്രാർത്ഥനകളും ഞായറാഴ്ചകളിലെ Chapel service കളും മനസ്സിൽ ഒരു മെഴുകുതിരികത്തുന്നതുപോലെ പുഞ്ചിരിച്ചു നിൽക്കുന്നു.

ഒരു കുന്ന് ഡ്രസ്സ് അലക്കാൻ ഉണ്ടെങ്കിലും ശനിയാഴ്ചകളിൽ വെറുതെയിരുന്ന് ഉറങ്ങിത്തീർക്കാൻ എന്തു രസമാല്ലേ?.. അതിന്റെ ഒരു സുഖം എത്ര അലക്കിത്തേച്ച ഡ്രസ്സ് ഇട്ടാലും കിട്ടുല്ലാന്നേ... അതാ....

ഓണവും ക്രിസ്തുമസ്സുമൊക്കെ അത്യാഘോഷപൂർവ്വമാണ് കൊണ്ടാടിയത്. വയറുനിറഞ്ഞ് ബോധം കെട്ടു

വോളം കഴിച്ച ഓണസദ്യകളും Set saree ഉടുത്ത് കളിച്ച DJകളും ഓർമ്മയിൽ നിറഞ്ഞ് നിൽക്കും, എന്നും.

ദൂരദർശനിലെ സീരിയലുകൾക്ക് ഇത്ര ഡിമാന്റുണ്ടെന്ന് മനസ്സിലായത് റെജിമിസ്സിന്റെ കൂടെ സീരിയൽ കാണാൻ തുടങ്ങിയതിൽ പിന്നെയാണ്. വീട്ടിലാണെങ്കിൽ പുച്ഛത്തോടെ അവഗണിക്കുന്ന ദൂരദർശനിലേക്ക് കണ്ണും നട്ട് ഞാറാഴ്ച മുകളിലത്തെ Common room house full ആക്കി Easties ഇരിക്കുന്ന കാഴ്ച ഒന്നു കാണേണ്ടതുതന്നെയാണ്. അവസാനം "Chapelൽ പോ പിള്ളേരെ" എന്ന് പറഞ്ഞ് മിസ്സിന്റെ തൊണ്ടയടയുന്നതുവരെ അവിടെയിത്തന്നെയിരിക്കും.

അങ്ങനെയങ്ങനെയൊരുപാട് പറയാനുണ്ട് East നെക്കുറിച്ച്, മ്യൂസ് മിസ്സിനെക്കുറിച്ച്, റെജിമിസ്സിനെക്കുറിച്ച്, സ്വപ്നമിസ്സിനെക്കുറിച്ച്, Mess ലെ ചേച്ചിമാരെക്കുറിച്ച്, ബേബിച്ചേട്ടൻ, മംഗൾ ഭായിയും കുടുംബവും, ബാബു ചേട്ടൻ അങ്ങനെ..... ആദ്യ ദിനങ്ങളിൽ പേടിയോടെ നിൽക്കവെ മ്യൂസ് മിസ്സ് വന്നു സംസാരിച്ച് കൂടെ നിന്നതും ചേച്ചിമാർ ചിരിച്ചുകാണിച്ചാൽ ലോകം കീഴടക്കിയ സന്തോഷം വന്നതും ഇന്നലെയെന്നപോലെ തോന്നുകയാണ്.

ഒരു മഞ്ചാടി മരത്തിന്റെ തണുപ്പുണ്ട് ഈസ്റ്റിന്റെ ജീവിതത്തിന്. ഒരു മഞ്ചാടിക്കുരുവിന്റെ നിറവും ചടുലതയുമുണ്ട്, ഇവിടെ വസിക്കുന്ന ഓരോ മുഖങ്ങൾക്കും. മുറ്റത്ത് മഞ്ഞ നിറത്തിൽ ചിരിച്ചു നിൽക്കുന്ന കോളാമ്പിപ്പൂക്കൾ, പാതയോരുക്കി പൊയ്ക്കോളൂ എന്ന് പറയുകയാണ്. എന്തെന്നില്ലാതെ കണ്ണുനിറയുകയാണ്. കരഞ്ഞും ,ചിരിച്ചും, ഉണ്ടും ഉറങ്ങിയും, മഴനനഞ്ഞും ഓരോ Programme നും Curtainന്റെ വള്ളിയിൽ തൂങ്ങിയതും Mess ലെ പാത്രം കഴുകിയതും Camp faire ന് വിറക് പെറുക്കിയതും, ചെടി നട്ടതും അലക്കിക്കുളിച്ചു വന്നതും അങ്ങനെ എല്ലാം മനസ്സിന്റെ ഫ്രെയിമിൽ ഒരു നിമിഷം മിന്നിമറയുമ്പോൾ ഒരു നിമിഷം കൂടുതൽ ഇവിടെ നിൽക്കാൻ മൊഹം. നടക്കില്ല അല്ലേ?...

' അനുരാഗ കരിക്കിൻ വെള്ളത്തിൽ 'ബിജുമേനോൻ പറയുന്നത് പോലെ
"ആഗ്രഹിച്ചതൊക്കെ നടന്നാൽ പിന്നെ ജീവിതത്തിനെന്താ ഒരു രസം അല്ലേ?..."

Easties

## സിസ്റ്ററുടെ പിള്ളേർ

ന്യൂ ജനറേഷൻ കടന്നുകയറ്റത്തോടെ എന്നും ഭീകരതകൾക്കും പേടിസ്വപ്നങ്ങൾക്കും മുന്നിട്ടുനിന്ന CTB ഇപ്പോൾ മരുഭൂമിയിൽ വെള്ളം കിട്ടിയ അവസ്ഥയിലാണ്. ആർക്കിയോളജി ഡിപ്പാർട്ടുമെന്റിൽ നിന്ന് കൊണ്ടുവന്നതാണെങ്കിലും ഒഴിവ് ദിവസങ്ങളിലെ ഏക പ്രതീക്ഷ ഡിഡി നാഷണലിലെ 9.30 യുടെ സിനിമയാണ്. മറ്റുള്ള ഹോസ്റ്റലുകാർ നടുമുറ്റമുണ്ടെന്ന് പറഞ്ഞ് അഹങ്കരിക്കുമ്പോൾ ഞങ്ങൾക്ക് പഠിക്കാനുള്ള സൗകര്യങ്ങളും കാറ്റും ഒരുക്കുന്നത് ഞങ്ങളുടെ സ്വന്തം ടെറസ്സാണ്. കൂടെ ഇൗഫിൾ ടവറിന്റെ പ്രൗഢിയോടെ നിൽക്കുന്ന Live it ഫ്ളാറ്റും.

Birthday രാത്രികളിൽ Birthday കാരിക്ക് പണിക്കൊടുക്കുന്നതിനേക്കാൾ മെനക്കെട്ടപണിയാണ് Wish ചെയ്യാൻ ബാക്കിയുള്ളവരെ വിളിച്ചെഴുന്നേൽപ്പിക്കുന്നത്. എന്നിട്ട് ഓരോ dialoge ആണ്. ഉറങ്ങുകയാണോ ഒരു ഗ്ലാസ്സ് ചായ എടുക്കട്ടെ എന്ന്. പക്ഷെ ഇതെല്ലാം സിസ്റ്ററുടെ ഉറക്കത്തിന്റെ ബലത്തിലാണ്.

ഇതൊക്കെയാണ് ഇവിടുത്തെ കൊച്ചുകൊച്ചു സന്തോഷങ്ങൾ.

CTB

## ഒരോ കഥകൾ

ഹോസ്റ്റലിന്റെ ഓരോ ചുവരുകൾക്കും ഒരോ കഥകൾ പറയാനുണ്ടാകും. മുറിയിൽ ഒരുമിച്ചിരുന്ന് കട്ടൻചായ കുടിച്ച കഥ, തന്റെ ശരീരത്തിൽ അരൊക്കെയോ പേരുകളും ഇരട്ട പേരുകളും കുറിച്ചിട്ട് ഇക്കിളി കൂട്ടിയ കഥ, പിറന്നാൾ ആഘോഷങ്ങൾക്കിടയിൽ നനഞ്ഞ് കുളിച്ച കഥ, സുരേന്ദ്രൻ ചേട്ടൻ അറിയാതെ മെസ്സിൽ നിന്ന് പാൽ കട്ടു കുടിച്ച കഥ, അങ്ങനെ ഒരുപാട്. ഒന്നിരുട്ടി വെളുക്കുന്നതിനിടയിൽ എപ്പോഴെങ്കിലും ഈ കഥകൾ ഓർത്ത് ആരും കാണാതെ ഊറിയൂറി ചിരിക്കുന്നുണ്ടാവും.
(ഇന്നിപ്പോൾ അതിനെക്കുറിച്ചോർത്ത് കരയുന്നുണ്ടാവും).

കൃത്യം ആറരക്ക് ഹോസ്റ്റലിൽ കയറണമെന്നായിരുന്നു നിയമം. കൃത്യമായി നിയമം പാലിക്കുന്നവരായിരുന്നതിനാൽ ആറരക്ക് ഒരു നിമിഷം മുൻപ് പോലും ഹോസ്റ്റലിൽ കയറുമായിരുന്നില്ല. വൈകി കയറിയിരുന്നത് ഹോസ്റ്റലിനോട് സ്നേഹം ഇല്ലാത്തത് കൊണ്ടല്ല, ക്യാംപസിനേയും അതുപോലെ സ്നേഹിക്കുന്നതു കൊണ്ടാണ്. കുളിയും ജപവും സ്റ്റഡിടൈമും (സ്റ്റഡിടൈം എന്നതിന്റെ മലയാള പരിഭാഷ വെറുതെയിരിക്കാനുള്ള നേരം എന്നാണു എന്ന് ഹോസ്റ്റൽ ജീവിതം ഞങ്ങളെ പഠിപ്പിച്ചു. വാക്കുകളുടെ അർത്ഥം മാറുന്ന വിവിധ സാഹചര്യങ്ങളെയും സാധ്യതകളെയും കുറിച്ച് പഠിപ്പിച്ച അദ്ധ്യാപികയോട് കേരളത്തിലെ ഹോസ്റ്റലുകൾ ഒരുപാട് വാക്കുകളുടെ അർത്ഥം ജീവിതം കൊണ്ട് മാറ്റിത്തീർക്കുന്നുണ്ട് എന്ന് പറയണമെന്നുണ്ടായിരുന്നു). ഒക്കെ കഴിഞ്ഞ് മുറിക്ക് പുറത്തിറങ്ങുമ്പോൾ സമയം പത്തരയാകും. പിന്നെ എല്ലാവരോടും കത്തിയടിച്ച് നേരം വെളുപ്പിച്ച്

എപ്പോഴെങ്കിലും പോയികിടക്കും. രാവിലെ ആറരക്ക് ശെമ്മാശൻ (വാർഡൻ) വന്ന് വിളിക്കും. ഏതോ പഴയ ഹോക്കി സ്റ്റിക്ക് കൊണ്ടാണ് മൂപ്പരുടെ വരവ് . തുറക്കുന്നത് വരെ മുട്ടും. മനസ്സിൽ പ്രാകിക്കൊണ്ട് പോയി തുറക്കും. വേറെ വഴിയില്ലല്ലോ. മൂപ്പര് പോയി കഴിഞ്ഞ് വീണ്ടും പോയി കിടക്കും.

ശെമ്മാശൻ രാവിലെ വന്ന് വിളിച്ചാൽ പിന്നെയുള്ള പരിപാടി ഒൻപതിന് എഴുന്നേറ്റ് കുളിച്ചൊരുങ്ങി ഭക്ഷണം കഴിക്കാതെ ഒറ്റ പോക്ക് എന്നതാണ്. ദിവങ്ങൾ മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു. ഞങ്ങൾ പിന്നീടാണ് അക്കാര്യം ശ്രദ്ധിച്ചത് കതക് തുറക്കണമെന്നില്ല, മുറിയിൽ ലൈറ്റ് ഇട്ടാൽ തന്നെ ശെമ്മാശൻ സ്ഥലം വിടും. ഇങ്ങനെയുള്ള സ്റ്റഡി ടൈം വെളുപ്പിക്കലുകളിൽ നിന്നും ഒഴിവ് കിട്ടുന്നത് ഓണം, ക്രിസ്മസ് ആഘോഷവേളകൾക്കിടയിലാണ്. രണ്ടാഘോഷങ്ങളിലും ദൈർഘ്യവും തയ്യാറെടുപ്പും ക്രിസ്മസിനാണ്. ചാപ്പലിന്റെ സമീപത്ത് എല്ലാ വർഷവും ഒരു സ്റ്റാർ, അത് ചാക്കോസിന്റെ പാരമ്പര്യമാണ്. ആഴ്ചകൾക്കു മുൻപേ തയ്യാറെടുപ്പുകൾ ആരംഭിക്കും. എല്ലാവർക്കും എന്തെങ്കിലും റോളുകൾ കാണും. ഒന്നുമില്ലെങ്കിലും വെറുതെ കൂടെ നിന്നാൽ മതി, അതൊരു സന്തോഷമാണ്. 30 അടി നീളമുള്ള പടുകൂറ്റൻ സ്റ്റാർ. അതാണ് ട്രേഡ് മാർക്ക്. എല്ലാ വർഷവും കുരിയച്ചൻ സാർ പറയും അത്ര വലുതൊന്നും വേണ്ടെന്ന്.വെറുതെ സമ്മതിക്കുമെങ്കിലും പണികഴിയുമ്പോൾ അത്ര തന്നെയുണ്ടാകും. സ്റ്റാർ തൂക്കാൻ കൊണ്ടുപോകുന്നതും ഒരു രസമാണ്. ആദ്യ വർഷം ചാപ്പൽ ഭിത്തിയിൽ ആയിരുന്നു. അതിനായി ചാപ്പലിന്റെ ഉള്ളിലൂടെ മുകളിലേക്കുള്ള ഇടുങ്ങിയ പടികളിലൂടെ നടന്നു കയറിയപ്പോൾ അവിടെ ഞങ്ങളെ സ്വാഗതം ചെയ്യാൻ ഒരുകൂട്ടം മൂങ്ങകളും പ്രാവുകളും ഉണ്ടായിരുന്നു. അതിനേക്കാൾ മനോഹരമായ നിമിഷം അവിടെ മുകളിൽ നിന്നുള്ള മനോഹരമായ കാഴ്ചകൾ ആയിരുന്നു. അവിടെ മുകളിൽ ഞങ്ങളുടെ പേരുകൾ ഇപ്പോഴും മായാതെ കിടപ്പുണ്ടാകും. ക്രിസ്മസിന് ഹോസ്റ്റലുകളിൽ കരോൾ ഇറങ്ങുന്ന പതിവുണ്ട്.

സ്ട്രീറ്റിൽ നിന്ന് ഇറങ്ങുന്ന കരോളിന്റെ പുറകെ നടന്നു പോകുന്നതും നടന്നു കൂവുന്നതും ചാക്കോസിന്റെ പാരമ്പര്യമാണ്. ബിബിസിയിലും സിസിയിലും ഒളിഞ്ഞും അല്ലാതെയും കൂവിഓടിക്കുക അതൊരു സുഖമാണ്. ആദ്യ വർഷം കട്ടക്ക് കൂടെ നിന്നത്, ചേട്ടന്മാരുമായി നല്ലതുപോലെ അടുപ്പം ഉണ്ടാക്കുവാൻ കാരണമായിത്തീർന്നു. രണ്ടാം വർഷം നമ്മളാണല്ലോ കാരണവന്മാർ. അതും തകർത്തു. ( ഇത് വായിക്കുന്ന അനിയന്മാരോടോ, വിട്ടു കളയല്ലേടാ ഈ പാരമ്പര്യം). ക്രിസ്മസ് കരോളിന് ശേഷം സിസിയിൽ നിന്ന് കൊണ്ടുള്ള പടക്കം പൊട്ടിക്കലും മറ്റും വേറൊരു ഹരമാണ്. കാരണം അപ്പുറത്ത് സ്കിന്നർ ആണല്ലോ, ഞങ്ങളുടെ ആഘോഷം കാണാൻ അവരും ആ മതിലിനപ്പുറത്തുണ്ടാകും.

ന്യൂ ഇയറിന് ബാക്കി വച്ച പടക്കം കൊണ്ട് മറ്റേതോ ഹോസ്റ്റലിൽ നിന്ന് വന്ന പിള്ളേരെ ഒന്നു പേടിപ്പിച്ചു. ഒരു രസം, അത്ര തന്നെ. വെള്ളാനകളുടെ നാട് എന്നു പറഞ്ഞ സിനിമയിൽ പപ്പുവേട്ടൻ പറയുന്ന പോലെ " ഇത് ചെറുത് " വേറെ ഒരുപാട് ഓർമ്മകളുണ്ട്. അതിവിടെ കുറിക്കാൻ ആഗ്രഹമുണ്ടെങ്കിലും അനന്തു സമ്മതിക്കില്ല (നമ്മ എഡിറ്റർ തന്നെ)

അജു മാഷിന്റെ ഒരു ഹോസ്റ്റൽ പ്രഭാഷണത്തിൽ മാഷ് ഹോസ്റ്റലിനെ മാർക്വേസിന്റെ ഒരു ആശയം ഉപയോഗിച്ച മനസ്സിലാക്കുന്നുണ്ട്.. 'A home away from home 'എന്ന ആശയമാണ് അത്. അതെ, ഹോസ്റ്റലുകൾ ഞങ്ങളെ സംബന്ധിച്ച് ഒരു വീട് തന്നെയാണ്- 'A home away fom home'.

CHACKOS

# തൊമ്മീസ്

നാടും നാട്ടിലെ കൂട്ടുകാരെയും ഇനിയെന്നും കാണാൻ പറ്റാത്തതിന്റെ സങ്കടവും മനസ്സിൽ നിറച്ച്, കേട്ട റാഗിങ്ങിനെക്കുറിച്ച് കേട്ടിട്ടുള്ള കഥകളുമായിട്ടാണ് ഓരോ പെൺകുട്ടിയും ഇവിടെയ്ക്ക് വരുന്നത്. തൊമ്മീസ് എന്ന ബ്രാൻഡ് നെയിം കിട്ടിക്കഴിയുമ്പോൾ ഇവർക്ക് പതിയെ മനസ്സിലാവും അനേകം ഋതുക്കളെ ഒളിപ്പിച്ചു വെച്ച ഒരു ആൽമരമായിരുന്നു ഇതെന്ന്. ഇനിയൊരു പക്ഷേ ജനിച്ചില്ലെങ്കിലോ എന്നോർത്ത് പേടിച്ചാണ് തൊമ്മീസ് രാത്രി മുഴുവൻ നീണ്ട് നിവർന്ന് ഇരുന്നും കിടന്നും കത്തി വയ്ക്കുന്നത്.

റാഗിങ്ങിന്റെ കാലം കഴിഞ്ഞതിന്റെ വിഷമം തീർക്കാൻ വേണ്ടി, കിട്ടുന്ന പുതിയ പിള്ളേരെയെല്ലാം പിടിച്ചിരുത്തി പറയാൻ ഒരു " കുണ്ടറ സൂസിയുടെ" കഥയുണ്ട്. സൂസിക്കഥയ്ക്ക് ആക്കം കൂട്ടാൻ വേണ്ടി ഹോസ്റ്റലിനു പുറകിലുള്ള പൊട്ടക്കിണറും, ഇന്നു തീരും നാളെ തീരുമെന്ന് പറഞ്ഞ് വർഷങ്ങളായിട്ടും പണിതീരാതെ കിടക്കുന്ന ഫ്ളാറ്റിലെ ലൈറ്റും ഉണ്ട്.
പഴയ പ്രിൻസിപ്പലായിരുന്ന ടി.ബി. തോമസ് സാറിന്റെ പേരിൽ 2002ലാണ് ടി.ബി.ടി ഹോസ്റ്റൽ തുടങ്ങിയത്. അന്ന് മുതൽ തൊമ്മീസിനുള്ള ഒരു സ്വകാര്യ അഹങ്കാരമാണ് ഇവിടുത്തെ സ്റ്റേജ്. എത്ര കഷ്ടപ്പെട്ട് ഡാൻസും പാട്ടും നാടകവുമൊക്കെ പഠിച്ചാലും ഞങ്ങളുടെ മുറ്റത്ത് വന്നേ കളിക്കാൻ പറ്റൂ എന്ന അഹങ്കാരം. തെറ്റുപറയാൻ പറ്റില്ല.

സുവോളജി ഡിപ്പാർട്ട്മെന്റുമായിട്ട് ഏറ്റവും അടുത്ത ബന്ധം പുലർത്തുന്ന ഹോസ്റ്റൽ ആണ് ടി.ബി.റ്റി. ലാബിലേക്ക് ആവശ്യമായ എല്ലാവിധ ജീവികളും ഇവിടുത്തെ അലക്കുകല്ലിന്റെ ചുറ്റുമുണ്ട്. എന്നാലതിന്റെ അഹങ്കാരം ഇവിടുത്തെ കുട്ടികൾക്ക് ഒട്ടുമില്ലതാനും. ഹോസ്റ്റൽ മെസ്സ് ബില്ലും കൊടുക്കാതെ ഇവിടെ സുഖമായി ജീവിക്കുന്ന ഇവരോട് ഞങ്ങൾക്കിപ്പോ അസൂയയാണ്.
തൊമ്മീസിന്റെ എല്ലാവിധ കുസൃതികൾക്കും കുറുമ്പുകൾക്കും കൂട്ടുനിന്നിരുന്ന ലിസി മിസ്സ് ഞങ്ങളുടെ കൂടെ നിന്ന് പോയതിന്റെ വിഷമത്തിലാണ്. ലിസ്സി മിസ്സ് തോമ്മീസ്സിന്റെ മറ്റൊരു അഹങ്കാരമാണ്.

മിസ്സി മിസ്സ് പോയതിൽ പിന്നെ വാർഡൻ വാഴാത്ത ഈ ഹോസ്റ്റലിനെസഹിക്കുന്നത് മ്യൂസ് മിസ്സ് എന്ന ഞങ്ങളുടെ മെയിൻ വാർഡൻ ആണ്. ഒരു മാസം മിസ്സ് ലീവ് എടുത്തപ്പോഴാണ് സത്യത്തിൽ ഞങ്ങൾ മിസ്സിന്റെ വിലയും, മിസ്സില്ലാത്തതിന്റെ കഷ്ടപ്പാടും മനസ്സിലാക്കിയത്.
പഠിപ്പും പാട്ടും കുസൃതിയും കഥ പറച്ചിലുമൊക്കെയായി ഇവിടെ സ്വർഗ്ഗതുല്യമാണ്. തൊമ്മീസിന് തണലായി നിന്നിരുന്ന മരങ്ങളെല്ലാം വെട്ടി നശിപ്പിച്ചെങ്കിലും ഇവിടെ കൃഷി തുടങ്ങുന്നതിന്റെ സന്തോഷത്തിലാണെല്ലാവരും.

TBT

# പെൺപുലിമട

ഈ...ശ്വരാ! ഓർമ്മക്കുറിപ്പോ?, കാന്റീനിൽ നാരങ്ങാവെള്ളം കുടിക്കാൻ പോയപ്പോഴാണ് അനന്യ എന്നോടത് ചോദിച്ചത്. അതുവരെ ഞാൻ ചിന്തിച്ചുകൊണ്ടിരുന്ന ഇന്ത്യ-പാക്ക് യുദ്ധവും, ഒഴിഞ്ഞു കൊടുക്കേണ്ട സീറ്റു നോക്കി പകച്ചു നിൽക്കുന്ന ബെഞ്ചയും, എന്തിനേറെ ചിക്കൻ സാൻവിച്ച് എന്ന് പറഞ്ഞു കാന്റീനിൽ നിന്ന് കിട്ടുന്ന ചിക്കൻ ഇല്ലാത്ത സാൻവിച്ചിനെക്കുറിച്ചുള്ള ചിന്തകളും... എല്ലാ ചിന്തകളും എനിക്ക് നഷ്ടമായി - ഒരു നിമിഷം കൊണ്ട്.

സ്കിന്നറിന്റെ ഓർമ്മക്കുറിപ്പെഴുതണമെങ്കിൽ എത്രയും പെട്ടന്ന് അവരെ കണ്ടെത്തണം. 'ഒരു ഇന്ത്യൻ പ്രണയകഥ' യിലെ ഫഹദിന്റെ ഓട്ടം പെട്ടന്ന് എന്റെ മനസ്സിലേക്ക് വന്നു. ഫഹദിനെമാത്രം മനസ്സിൽ ധ്യാനിച്ചുകൊണ്ട് കിട്ടിയ ബാഗുമായി എങ്ങോട്ടെന്നറിയാതെ ഞാൻ ഓടിത്തുടങ്ങി. ചക്കമരം പാസ് ചെയ്തു. ചിരിക്കാനും മാത്രം ഒന്നുമില്ലാത്ത തമാശകളും പറഞ്ഞ് വഴിയിൽ പോകുന്നവരെ ബുദ്ധിമുട്ടിക്കാനായി മാത്രം ഇരിക്കുന്ന ചില വിരുതന്മാരുടെ ഏരിയയാണിത്. സൂക്ഷിക്കണം... ഒന്നു സ്ലോ ആക്കാം. അപ്പോഴാണ് നമ്മുടെ ജയിച്ച വി.സി.പി ആരിൽ നിന്നോ തട്ടിപ്പറിച്ച കൊക്കോകോളയുമായി ഓടി വരുന്നത് കണ്ടത്. മനസ്സൊന്നു പതറിയോ എന്നൊരു സംശയം... ദാഹം തെറ്റിയിട്ടില്ല. പതറി ആ കോള ഞാൻ പിടിച്ചു വലിച്ചു. കുറച്ചു കുടിച്ചു. തിരികെ കിട്ടിയ ഊർജ്ജവുമായി ഞാൻ വീണ്ടും ലക്ഷ്യത്തിലേക്ക് ഓടി തുടങ്ങി.
എത്തി... എത്തി! മതിലിൽ ആഴത്തിൽ കൊത്തിയിരിക്കുന്ന ആ ഏഴ് അക്ഷരങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടു. "SKINNER" യു.സി. കോളേജ് ക്യാമ്പസിനുള്ളിലെ ഏക പെൺപുലിമട. ഞാൻ സെക്യൂരിറ്റി ചേട്ടനെകടന്നു. പുതിയതായി തുടങ്ങിയ കൃഷിയിനങ്ങൾക്ക് വെള്ളമൊഴിക്കുന്ന മിസ്സുമാരെ കണ്ടു. മഹാഗണി മരങ്ങളും, സ്കിന്നറിന്റെ മുഖമുദ്രയായ ഊഞ്ഞാലും, കുന്തരിക്ക മരവും ചാമ്പയും, പാഷൻ ഫ്രൂട്ട് എപ്പോ താഴെ വീഴും എന്നു പ്രതീക്ഷയോടെ നോക്കി നിൽക്കുന്ന കുട്ടികളെയും ഞാൻ കണ്ടു. നേരെ മെസ്സിലേക്ക് ചെന്നു. ഫുഡ് ആയിട്ടില്ല അതുകൊണ്ട് അവരും ഇല്ല. എങ്കിലും ഒന്നു ഉറപ്പിക്കാനായി മെസ്സിലെ ചേച്ചിമാരോടു ചോദിച്ചു. അഞ്ചുപേരും ഒരേ സ്വരത്തിൽ പറഞ്ഞു "ഇല്ല കണ്ടില്ല". നിരാശയോടെ തിരിഞ്ഞു നടന്നപ്പോൾ പരിഷ്കരിച്ച സ്കിന്നർ മെസ്സ് ഞാൻ ശരിക്കൊന്നു കണ്ടു. കഴിഞ്ഞ യുദ്ധങ്ങളിൽ പോരാടി വിജയിച്ച പോരാളികളുടെ (അഥവാ പാസ് ഔട്ടായി പോയ ചേച്ചിമാരുടെ) ഫോട്ടോകളാൽ അലങ്കരിച്ച ഭിത്തികളും അതിന് നടുവിൽ "ചെകുത്താൻ കയറിയ വീട്" എന്ന ഗാനം ടി.വി.യിൽ കേട്ടു കൊണ്ടിരുന്ന ഹസ്സ് ഇയേഴ്സും എന്റെ ശ്രദ്ധയിൽപ്പെട്ടു. പാട്ട് എന്നെ ഒന്നു കുത്തിയെങ്കിലും എല്ലാ ചാനലുകളും കിട്ടുന്ന ടി.വി. (സ്കിന്നർ ചരിത്രത്തിൽ തന്നെ ഒരു പക്ഷെ ആദ്യമായി) ഞങ്ങൾക്കനുവദിച്ചു തന്ന മെയിൻ വാർഡൻ ബിന്ദു മിസ്സിനെനന്ദിയോടെ ഓർത്തു. യുദ്ധമുറകൾ പുറത്തറിയാതിരിക്കാൻ വേണ്ടി തൂക്കിയ പുതിയ കർട്ടനുകൾക്കിടയിൽ കൂടി പുറത്തേയ്ക്ക് നോക്കി ഞാൻ. അലക്കുകല്ലിന്റെ അവിടെയും അവരെ കണ്ടില്ല.
തിരികെ പോകുമ്പോൾ ഒരിക്കൽപോലും ശ്രദ്ധിച്ചിട്ടില്ലാത്ത ലൈബ്രറിയിൽ "സന്തോഷ് പണ്ഡിറ്റ് ഫലിതങ്ങൾ" ഞാൻ കണ്ടു."ഈശ്വരാ! ഇവൻ ഇവിടെയും വന്നോ? എന്നാലോചിച്ച് പൊടിപ്പിടിച്ചു പൂട്ടി കിടക്കുന്ന ഗസ്റ്റ് റൂമിന്റെ മുന്നിൽ നിന്ന് നേരെ നോക്കിയപ്പോൾ, അതാ കോമൺ റൂമിൽ അവർ. ഓടി ചെന്നു കാര്യം പറഞ്ഞു. അവരിലൊരാൾ പ്രാർത്ഥിച്ചു തുടങ്ങാമെന്നു പറഞ്ഞു. പ്രയർ റൂമിലേയ്ക്ക് നീങ്ങി വാതിൽ തുറന്നതും, സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ തലയ്ക്കു മീതെ പറന്നു. "വവ്വാലും എലിയും അണ്ണാനും പോരാഞ്ഞിട്ട് പ്രാവുകളുമായോ! ഇനിയിപ്പോ പ്രാർത്ഥിക്കണോ?" എന്ന് വിചാരിച്ച് തിരിച്ചു നടന്നു ഞാൻ സ്പോർട്ടുകാരുടെ ഹോക്കി സ്റ്റിക്കിൽ തട്ടി ആരുടെയും സഹായം കൂടാതെ ഉരുണ്ടുരുണ്ട് താഴെ എത്തി. "ഛെ! പ്രാർത്ഥിക്കേണ്ടതായിരുന്നു."

വീണതൊക്കെയല്ലേ, ഇനി അൽപ്പം കാപ്പി ആകാം. ഒരു കയ്യിൽ ചൂട് കോഫിയും, മറുകൈയ്യിൽ തണുത്താറിയ ഉഴുന്നുവടയും പിടിച്ചു ഞങ്ങൾ മന്ദം മന്ദം നടന്ന് സ്കിന്നർ കുട്ടികൾക്ക് മാത്രം അവകാശപ്പെട്ട സി.സി. സ്റ്റെപ്പുകളിൽ ചെന്നിരുന്നു. പുഴയിൽ നിന്ന് വരുന്ന തണുത്ത കാറ്റ് ഞങ്ങളെ ഓർമ്മകളുടെ അഗാധതയിലേക്ക് തള്ളിയിട്ടു. രാവിലെ പഠിക്കാനെന്ന വ്യാജേനങ്ങങ്ങൾ സി.സി.യിൽ വന്നിരിക്കുന്നതെന്തിനാണെന്ന് നിങ്ങൾക്കറിയാമോ?. തണുത്ത മഞ്ഞിൽ ചൂട് കാപ്പിയുമായി ഇവിടുത്തെ കാഴ്ചകൾ കാണുമ്പോൾ സമയം പോകുന്നതറിയാറില്ല. മഞ്ഞു കണങ്ങൾക്കിടയിൽ, അധികം ചൂടില്ലാത്ത സൂര്യ രശ്മികൾ പതിക്കുമ്പോൾ പറന്നുയരുന്ന കിളികളും, പൂമ്പാറ്റകളും, വലകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ചിലന്തികളും, ടോർച്ചും വീശി നടക്കുന്ന സെക്യൂരിറ്റി ചേട്ടന്മാരും, യു.സി. കോളേജ് വഴികളിൽ കൂടി നടക്കാനിറങ്ങുന്ന റിട്ടയേർഡ് അദ്ധ്യാപകരും ഇവിടുത്തെ പതിവ് കാഴ്ചകളാണ്. ഈ സി.സി. തന്നെയാണ് ഞങ്ങൾ പുലിക്കുട്ടികളുടെ യുദ്ധകളം. എല്ലാ കുതന്ത്രങ്ങളും ചിന്തിച്ചു കൂട്ടുന്നത് ഇവിടെ നിന്നാണ്.
ക്രിസ്മസ്സിന് സ്കിന്നറിന്റെ നക്ഷത്രം ഉയരുന്നതും കരോൾ റൗണ്ട്സ്നു ചാക്കോസ് പ്രതികാര ബുദ്ധിയോടെ സ്കിന്നറിനു നേർക്കു പടക്കം പൊട്ടിച്ചു ആഘോഷിക്കുന്നതും സ്കിന്നറിന്റെ കരോൾ റൗണ്ട്സിനിടയിൽ കൂകിവിളികളുമായി ചാക്കോസ് ഒളിച്ചിരിക്കുന്നതും ഇവിടൊക്കെ തന്നെയാണ്.
എഴുതാനാണെങ്കിൽ ഇനിയും ഞങ്ങൾക്ക് ഒരുപാട് ഓർമ്മകളുണ്ട്. ഉദാഹരണത്തിന് സെമിനാരി, പുഴ, ഗ്രീൻവാലിയിലെ ലഡു, പറവൂർ കവലയിലെക്കുള്ള ഊടുവഴികൾ ഇങ്ങനെനീളുന്നു ഓർമ്മകൾ. തത്കാലം ഞങ്ങൾ ഇവിടെ നിർത്തുന്നു. "ദൈവമേ ഇന്നു വ്യാഴാഴ്ചയല്ലേ?, ഫ്രൈഡ് റൈസും ചിക്കനുമാ. ബെൽ അടിക്കാനായി ഓടിക്കോ."

# പടിഞ്ഞാറെ പെമ്പിള്ളേര്‍

2014 ജൂലൈ 31, കെട്ടും ഭാണ്ഡവുമായി കരഞ്ഞുകൂവി വെസ്റ്റിന്റെ പടികയറിയപ്പോള്‍ ഞങ്ങളാരും കരുതിയില്ല അത് വലിയൊരു സൗഹൃദത്തിന്റെ തുടക്കമായിരുന്നു എന്ന്. ഇനി ജീവിതത്തില്‍ എവിടെപ്പോയാലും എന്തൊക്കെയായി തീര്‍ന്നാലും ഈ മൂന്നുവര്‍ഷത്തെ ഓര്‍മ്മകള്‍ക്ക് പകരം വെയ്ക്കാന്‍ മറ്റൊന്നിനുമാവില്ല. ഇവിടുന്നു പഠിച്ച പാഠങ്ങള്‍ക്കും. ഫോണിന്റെ ദുരുപയോഗങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ടെങ്കിലും ഫോണ്‍ ഉപയോഗത്താല്‍ കുട്ടികള്‍ വഴിതെറ്റിപോകുമെന്ന് വിശ്വസിക്കുന്ന ഒരാളുണ്ട് വെസ്റ്റില്‍. അത് വേറെയാരുമല്ല ഞങ്ങളുടെ വാര്‍ഡന്‍ - ആന്‍സിമിസ്സ്. രാത്രി എട്ടരയായി കഴിഞ്ഞാല്‍ കമ്പയിന്‍ സ്റ്റഡി എന്ന വ്യാജേന ചളിയടിച്ചിരിക്കുന്ന ഞങ്ങളെ, സ്വന്തം റൂമുകളിലേക്ക് വഴി തെളിച്ചു വിടുന്ന ഞങ്ങളുടെ വഴികാട്ടി. ഫോണില്‍ നോക്കി കഷ്ടപ്പെട്ട് അസൈന്‍മെന്റ് എഴുതുന്ന കുട്ടികളുടെ കയ്യില്‍ നിന്ന് ഫോണ്‍ കസ്റ്റഡിയിലാക്കുന്ന "വാര്‍ഡന്‍" അതാണ്; അതാണ് ഞങ്ങളുടെ ആന്‍സി മിസ്സ്.

വെസ്റ്റിന്റെ സീസണ്‍ ടൈം പരീക്ഷകാലമാണ്. പരീക്ഷ തലേന്ന് 10.30 ആയിക്കഴിഞ്ഞാല്‍ എല്ലാവരുടെയും വാലിന് തീ പിടിക്കും. 12 മണി വരെ ഇരുന്നും നിന്നും നടന്നുമുള്ള പഠിത്തം, പിന്നെ മാറി മാറിയുള്ള റിലേ ഉറക്കം. അതൊരു 3 മണി വരെ നീളും. എന്നിട്ടോ, ബുക്കിന്റെ കൂടെ ഒന്നോ രണ്ടോ മണിക്കൂര്‍ ഉറങ്ങിയാലായി. കോളേജിലേക്ക് പോകാനുള്ള ഒരുക്കവും ഭക്ഷണവുമെല്ലാം അല്‍പം സ്പെഷ്യല്‍ ആണ്. എല്ലാം പെട്ടെന്ന് ആയിരിക്കും. പിന്നെ പരീക്ഷകാലത്ത് ഒടുക്കത്തെ വിശപ്പാണ്. വിശപ്പ് മാറ്റാന്‍ വേണ്ടി ചുമയുടെ മരുന്ന് എടുത്ത് കുടിച്ച ചരിത്രം വരെ വെസ്റ്റിനുണ്ട്. എന്നിരുന്നാല്‍ തന്നെയും ഞങ്ങളുടെ വിശപ്പടക്കാനുള്ള അത്യാവശ്യ സാമഗ്രികള്‍ ഇവിടെ തന്നെയുണ്ട്. അതായത് ചക്ക, ചാമ്പയ്ക്ക, കപ്പ, മാങ്ങ, അത്തക്ക, പപ്പായ, വാഴയ്ക്ക...

ഞങ്ങള്‍ (തേര്‍ഡ് ഇയേഴ്സ്) 9 പേര്‍ ഡിഗ്രി പഠനം കഴിഞ്ഞ് ജോലിയൊന്നും കിട്ടിയില്ലെങ്കിലും ജീവിക്കും; നല്ല അന്തസ്സായി ജീവിക്കും. ക്രഡിറ്റും വെസ്റ്റിന് തന്നെയാട്ടോ. ഡിസൈനിംഗ്, ബാഡ്ജ് നിര്‍മ്മാണം, സ്റ്റേജ് ഡെക്കറേഷന്‍ എന്നീ രംഗങ്ങളില്‍ ഞങ്ങളെ വെല്ലാന്‍ ഇപ്പോള്‍ നിലവില്‍ ആരുമില്ല (ഞങ്ങളില്ലാതെ കോളേജില്‍ ഒരു പരിപാടിയും നടക്കില്ലന്നേ... എന്ത് ചെയ്യാനാ?)

സീനിയേഴ്സ് + സൂപ്പര്‍ സീനിയേഴ്സ് + ജൂനിയേഴ്സ്
വെസ്റ്റ് = { എം.സി.എ+ പാമ്പുകള്‍ + പട്ടികള്‍ + അട്ട + തേള്‍
ഭക്ഷണം + മെസ്സിലെ അടികള്‍ + ചളികള്‍ + അലമ്പ് } x dx

## Interms of West

സ്ഥലപരിമിതി കൊണ്ടാണ് അല്ലാതെ അഹങ്കാരം കൊണ്ടല്ല ഞങ്ങളുടെ ബന്ധങ്ങളെ ഒരു ഇക്വേഷന്‍ രൂപത്തില്‍ ഒതുക്കുന്നത്. ഒരുമാതിരി എല്ലാ ഹോസ്റ്റല്‍ ജീവിതങ്ങളുടെയും ഘടന ഇതാണെങ്കിലും ; ഞങ്ങടെ വേറെ ലെവലാ...

വെസ്റ്റിന്റെ ഭംഗിയും വശ്യതയുമെല്ലാംകേട്ടു പഴകിയ കഥകളല്ലേ, അതിനി ആവര്‍ത്തിക്കുന്നതില്‍ അര്‍ത്ഥമില്ലല്ലോ. എങ്കിലും ഈ എട്ടുകെട്ടിനെയും അതില്‍ വിരിഞ്ഞ സൗഹൃദത്തെയും പിരിയാന്‍ ഇനി ഏറെ കാലതാമസില്ല എന്ന് ആലോചിക്കുമ്പോള്‍ മനസ്സിലൊരു വിങ്ങല്‍. പിന്നെ ഒരാശ്വാസം, കാലാതീതമായ സൗഹൃദങ്ങള്‍ കയ്യില്‍ ഒതുക്കിക്കൊണ്ടാണല്ലോ പഴമയുടെ മണമുള്ള വര്‍ണ്ണശബളമായ ഓര്‍മ്മകളേറിയ ഈ വെസ്റ്റിന്റെ മടിത്തട്ടില്‍ നിന്ന് ഞങ്ങള്‍ പടിയിറങ്ങുന്നതെന്നാണ്.

## WEST





“പണി ഇനിയും
നാരങ്ങാവെള്ളം

# മൗനസ്വരങ്ങൾ

ശ്രീലക്ഷ്മി ആർ നായർ
ബി.എസ്.സി. ഫിസിക്സ്

ഇത്ര നിഗൂഢമാം മൗനസ്വരങ്ങളെ
എന്തേ ഞാനിത്ര സ്നേഹിച്ചുപോയ്

ഏകാകിയാമാ മൗനവീചികളെ
എന്തേ മനമതിൽ കോറിയിട്ടു

കേഴുന്ന വേഴാമ്പൽ  പാടുന്ന പാട്ടിന്റെ
അർത്ഥങ്ങളൊന്നായി കുറിച്ചുവച്ചു

വേദനയുതിരുമാ സംഗീതസരസ്സിൽ
പാടാൻ മറന്ന പാട്ടേതോ?

ആ കൊച്ചു പാട്ടിന്റെ ഈണമേതോ?
അറിയാതെ കൊഞ്ചുന്ന താളമേതോ?

മൗനമാം സാഗരത്തിരകളിലൊഴുകുന്ന
വേദാന്തമറിയാൻ കൊതിച്ചു എന്നോ

പാതിരാ നേരം നിലാവിനെപോലെ
മൂകമായ് പാറാൻ ആശ തോന്നി

പറവതൻ ചിറകിലെ വർണ്ണങ്ങളാവാൻ
പനിനീർപ്പൂവിൻ സുഗന്ധമാവാൻ

എന്നെന്നും എൻമനം പാടുന്നുവോ
എന്നെന്നും തേനായ് നുകരുന്നുവോ..





# ഓർമ്മച്ചമയങ്ങളിൽ

സാന്ദ്ര റോയ്
Bsc Chemistry

മറന്നൊരാപ്പാട്ടിന്റെ ശ്രുതിമീട്ടും വരികളും
എവിടെയോ വീണു മാഞ്ഞ മഞ്ചാടി മണികളും
വീണ്ടുമെന്തിനോ എന്നെ തിരികെ വിളിക്കുന്നു
ബാല്യത്തിൻ മോഹബിന്ദുക്കൾ കൈതൊടാൻ...

ആർക്കോ വേണ്ടി പിറന്ന മഷിത്തണ്ടിൻ കുളിർമയും
കണ്ണിൽ പൊടിച്ച ഇലത്തുമ്പിൻ മഴത്തുള്ളിയും
ചേമ്പിൻ തണ്ടിൽ സൂക്ഷിച്ച ഒരിറ്റു ജലബിന്ദുവും
ബാല്യത്തിൻ സ്മൃതികളിൽ മഞ്ജുളനാദം മീട്ടുന്നു.

പെറ്റുപെരുകുമെന്നോതി സൂക്ഷിച്ച മയിൽപ്പീലിയിതളും
ആരെയോ നിനച്ച് സൂക്ഷിച്ച കുന്നിമണികളും
കവിളിൽ പതിപ്പിച്ച പന്നലിൻ വെള്ളച്ചായവും
മൗനയാത്രയായ ബാല്യമെന്നോതി വിടചൊല്ലിയകന്നു...

സർപ്പക്കാവിൽ നിന്നാരോ നീട്ടിയ പൂച്ചമുത്തും
മണ്ണിന്റെ നിധിയെന്ന് വെറുതേ നിനച്ച മണിക്കല്ലും
ഇനിയില്ലെന്നോതി മാഞ്ഞ എന്റെ മാമ്പഴക്കാറ്റും
ബാല്യത്തിൻ തുയിൽപ്പാട്ടെന്നപോൽ വഴിമറന്നു.

കാലമെനിക്കായി കരുതിയ ഞാവൽ ചവർപ്പും
ഇടവപ്പെയ്ത്തിൻ വീണയായൊഴുകിയ കളിവഞ്ചിയും
ചെളിമണ്ണിനാൽ ചമയമിട്ട എന്റെ നെറ്റിത്തടങ്ങളും
എന്തിനോ മനതാരിൽ ചാർത്തുന്നു ബാല്യചിത്രം...

എവിടെയോ വീണുപോയെൻ കൊലുസ്സിൻ നാദം
എന്തിനോ പൊട്ടിവീണു എന്റെ വളക്കിലുക്കം
ആരോ മായ്ച്ചുകളഞ്ഞു എന്റെ കൺമഷികറുപ്പ്
പറയാതെ കടന്നുപോയി ബാല്യത്തിൻ വസന്തം

വരികൾ മറക്കല്ലേ, എന്റെ ബാല്യത്തിൻ മയൂഖഗാനം
കാലമേ നീയണയ്ക്കല്ലേ ബാല്യത്തിൻ മാധവം
മാനസീ, നിന്നിലൂടുതിരട്ടെ ഓർമ്മതൻ സ്മൃതികൾ
ബാല്യത്തിൻ കൊലുസ്സിട്ട സുന്ദരസ്പർശങ്ങളായെന്നും.

# അറിവിന്റെ അക്ഷരക്കൂട്ടുകളിൽ നിന്ന്...

Aswathy Joshy
Msc Zoology

ഏതൊരു വ്യക്തിയിലും മറക്കാനാവാത്ത ഒരായിരം സുവർണ്ണനിമിഷങ്ങൾ സമ്മാനിക്കുന്ന കലാലയ ജീവിതം, ജീവിതമാകുന്ന പുസ്തകത്താളുകളിൽ വിശ്രമിക്കുന്ന മയിൽപ്പീലി തുണ്ടുപോലെയാണ്. പഠിച്ചും പോരാടിയും കലഹിച്ചും പ്രണയിച്ചും നടന്നു നീങ്ങിയ ഒരുപിടി നല്ല സൗഹൃദങ്ങളുടെ ഓർമ്മകൾ പറയുവാനുണ്ടാകും അവയ്ക്ക് എന്നും. ഓർമ്മകൾ അനശ്വരമാണ്. ജീവിതയാത്രയിൽ ആത്മവിശ്വാസത്തോടെ പരാജയങ്ങളിൽ നിന്ന് ഉയർത്തെഴുന്നേറ്റ് മുന്നോട്ട് നീങ്ങുവാനുള്ള ഊർജ്ജം പകരുന്നവയാണ് എന്നും ഓർമ്മകൾ. പലപ്പോഴും അത്തരം ഓർമ്മകൾ ഓർമ്മപ്പെടുത്തലുകളായ് തോന്നാം. ഒത്തിരി പ്രതീക്ഷകളും അതിലുപരി സ്വപ്നങ്ങളുമായ് കലാലയ പടവുകൾ കയറുന്ന ഓരോ വിദ്യാർത്ഥിയെയും കാത്തിരിക്കുന്നത് അറിവിന്റെ അക്ഷയ ഖനികൾ മാത്രമല്ല, സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ, സാഹോദര്യത്തിന്റെ പുത്തൻ മാനങ്ങളാണ്. മനുഷ്യരെന്ന നിലയിൽ നമുക്കുണ്ടായിരിക്കേണ്ട ഏറ്റവും വലിയ യോഗ്യത സ്നേഹമായിരിക്കണം. ജീവിതത്തിൽ വിജയം നേടുന്നതിന് ഒരുക്കമായി നാം എത്രയോ ബിരുദങ്ങളും യോഗ്യതാ സർട്ടിഫിക്കറ്റുകളുമൊക്കെ സമ്പാദിക്കാറുണ്ട്. ഇവയൊക്കെ നമുക്ക് ആവശ്യവുമാണ്. എന്നാൽ ആത്മാർത്ഥമായ സ്നേഹത്തിന്റെ യോഗ്യതാ സർട്ടിഫിക്കറ്റ് നമുക്കില്ലെങ്കിൽ നമ്മുടെ മറ്റു യോഗ്യതകൾക്കൊന്നും മേന്മയും തിളക്കവുമുണ്ടാകില്ലെന്നത് നിശ്ചയം. ക്യാമ്പസ്സിലെ ഓരോ പുൽക്കൊടിത്തുമ്പിനോടും സ്നേഹാന്വേഷണങ്ങൾ തിരക്കി കടന്നു പോകുന്ന സുഹൃത്തായി ഓരോ വിദ്യാർത്ഥിയും മാറുമ്പോൾ നല്ല പെരുമാറ്റം ഒട്ടനവധി ഹൃദയങ്ങളിലേക്കുള്ള താക്കോലായ് പ്രവർത്തിക്കുന്നു.

വ്യത്യസ്ത ജീവിതസാഹചര്യങ്ങളിൽ നിന്ന് കടന്നുവരുന്നവർ പിന്നീട് വിരിഞ്ഞ ലക്ഷ്യങ്ങൾക്കായ് ഒത്തൊരുമയോടെ മുന്നേറുമ്പോൾ സഹകരണത്തിന്റെ, പങ്കുവെയ്ക്കലിന്റെ, വിശ്വാസത്തിന്റെ നവരുചികൾ അനുഭവവേദ്യമാകുന്നു. യുവത്വത്തിന്റെ ആഘോഷത്തിമർപ്പിലും ധാർമ്മികത അല്പം പോലും ചോർന്നു പോകാതെ സാമൂഹ്യ നന്മയ്ക്കായ് പോരാടുന്നവരായ് നമുക്ക് മാറാം. ജീവിതം ഒരു മത്സരയോട്ടമല്ല. അത് ഓരോ നിമിഷവും നാം എടുക്കേണ്ട ബോധപൂർവ്വമായ കാൽവയ്പുകളാണ് എന്നത് മറക്കാതിരിക്കുക.

കലാപങ്ങളുടെ ചിതയിൽ എരിഞ്ഞു തീരുന്ന ഒന്നാകരുത് കലാലയ രാഷ്ട്രീയം. ജനസേവനം ലക്ഷ്യം വച്ച് ജാതിമത ചിന്തകൾക്കതീതമായ പ്രവർത്തനം കാഴ്ചവെച്ച് മുന്നേറാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതാവണം കലാലയ രാഷ്ട്രീയം. ഇതിലൂടെ മാനസ്സികമായി ശക്തിനേടുന്ന ഓരോ വിദ്യാർത്ഥിയും സമൂഹത്തിന്റെ ആത്മാവിൽ അലിഞ്ഞു ചേരുന്ന നേരിന്റെ ഉറവകളായി അറിവിന്റെ വെള്ളിവെളിച്ചമായി സമാധാനത്തിന്റെ വെള്ളരിപ്രാവായി നമ്മുടെ രാജ്യത്തിന്റെ പുത്തൻ പ്രതീക്ഷകളുടെ പുതുനാമ്പുകളായ് പടർന്നു പന്തലിക്കട്ടെ.



ആനുവൽ റിപ്പോർട്ട്

നൽകുന്നതും"

# PRINCIPAL'S REPORT

**(Presented during the College Day Celebrations 23 March, 2016)**

Dear friends,

It is with a heart full of gratitude to God and to the College Community that I present before you the highlights of the activities of the College during the academic year 2015-2016.

Academic Life (Students)
College reopened on 1st June 2015 with regular classes for 2nd year UG & PG, 3rd year UG students. The admissions toUG programmesfor the academic year ended on 24th August 2015. Out of 644 seats, 641 students have been admitted and 9 students admitted under Lakshadweep Quota. First Semester UG classes started on 15th July 2015 with an Orientation Programme for the students and their parents, which was well attended. In continuation with this, subject-wise Orientation Programmes for 1st Semester UG students and Career Orientation Programmes for 5th Semester UG students were conducted by each department with the aid of UGC funds. PG admission closed on 18th November 2015 and 186 students admitted out of 211 seats.Orientation programme for students (semester wise) on 'Value education' was conducted on 10th September and was led by Prof. P.G. Joseph, Sri. A. Gopalamenon and Sri. Sooraj Abraham.

The outgoing UG students were given farewell by the college on 18.03.2016.

**Examinations and results**
The results of final year UG and PG university examinations 2015 were published. Total pass percentage in UG is 76% and PG is 78%. MsThasniNavas and MsRilcyRaphel of MA Economics secured 2nd rank & 5th ranks respectively.

**Highlights from Departments**

**Department of English**
Susan Thomas Memorial Lecture delivered by Ms Summer Dunsmore; University of Berkeley, California (August 11, 2015) on American Films and Human Values

·Dr. Majnu John, Johns Hopkins University delivered a lecture on cinema, in January 2016 as

part of the English Association, Drama Club.

·Dr. MadhuVasudev, HoD, Department of Hindi, delivered a lecture on the Politics of Reading' as part of English Association, Reading Club, in the month of January.

**Department of Malayalam**

Conducted a One Day Seminar in association with V.T. Smaraka Trust on 2015 August 03. Theme : Higher Education in Mothertongue

Conducted an Aksharaslokam Competition by Nalodayam Aksharasloka Samithi in association with Vidwan P.G. Nair Trust on 2015 January 19. Eminent critic Prof. M.K. Sanoo inaugurated. Famous poet N.K. Desamwas the dignitary of the meeting.

·Poet Alankode Leelakrishnan released the book Vidwan P.G. Nairude Theranjeduttha Kavithakalwritten by Late Vidwan P.G. Nair on 2015. January 19. Vidvan P.G. Nair Trust chairman Dr. M.G. Sarngadharan received the book.

Noted academician Dr. Skaria Zakharia (Chairperson, Herman Gundart Study Centre, Tubington University, Germany) inaugurated Vidwan P.G. Nair Memorial Three Day National Seminar (2016 january 20, 21, 22) on 20January 2016.Theme: Thaakkolvaakkukal - Vichaaram aathrukakal Keraleeyano ttangal. The Co-ordinator was Dr. Aju K. N.

·College Manager Rev. Thomas John released the book Malayala Naadakam Sameepanangalum Saadhyathakalum edited by Dr. Vidhu Narayan on 20 January 2016. Vidwan P.G. Nair Trust Chairman Dr. M.G. Sarngadharan received the book. It is an anthology

## Final Year Examination Results: March/April 2015
## A.Undergraduate Programs

## UG FINAL YEAR RESULTS 2014-2015

| Letter grade & % of mark | History | Economics | English | Malayalam | Mathematics | Physics | Chemistry | Botany | Zoology | Psychology | Comp. Sci. | BT&SP | E&CM | TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| A+ (< 95.00) | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| A (< 87.50) | 0 | 3 | 4 | 0 | 2 | 4 | 6 | 1 | 2 | 6 | 0 | 2 | 0 | 30 |
| B+ (< 75.00) | 6 | 7 | 10 | 4 | 8 | 7 | 7 | 7 | 7 | 12 | 3 | 5 | 2 | 85 |
| B (< 62.50) | 5 | 12 | 15 | 10 | 9 | 12 | 17 | 9 | 11 | 6 | 11 | 4 | 7 | 128 |
| C+ (< 50.00) | 3 | 8 | 8 | 6 | 5 | 6 | 5 | 6 | 2 | 5 | 4 | 8 | 2 | 68 |
| C (< 37.50) | 8 | 14 | 1 | 2 | 6 | 2 | 1 | 2 | 1 | 1 | 4 | 3 | 2 | 47 |
| D (> 37.50) | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 |
| Failed | 4 | 10 | 7 | 16 | 9 | 17 | 7 | 4 | 5 | 4 | 7 | 4 | 19 | 113 |
| Total Appeared | 26 | 54 | 45 | 38 | 40 | 48 | 43 | 29 | 28 | 34 | 29 | 26 | 32 | 472 |
| Total Passed | 22 | 44 | 38 | 22 | 31 | 31 | 36 | 25 | 23 | 30 | 22 | 22 | 13 | 359 |
| % of Pass | 84.6 | 81.4 | 84.4 | 57.8 | 77.5 | 64.5 | 83.7 | 86.2 | 82.1 | 88.2 | 75.8 | 84.6 | 40.6 | 76.0 |

## B.POSTGRADUATE PROGRAMS

| Semester | Final Semester performance | | |
|---|---|---|---|
| | No appeared | No passed | % passed |
| MA HISTORY | 16 | 12 | 75.00 |
| MA ECONOMICS | 18 | 14 | 77.78 |
| MA ENGLISH | 16 | 12 | 75.00 |
| MA MALAYALAM | 16 | 13 | 81.25 |
| MSc PSYCHOLOGY | 9 | 7 | 77.78 |
| MSc MATHEMATICS | 13 | 11 | 84.62 |
| MSc PHYSICS | 12 | 8 | 66.67 |
| MSc CHEMISTRY | 12 | 8 | 66.67 |
| MSc BOTANY | 13 | 9 | 69.23 |
| MSc ZOOLOGY | 12 | 12 | 100.00 |
| MSC BIO-TECHNOLOGY | 18 | 13 | 72.22 |
| MSC BIOINFORMATICS | 10 | 10 | 100.00 |
| Total | 165 | 129 | 78.18 |

of seminar papers presented at the P.G. Nair Memorial Three Day National Seminar on 2015 February 11, 12, 13.

·Sreelekshmi V.R. bagged second prize of M.P.Paul Award for M.A. Dissertation -2014-'15

·Akshaya T.S. and Surya K.B of M.A Malayalam secured the first and second prize ofEssay competition based on the works of poet KodungallurKunjikkuttanThampuran.

·Kiran Das M. won the first prize in Aksharaslokam competition M.G. University Youth Festival 2016)

**Department of Hindi**

DASTAK-'15 -department magazinewas released which include variety of literary works of students.The release of DASTAK-' 15 was also accompanied by the commencing of Hindi Day celebrations of 2015.

·The Department of Hindi extended its concern for the betterment of needy students in the form of Student Support Programme [SSP] & Remedial Coaching.

**Department of Economics**

·The Department organised a comprehensive Socio-Economic Surveyof the Karumalloor GramaPanchayat during February 2016. The survey covers areas such as Education, Housing, Asset Ownership, Access to Services, Consumption Expenditure, Financial Inclusion, Employment, Health, Sanitation, Vulnerability, Social Mobility, Migration, MGNREGA, Ageing etc of the households in Karumalloor Panchayat area. It also examines the growth and composition of the Revenue & Expenditure of the Panchayat during the last five years.

·Hosted a UGC seminar on Secularism and Religions in the context of Human Rights on 5th August 2015. The seminar was inaugurated by Padmabhushan Justice K T Thomas (Rtd. Judge of Supreme Court of India) and Dr. Sebastian Paul (Ex. Member of Parliament) delivered the key note address.

ഉ:-ഞാനതിന്റെ രണ്ടിന്റെയും നടുക്ക് നിന്ന് കളിക്കുകയാണ്. (ആള് നല്ലൊരു ചിരി പാസ്സാക്കി) മാർക്കറ്റിനെ തോൽപ്പിക്കാനാവില്ല എന്നെനിക്ക് മനസ്സിലായി. മാർക്കറ്റ് നമ്മളെ ഇമോഷണലി കീഴ്പ്പെടുത്തി കഴിഞ്ഞു. ഞാൻ മഹാരാജാസ് കഴിഞ്ഞിറങ്ങുമ്പോഴാണ് ഗ്ലോബലൈസേഷൻ ടേക്ക് ഓവർ ചെയ്യുന്നത്. അതിന് മുൻപ് (തന്റെ മുന്നിലെ റോഡ് ചൂണ്ടി കാണിച്ച്) ഇവിടെ ഇത്രയും ശബ്ദമൊന്നും ഉണ്ടായിരുന്നില്ല. 17 കൊല്ലത്തിന് മുൻപ് ഈ വഴിയിലൂടൊരു വണ്ടി പോയാൽ അതൊരു കൗതുകമായിരുന്നു. ഇന്ന് ആ കാലമൊന്ന് തിരിച്ച് വന്നിരുന്നെങ്കിൽ എന്നതൊരു സ്വപ്നമാണ്. ആളുകൾ അതിനൊപ്പം വാഷ് ഔട്ടായി. ഇതിന് എതിരെ നിന്ന് ജോൺ എബ്രഹാമിനെപോലെ ' അമ്മ അറിയാൻ ' ഒക്കെ എടുത്ത് ജനങ്ങളെ കൊണ്ട് നടന്ന് കാണിക്കാൻ നിന്നാൽ പടം കാണാൻ ഞാൻ മാത്രമേ ഉണ്ടാവുകയുള്ളൂ. ഇന്ന് അങ്ങനെചിന്തിച്ചിറങ്ങുന്നവർ സ്ട്രഗിൾ ചെയ്ത് ദരിദ്രരായി മരിക്കും. പണ്ട് കവി എന്ന് പറഞ്ഞാൽ അവൻ ക്യാംപസുകളിൽ സ്റ്റാറായിരുന്നു. ഇന്നോ? കവിക്ക് വിലയില്ലാതെ ആകുമ്പോൾതന്നെ ആ സമൂഹം ഒരു decodent സൊസൈറ്റിയായി മാറുന്നു. സിനിമയും പോയിട്രയുമായി വലിയ ബന്ധമുണ്ട്. ഞാൻ ഈ രേഖയ്ക്ക് നടുക്ക് നിന്ന് കളിക്കുകയാണ്. 'കമ്മട്ടിപ്പാടത്തിൽ ' മാർക്ക

റ്റിനെ ഉപയോഗിച്ചു, അതുകൊണ്ടുതന്നെ ഞാനുദ്ദേശിച്ച കാര്യം ഒരു 50% വരെയെങ്കിലും നടന്നു. മാർക്കറ്റിന് വിധേയരാകാതെ ചെറിയ അഭ്യാസം കാണിച്ചുകൊണ്ട് അതിനെ കബളിപ്പിക്കാൻ പഠിച്ചാൽ, നമ്മൾ ജയിച്ചു.

---

ചോ:- കമ്മട്ടിപ്പാടത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, പൊളിറ്റിക്കലി, കമ്മട്ടിപ്പാടത്തിൽ ദുൽഖർ എന്ന വെളുത്ത ശരീരത്തെ ഉപയോഗിക്കുക ആയിരുന്നില്ലേ? ബാലൻചേട്ടനും ഗംഗനുമൊക്കെ നിറഞ്ഞ് നിന്ന ഒരു സ്ക്രീനിൽ, ഒരു വെളുത്ത് ശരീരം മിസ്പ്ലേസ്ഡായിരുന്നു എന്ന് തോന്നിയിട്ടുണ്ട്. എന്തുപറ്റി അങ്ങനെ ചെയ്യാൻ?

---

ഉ-കറുപ്പ് എടുത്ത് കാണപ്പെടാൻ അവിടെയൊരു വെളുപ്പ് വേണം. Technically speaking, വെളുപ്പിലൊരു കറുത്ത കുത്തോ കറുപ്പിലൊരു വെളുത്ത കുത്തോ ഇട്ടാൽ അത് സ്ട്രൈക്കിങ്ങായിരിക്കും. അമർ ചിത്രകഥകൾ തൊട്ടേ വെളുപ്പും കറുപ്പും തമ്മിൽ വല്ലാത്തൊരു അന്തരം ഉണ്ട്. ഇത് ഇന്നും തുടർന്നു പോരുന്നു. ദേവന്മാർ "സുന്ദര"ന്മാരും വെളുത്തവരും, അസുരന്മാർ കറുത്തതും പല്ല് ഉന്തിയതുമായ "വികൃതരും" ആരാണിത് ഇങ്ങനെയാണെന്ന് തീരുമാനിച്ചത് ! പോപ്പുലർ നറേറ്റീവ് ഇതു തുടർന്നു പോന്നു. കമ്മട്ടിപ്പാടത്തിലേത് ഒരു എക്സ്പെരിമെന്റായിരുന്നു. വെളുത്ത ഉടലുണ്ടായിട്ടും ഒടുക്കം ആരാണ് പ്രയഃകരായി മാറുന്നത്?

പിന്നെ അനിത എന്ന പെൺകുട്ടി ഒരു വെളുത്തവനെ ഇഷ്ടപ്പെടുന്നത് വളരെ ന്യാച്ചുറലാണ്. പെൺകുട്ടികൾ പൊതുവെ വെളുത്തവനെ നോക്കിയേ പ്രേമിക്കാറുള്ളൂ. അത് നമ്മൾ അനുഭവിക്കുന്ന ഒരു കാര്യമാണ്, സത്യമാണത് (ഒപ്പമിരുന്ന അൻസിഫിനെ ഞാനൊന്ന് നോക്കി. വിഷണ്ണനാണ് അയാൾ. മ്ലേച്ഛൻ ഇതൊന്നും മനസ്സിലാകാതെ തന്റെ ഫോട്ടോയെടുപ്പ് തുടർന്നു) അതിനെ മറച്ചുവെയ്ക്കുന്നതിൽ അർത്ഥമില്ല. പിന്നെ ഞാനൊരു സവർണ്ണനാണ്, ഞാൻ എത്രയൊക്കെ ശ്രമിച്ചാലും അവർണ്ണന്റെ കഥ അവൻ പറയുന്നത് പോലെ പറയാൻ സാധിക്കില്ല. കാരണം അവന് അനുഭവിക്കേണ്ടിവന്നത് ഞാനനുഭവിച്ചിട്ടില്ല. അതിന്റേതായ കുറവുകൾ എന്റെ നറേഷനിൽ ഉണ്ടാകുന്നത് സ്വാഭാവികമാണ്. പിന്നെ, കുറ്റമറ്റതല്ല ഒരു സിനിമയും. തെറ്റുകൾ ഉണ്ടാകും. ഞാൻ എപ്പോഴും ക്രിട്ടിസിസം മാത്രം വായിക്കാൻ ആഗ്രഹിക്കുന്നയാളാണ്. ഒരു പടം വരച്ച് അത് 10 പേരെ കാണിച്ചാൽ "നല്ലത്



ഋഷികേശ് മുഖർജി



ഋത്വിക് ഘട്ടക്







Behance art

-ചീത്ത" എന്നതിനപ്പുറം ഒരേയ് ഭിന്ന അഭിപ്രായങ്ങളെങ്കിലും നമുക്ക് കിട്ടും. പിന്നെ എനിക്കെപ്പോഴും ഈ ജെൻഡർ പൊളിടിക്സിന്റെ ഭാഗത്തുനിന്ന് എന്റെ സ്ത്രീകഥാപാത്രങ്ങൾ വീക്കാണ് (എപ്പോഴും) എന്ന വിമർശനം വരാറുണ്ട്. അത് എന്റെ നറേറ്റീവ് ഫോം കറക്ടാവാത്തതുകൊണ്ടുമാകാം. നമ്മൾ മാസ്റ്റേഴ്സ് ഒന്നുമല്ലല്ലോ (ഒരു കള്ള ചിരി കൂടി അദ്ദേഹം പാസ്സാക്കി) Perfection comes along with the experience and experience alone. നറേറ്റീവിന്റെ ഗതിയിലൂടെ ഇത്തരം ഐഡന്റിറ്റി പൊളിറ്റിക്സിനെയും വർണ്ണ വിവേചനങ്ങളെയും മറികടക്കാനാകും എന്ന് ഞാൻ ചിന്തിക്കുന്നു.

ചോ:- ആഗോളവത്കരണത്തിന്റെ കാലത്ത് ഗ്ലോബൽ മാർക്കറ്റിന് ഒട്ടും തൃപ്തിയില്ലാത്ത, വളരെ പ്രാദേശികമായ ഇമേജുകളെ എങ്ങനെ അവതരിപ്പിക്കാം? 'ദ്വീപ്' പോലുള്ള സിനിമകൾ വഴി ഗിരീഷ് കാസറവള്ളി പോലുള്ളവർ അത്തരം ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അന്നയും റസൂലിലുമൊക്കെ ഇത് കാണാമല്ലോ.

ഉ:-കാസറവള്ളി വളരെ മെറ്റിക്കുലസ് ആയ, എപ്പോഴും ക്യാമറയ്ക്ക് പിന്നിൽ മാത്രം ഇരിക്കുന്ന ഫിലിംമേക്കറാണ്. നമ്മുടെ നാട്ടിൽ സിബി മലയിൽ വരെ വളരെ മെറ്റിക്കുലസ് ആയിരുന്നു. അവർക്ക് അവരുടെ വർക്കിനെക്കുറിച്ച് നല്ല ധാരണ ഉണ്ടായിരുന്നു. നമ്മുടെ ഗ്ലോബൽ മാർക്കറ്റ് ഹോളിവുഡിനെചുറ്റിപ്പറ്റിയാണ്. " സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കുക " എന്ന ലൈൻ തന്നെ. ഒരു ടെക്നീഷ്യൻ ആയാലും എന്തായാലും ബോംബെ മുതലങ്ങോട്ട് സായിപ്പാണ് എല്ലാം. അവൻ തെറ്റ് ചെയ്താലും ആരും ചോദിക്കില്ല.

വർഷങ്ങളായിട്ടുള്ള ഇംപീരിയൽ ഭരണത്തിന്റെ ബാക്കിയായ അടിമത്വസ്വഭാവം ഇപ്പോഴും കാണാം. ആദ്യം ചോദിച്ച സന്തോഷവാനാണോ? എന്ന ചോദ്യത്തിനോട് ചേർത്ത് പറയാം, സ്റ്റുഡൻസിന്റെ ഭാഗത്തുനിന്നാണ് ഇപ്പോൾ ഏറ്റവും അധികം റെസിസ്റ്റൻസ് വരുന്നത്. 20 വർഷത്തിനിടയ്ക്ക് ഇപ്പോഴാണ് ഇത്തരം ഒരു ചലനം JNU,HCU എന്നീ ക്യാംപസുകളിൽ നിന്നൊക്കെയായി ഉണ്ടാവുന്നത്, Till now, there has been an apolitical nullness. സ്ത്രീകളുടെ മുന്നേറ്റമാണ് ഏറ്റവും അതിശയിപ്പിക്കുന്നത്. മെയിൽ ഷവനിസ്റ്റുകളിൽ എം -മെയിൽ ഷവനിസ്റ്റ് ഉണ്ടെന്ന് പറയും, മല്ലു-മെയിൽ ഷവനിസ്റ്റ്. അവരിൽ നിന്നെല്ലാം ബന്ധങ്ങൾ പൊട്ടിച്ചെറിഞ്ഞതാണ് ഇന്നിന്റെ സ്ത്രീ സഞ്ചരിക്കുന്നത്.

ചോ:-സിനിമയിലെ സംഗീതം ?

ഉ:- സിനിമയിലെ സ്ഥലവും സമയവും ഭാഷയുമായി ബന്ധപ്പെട്ട് സംഗീതത്തെ ഉപയോഗിക്കാനാണ് എനിക്ക് ഇഷ്ടം. പാട്ട് ഉപയോഗിക്കാൻ ഇഷ്ടമാണ്. പക്ഷേ ആദ്യം പാട്ട് റെക്കോർഡ് ചെയ്തിട്ട് ഷൂട്ട് ചെയ്യാൻ എനിക്കിഷ്ടമല്ല. ഷൂട്ട് ചെയ്തശേഷം ആ ഇമേജിന് ആപ്റ്റ് ആകുന്ന പോലെ പാട്ട് ചെയ്യിക്കാറാണ് പതിവ്. ' പുഴുപുലികൾ ' മാത്രമായിരുന്നു ഒരാവശ്യം എന്ന നിലയ്ക്ക് ആദ്യമേ റെക്കോർഡ് ചെയ്തത്.

ചോ:-അനുരാഗ് കശ്യപെന്ന ടരാന്റിനോ ഫാനും, ടരാന്റിനോ ലോക ഫ്രോഡാണെന്ന് രാജീവ് രവിയും- എങ്ങനെ ഒത്തുപോകുന്നു ?

ഉ:- അവൻ ഒരു സംവിധായകനാണ്. ഞാനൊരു ക്യാമറാമാനാണ്. ഞങ്ങൾ തമ്മിൽ നല്ലൊരു ആത്മബന്ധമുണ്ട്. അതുകൊണ്ട് തന്നെ അവൻ കൺസീവ് ചെയ്യാനാഗ്രഹിക്കുന്നത് എനിക്ക് പെട്ടെന്ന് മനസ്സിലാകും.അങ്ങനെ ഞങ്ങൾക്ക് നല്ലൊരു കെമിസ്ട്രി വർക്കൗട്ട് ചെയ്യാനാകും. എന്നു കരുതി അവന്റെ എല്ലാ താത്പര്യങ്ങളോടും എല്ലാ രാഷ്ട്രീയത്തോടും എനിക്ക് യോജിപ്പുണ്ടാവണം എന്നില്ലല്ലോ?...

ചോ:-90 കൾക്ക് ശേഷമുള്ള, അഭിനേതാക്കൾക്ക്/ നായകന് ചുറ്റും നിന്ന് കറങ്ങുന്ന സിനിമയും, സൂപ്പർസ്റ്റാർഡം എന്ന രീതിയും പ്രേക്ഷകന് വേണ്ട സിനിമ എന്ന ഫോർമുലയും; ഇത് ഒരു വലിയ പ്രശ്നമല്ലേ?

ഉ:-തീർച്ചയായും ഇതൊരു വലിയ പ്രശ്നം തന്നെയാണ്. ഒരു കാലത്ത് കഷണ്ടിത്തലയുള്ള ഗോപി നായകനും മോഹൻലാൽ-മമ്മൂട്ടിയൊക്കെ അതേ സിനിമയിൽ സൈഡ് റോളുമായുരുന്നു. അതിനുശേഷം സുന്ദരനായ നായകൻ സെൻട്രലായി അത് കച്ചവടമാണ്. കഴിഞ്ഞ 20 വർഷങ്ങൾക്കിടയിൽ ഏത് ബുദ്ധിജീവിസീരിയസ് ഫിലിം മേക്കർ ചെയ്ത ചിത്രത്തിനാണ് അർഹിക്കപ്പെട്ട ഒരു സ്പേസ് കിട്ടിയിട്ടുള്ളത്? ഇവരുടെയൊന്നും സിനിമകൾ ഗ്രാസ് റൂട്ടിലേക്കെത്തുന്നില്ല. എത്താൻ സമ്മതിക്കുന്നില്ല. സിനിമ കമ്യൂണിക്കേഷനുള്ള ഒരു മീഡിയമാണ് അതിന് സാധിക്കാത്തത്/ അനുവദിക്കാത്തത് പൊളിറ്റിക്കലി റോങാണ്. കുത്തക പ്രൊഡക്ഷൻ കമ്പനികളായ Fox ,disney, sony എല്ലാം ഇവിടെയുണ്ട് മലയാളത്തിലും തമിഴിലുമൊന്നും ഇവർക്ക് കടന്നു കയറാൻ സാധിക്കാത്തത് ഇവിടെയെല്ലാം ഓൾഡ് സ്കൂൾ മൂവ്മെന്റിന്റെ അവശിഷ്ടങ്ങൾ ഉള്ളതുകൊണ്ടാണ്. ബോളിവുഡ് അവരുടെ കൈയിലാണ്. ഇവിടെയൊന്നും ഗ്രാസ് റൂട്ട് സിനിമകളും ഉണ്ടാകുന്നുള്ളൂ.

ചോ:-ഈ വെല്ലുവിളികളെയെല്ലാം മറികടന്നുകൊണ്ട് തന്നെ സിനിമ ഇന്ന് ജനകീയമാകുന്നില്ലേ? സുദേവന്റെ

സിനിമകളും ലയേഴ്സ് ഡൈസുമെല്ലാം സ്പോട്ടിലുണ്ടാകുന്ന ആക്ഷനും റിയാക്ഷനുമെല്ലാം കോർത്തിണക്കി സിനിമയാക്കിയ വയാണ്. ഇവ ജനപ്രീതി നേടുന്നു. ഗ്രാസ് റൂട്ടിലെത്തുന്നു ഇല്ലേ?

---

ഉ:-അത് കൂടുതൽ അന്വേഷിക്കേണ്ടിയിരിക്കുന്നു. 'ഞാൻ സ്റ്റീവ് ലോപ്പസി'ന് അത് സാധിച്ചിട്ടില്ല. മൂന്നാം ദിവസം ചിത്രം തീയേറ്ററിൽ നിന്ന് മാറ്റി സാറ്റ്ലൈറ്റ് പോയിട്ടില്ല. ലയേഴ്സ് ഡൈസ് ആരെയും കാണിക്കാൻ സാധിച്ചിട്ടില്ല. സിസ്റ്റം അങ്ങനെയാണ്. അതിനെ നന്നായി കബളിപ്പിക്കാൻ പഠിച്ചാലേ കാര്യമുള്ളൂ.അല്ലെങ്കിൽ നമ്മുടെ സിനിമകൾ ആരെയും കാണിക്കാൻ സാധിക്കില്ല. പണ്ടു തൊട്ടേ കേട്ടത് സിസ്റ്റത്തിന്റെ അകത്ത് നിന്നാലേ സിസ്റ്റത്തെ തോൽപ്പിക്കാനാകൂ എന്നാണ്. പക്ഷേ പുറത്തു നിന്നിട്ടും ഉള്ളിൽ നിന്നിട്ടും ഒന്നും സാധിക്കുന്നില്ല. എന്നതാണ് വാസ്തവം. ഒരുപാട് തൊഴിലാളികൾ ഉള്ള ഒരു ഇൻഡസ്ട്രിയാണ് സിനിമ. ആൾട്ടർനേറ്റ് സിനിമ മാത്രം ഓടിച്ചാൽ ഇൻഡസ്ട്രി പൊളിയും. ആ ഒരു ഡിലമയാണ് ഇവിടെ നടക്കുന്നത്. കാശ്മീരിലെ പ്രശ്നങ്ങൾ ഇതുപോലെയാണ്. നമുക്കെന്തറിയാം അവിടെ എന്താണ് നടക്കുന്നതെന്ന്? ഒരു ഹിന്ദു മലയാളിയോട് ചോദിച്ചാൽ അവിടെയുള്ളവരെയെല്ലാം കൊന്നേക്കാൻ അവൻ പറയും. തീവ്രവാദികൾ എന്നത് അവിടെയുള്ള ഒരു ചെറുകൂട്ടമാണ്. സമാധാനമായി ജീവിക്കാൻ ആഗ്രഹിക്കുന്ന ഒരു വലിയ പക്ഷമുണ്ടവിടെ. അതിനെക്കുറിച്ചാരും ബോതേർഡല്ല. അതിനെക്കുറിച്ച് ബോതേർഡാകണം. അതാണ് ഗ്രാസ്റൂട്ട്. അവരെയും ഉൾപ്പെടുത്തുന്നതും അവരുൾപ്പെടെ കാണുന്നതുമാകണം സിനിമ.

---

ചോ:-സിസ്റ്റത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് ചോദിക്കാം, സിനിമയിലെ ജാതിയെക്കുറിച്ച് നമ്മൾ പറഞ്ഞു. ഇൻഡസ്ട്രിക്കുള്ളിലെ ജാതി - ഡോ. ബിജുവൊക്കെ അതിനെക്കുറിച്ച് ഏറെ സംസാരിച്ചിട്ടുണ്ട്. പക്ഷേ ലാൽ ജോസ് ഈയടുത്ത് പറയുകയുണ്ടായി മലയാള സിനിമയിൽ മാത്രമാണ് ജാതിയില്ലാത്തത് എന്ന്. താങ്കൾ എന്ത് പറയുന്നു ?

---

ഉ:- കലാഭവൻ മണിയെപ്പോലൊരു ആക്ടർ ഒരു പരിധിക്കപ്പുറം വളർന്നിട്ടുണ്ടോ? മണിയുടെ മരണം ഞാൻ രോഹിത് വെമുലയുടെ മരണവുമായി കണക്ട് ചെയ്യും. അതൊരു ദളിതന്റെ മരണമാണ്. അവൻ അമിത മദ്യപാനത്തിലേക്ക് പോയതും ഈയൊരു സിസ്റ്റത്തിനു മുന്നിൽ തോറ്റതിനാലാകണം. മലയാളം ഇൻഡസ്ട്രി എപ്പോഴും സവർണ ഹിന്ദുക്കളുടെ കൈയിലാണ്. അതിനെച്ചെറുക്കാൻ ഏത് സമുദായം ശ്രമിച്ചാലും അവന് പണികൊടുക്കും, അവനെ തകർക്കും.

---

ചോ:-അതിന്റെ തുടർച്ചയല്ലേ 'പുലയാടി' എന്ന വാക്കിന്റെ സെൻസറിങ് ?

---

ഉ:-ആണ്, പുലയൻ എന്ന വാക്ക് പറയരുതെന്ന് ഇപ്പോൾ പറയും , പണ്ട് അതൊരു തരം താഴ്ന്നതൽ പദമായിരുന്നു അ പേര് വിളിക്കുന്നത് ഒരു അന്തസ്സ് കുറവാണ്. പടം കണ്ടതിനുശേഷം സെൻസർ ബോർഡിലുള്ളവർ എന്നെ നോക്കിയതേയില്ല. May be it was their cultural shock

---

ചോ:-എല്ലാ രാജ്യത്തും ഫിലിം സർട്ടിഫിക്കേഷൻ ബോർഡുണ്ട്. നമ്മുടെ നാട്ടിൽ CBFC (Central Board for Film certification).പക്ഷേ അതിനെ 'സെൻസർ ബോർഡ്' എന്നാണ് നമ്മൾ വിളിക്കുന്നത് അതിൽ തന്നെ ഒരു പാകത ഇല്ലേ?

---

ഉ:- എമർജൻസി കാലത്ത് ഒരു സിനിമ തന്നെ (കിസ്സാ കുർസി കാ - 1977) കത്തിച്ചു കളഞ്ഞിട്ടുണ്ട്. അന്ന് സഞ്ജയ് ഗാന്ധിയുടെ നേതൃത്വത്തിൽ സെൻസറിങ് തന്നെ നടന്നിട്ടുണ്ട്. ഏറ്റവും എളുപ്പം ജോലി ആണ് നമ്മുടെ നാട്ടിൽ സെൻസറിങ്. കേരളത്തിൽ 'കമ്യൂണിസ്റ്റ് പാർട്ടി'യുടെ നല്ല കൈയുള്ളതുകൊണ്ട് ഇല്ലാത്ത, എന്നാൽ പുറത്തുപോയാൽ മനസ്സുതകർക്കുന്ന ഒന്നാണ് ദളിത് പീഢനം. അതിനെ പോർട്രേ ചെയ്യുന്നത് എന്നും സെൻസർ ചെയ്യപ്പെട്ടിട്ടുണ്ട്.(ഞങ്ങൾ സംഭാഷണത്തിനായി ഇരുന്ന സ്ഥലം കമ്മട്ടിപ്പാടമാണെന്ന് അദ്ദേഹം പറഞ്ഞു. ചുറ്റുമൊന്നു നോക്കി, എവിടെയൊക്കെയോ നിന്ന് ബാലൻചേട്ടനും ഗംഗനും അച്ചാച്ചനുമൊക്കെ ഞങ്ങളെ നോക്കുന്ന പോലെയൊരു തോന്നൽ)

---

ചോ:- 'കമ്മട്ടിപ്പാടത്തിന്റെ ചതുപ്പിലാണ് കൊച്ചി വളരുന്നത് '- ഇന്നത്തെ പുരോഗമനരീതികളെ പൂർണ്ണമായും അടച്ചുപറയുകയാണോ...

---

ഉ:- (ചോദ്യം മുഴുമിപ്പിക്കാൻ സമ്മതിക്കാതെ) ആണ്, അടച്ചുപറയുകയാണ്. ഇപ്പോൾ നടക്കുന്ന അജൻഡ റോങ്ങാണ്. അത് കേവലം കച്ചവടക്കാരെ മാത്രം കേന്ദ്രീകരിച്ച, ബയാസ്ഡ് അജൻഡയാണ്. സാധാരണക്കാരന് ഇതിൽ റോളേയില്ല. തമാശ എന്താന്നുവച്ചാൽ ഈ അജൻഡക്കൊരു ബദൽ പോലും സ്റ്റേറ്റിന്റെ കൈയിൽ ഇല്ല എന്നതാണ്. ഒരു നാച്ചുറൽ റിസോഴ്സിനെയും കുറിച്ച് ധാരണയില്ലാത്ത ,
ഒരു പ്ലാനിങ്ങുമില്ലാത്ത പൂർണ്ണമായും റോങ്ങായ അജൻഡ! കൊച്ചി ഒരു ചതുപ്പാണ്-ഫിസിക്കലി തന്നെ -കടവന്ത്ര കടവാണ്..... കതിക്കടവ് കടവാണ്. തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കത്തിന് ശേഷം അടിഞ്ഞുകൂടിയ കുറച്ച് മണ്ണാണ് ഇതെല്ലാം. ' GCDA ' എന്ന ആദ്യ 'റിയൽ എസ്റ്റേറ്റ് മാഫിയാ'യുടെ ബുദ്ധിയാണ് ഇതെല്ലാം-




"മലയാളം ഇൻഡസ്ട്രി എക്കാലവും സവർണ ഹിന്ദുക്കളുടെ കൈയിലാണ്. അതിനെച്ചെറുക്കാൻ ഏത് സമുദായം ശ്രമിച്ചാലും അവന് പണികൊടുക്കും, അവനെ തകർക്കും."



സ്ഥലം ഏറ്റെടുക്കുക, മറിച്ചുവിൽക്കുക... ഇതായിരുന്നു സ്ട്രാറ്റജി. ഭൂമിയുടെ കപ്പാസിറ്റി പോലും നോക്കാതെ എങ്ങനെയാണ് ഇത്രയും കെട്ടിടങ്ങൾ?

---

ചോ:-ചർച്ച ചെയ്യാനും തുറന്നു കാണിക്കാനും ഏറെയുള്ള ഒരു സമയത്ത് തന്നെയാണ് നരേന്ദ്രമോദി സർക്കാർ വരുന്നത് അതിനു ശേഷമുള്ള chaining of creativity, censoring of ideas, വിദ്യാർത്ഥി കൂട്ടായ്മകളുടെ സംഘടനരാഷ്ട്രീയത്തെ ഇല്ലാതാക്കുക എന്നീ തന്ത്രങ്ങൾ നടപ്പിലാക്കുന്നതും FTII മുതൽ കേരളവർമ്മ കോളേജ് വരെ നിന്നു കത്തുന്നതും. ഇതിനോടെല്ലാമുള്ള ഒരു സമീപനമെന്താണ് ?

---

ഉ-സ്റ്റീവ് ലോപസ് ചെയ്യുന്നത് അത്തരമൊരു റിബല്യസ് രാഷ്ട്രീയത്തോടുകൂടിയാണ്. ജെനറ്റിക്കലി കറപ്ഷൻ ഇൻഹെറിറ്റ് ചെയ്യപ്പെടുമ്പോൾ നിഷ്കളങ്കത അതിനെ ചെറുക്കാൻ ശ്രമിച്ചാൽ, അത് തല്ലി കെടുത്താൻ ആളുണ്ടാകും,അവിടെ റെസിസ്റ്റൻസ് വരും.അതാണ് ആ ചിത്രത്തിന്റെ ബേസിക് (രാഷ്ട്രീയം). സ്റ്റേറ്റിനെ, അധികാരവർഗ്ഗത്തെ ഇന്ന് ചോദ്യം (ക്രിട്ടിസൈസ് ) ചെയ്യാൻ സാധിക്കില്ല. ചെയ്താൽ അവനെ തുടച്ചു മാറ്റും. ഇവരൊരു സംഘടനയാണ്. ഇവർക്ക് ചവിട്ടി നിൽക്കാൻ തറ കിട്ടിക്കഴിഞ്ഞു. ഇനി ആവശ്യം ആശയപ്രചാരകരെയാണവർക്ക്. ബുദ്ധമതത്തെയും ജൈനമതത്തെയും തുടച്ചു നീക്കി അവർ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞു. ഇതിന്റെ എല്ലാം പിന്നിൽ കൃത്യമായ (ശക്തമായ) അജൻഡയുണ്ട്.Resistance is the only way.

---

ചോ:- ഈയൊരു സാഹചര്യത്തിൽ, ക്യാംപസ്സുകളിൽ മനപൂർവ്വമായി അരാഷ്ട്രീയത പടർത്തുമ്പോൾ വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കപ്പെടുമ്പോൾ വിദ്യാർത്ഥി രാഷ്ട്രീയത്തിന് (സംഘടനകൾക്ക്) ഈ റെസ്സിസ്റ്റൻസിൽ ഒരു വലിയ പങ്ക് വഹിക്കാനില്ലേ ?

---

ഉ-- തീർച്ചയായും ഉണ്ട്. ഇതിൽ ആകെയുള്ള ഒരു കുഴപ്പം -95 നുശേഷം രാഷ്ട്രീയം മുന്നോട്ട് പോയിട്ടില്ല (വേണ്ട രീതിയിൽ) എന്നതാണ്. വിദ്യാഭ്യാസത്തെക്കുറിച്ച് യാതൊരു തീരുമാനമെടുക്കാനും അവർക്ക് പലപ്പോഴുമാകുന്നില്ല. വെമുല, JNU ഇഷ്യൂസ് വന്നതിന് ശേഷമാണ് പിന്നെയുമൊരു ചലനമുണ്ടാകുന്നത്. മന്ത്രി സഖാവ് രവീന്ദ്രനാഥിലും സഖാവ് സുനിൽ കുമാറിലും നല്ല വിശ്വാസമുണ്ട്. സിസ്റ്റത്തെ ചെറുക്കാൻ ഇവർക്കായാൽ മതി. വിദ്യാർത്ഥികളാണ് ഇനി മുന്നോട്ട് വരേണ്ടത്. അവരെ രാഷ്ട്രീയ ബോധമുള്ളവരാക്കി സിസ്റ്റത്തെ ചെറുക്കാനും ചോദ്യം ചെയ്യാനും പ്രാപ്തരാക്കുക എന്ന കർമ്മം നിർവ്വഹിക്കേണ്ടത് വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ്. Especially ഇടത് -പുരോഗമനപ്രസ്ഥാനങ്ങൾ.

---

ചോ:-ആഗസ്റ്റ് 15-ന് നരേന്ദ്രമോദി പതാകയുയർത്തിയതിലും ശ്രദ്ധനേടിയത് ഗുജറാത്തിലെ ദളിത് പ്രക്ഷോഭമാണ്. ഈയൊരു മുന്നേറ്റത്തെക്കുറിച്ച് ?

---

ഉ:-അതൊരു വലിയ മുന്നേറ്റമാണ്- പടർന്നു പന്തലിക്കേണ്ടതാണ്. ഇനിയൊരു റെവല്യൂഷൻ വരേണ്ടത് ഇപ്പോഴും നിലനിൽക്കുന്ന കൊളോണിയൽ അവശിഷ്ടങ്ങളിൽ നിന്ന് രക്ഷപ്പെടലാണ്. വക്കീലന്മാരുടെ കറുത്ത കോട്ടു മുതൽ പാർലമെന്ററി സിസ്റ്റം വരെ - ഈസ്റ്റ് ഇന്ത്യ കമ്പനി ഒപ്പിയം കടത്താനുണ്ടാക്കിയ ഈ സിസ്റ്റത്തിൽ നിന്നൊരു മുക്തിയാണ് ഇനി വേണ്ടത്. അതാണ് ആദ്യം വരേണ്ട വിപ്ലവം. 'ഓപൺ വെയിൻസ് ഓഫ് ലാറ്റിൻ

അമേരിക്ക 'എന്ന് പറഞ്ഞ് എഡ്വാർഡോ ഗല്യാനോ എഴുതിയ ഒരു പുസ്തകമുണ്ട്. അതിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. എങ്ങനെ ഈ കൊളോണിയൽ ശക്തികൾ വന്നു എന്നും , അവർ എന്തെല്ലാം കണ്ണിൽ പൊടിയിടുന്ന പോളിസീസ് നടപ്പിലാക്കിയാണ് ആ നാടിനെ കാർന്നു തിന്നതെന്നും അതുതന്നെയാണ് ഇവിടെയുമുണ്ടായത്. വയലൻസിനെ അടിസ്ഥാനമാക്കിയ ഒരു വിപ്ലവത്തിനും സാധ്യതയില്ല എന്നതും ഇതിനോടൊപ്പം പറയേണ്ടതാണ്. കുത്തകകളുടെ കൈയിൽ നിന്ന് പണം ഒപ്പിച്ചു ഫാർസ് കാണിക്കുന്നവരെ, മാവോയിസ്റ്റുകളെപ്പോലെയുള്ളവരെ, നാം ഭയക്കണം. അവർക്ക് ഒരു വിപ്ലവവും/ മാറ്റവും ഉണ്ടാക്കാനാകില്ല.

ചോ:- ഒരു പേഴ്സണൽ ചോദ്യം ചോദിച്ചോട്ടേ ?.. ഇത്രയും നിലപാടുള്ള പലരും സിനിമ ചെയ്യുമ്പോൾ നിലപാടും രാഷ്ട്രീയവും മാറ്റി വച്ചാണ് വർക്ക് ചെയ്യാറ്. എന്നാൽ താങ്കൾ ഇവരിൽ നിന്ന് വ്യത്യസ്തനാണ്. ഈയൊരു രാജീവ് രവിയെ വളർത്തിയെടുക്കുന്നതിൽ മഹാരാജാസിനുള്ള പങ്ക് എത്രത്തോളമാണ് ?

ഉ:-അച്ഛൻ, ചേട്ടൻ, വായിച്ച പുസ്തകങ്ങൾ , മഹാരാജാസ്-ഇവരാണ് എന്നെ മോൾഡ് ചെയ്തത്. അച്ഛൻ പാർട്ടി മെമ്പർ ആയിരുന്നു. ചെറുപ്പം മുതലേ നമ്മളും ഈ ചെങ്കൊടിയുടെ പുറകെയാണ്.

മഹാരാജാസും എസ്.എഫ്.ഐയും ആണ് എന്നെ ഓർഗനൈസ്ഡ് ആക്കിയത്. ഒന്നുമില്ലായ്മയിൽ നിന്ന് ലോകം കെട്ടിപ്പടുത്താൻ അവർ എന്നെ പഠിപ്പിച്ചു . താഴെക്കിടയിലുള്ളവരെ കണ്ടുതുടങ്ങിയത് ഓരോ ദിവസവും മഹാരാജാസിന് ചുറ്റും വച്ചു പോന്ന 5-6 വലങ്ങളിലാണ്. രാഷ്ട്രീയവും പ്രത്യയശാസ്ത്രവും അറിവും പകർന്ന് തരാൻ ആ ക്യാംപസ്സിൽ ഒരുപാട് സഖാക്കളുണ്ടായിരുന്നു. അവരാണ് രാഷ്ട്രീയബോധവും സാമൂഹിക പ്രതിബദ്ധതയും എന്താണെന്ന് പഠിപ്പിച്ചത്. മഹാരാജാസ് പോലെ തന്നെ എന്നെ വളർത്തിയ ക്യാംപസ്സാണ് FTII . ഈ ക്യാംപസ്സുകൾക്കെല്ലാം തന്നെ 'ലെഫ്റ്റിസ്റ്റ്'-പ്രോഗ്രസ്സീവ് തിങ്കിങ് ഉണ്ട്. അതിനെതകർത്ത് റൈറ്റ് വിങ് തിങ്കിങ് കൊണ്ടുവരാൻ ശ്രമിക്കുകയാണിന്ന്. റെസിസ്റ്റൻസ്സും കസ്റ്റിനിങ്ങും പരിചയമില്ലാത്ത ഒരു തലമുറയെയുണ്ടാക്കാൻ ശ്രമിക്കുകയാണ്. അവർ ( "റൈറ്റിസ്റ്റുകൾ ").

ചോ:- Back to cinema, അനുരാഗ് കശ്യപനെയും രാജീവ് രവിയെയും പോലുള്ള പ്രോമിനന്റ് ഫിഗേഴ്സിന്റെ സിനിമകൾ സെൻസർ/ബാൻ ചെയ്യപ്പെടുമ്പോൾ അതിന് വാർത്താ പ്രാധാന്യം ഉണ്ടാകും. എന്നാൽ ഇതേ അവസ്ഥ വരുന്ന ചെറുകിട ഇൻഡിപെൻഡന്റ് ഫിലിം മേക്കേഴ്സ് നമ്മുടെ നാട്ടിലുണ്ട്. സിനിമാ ഭാഷയിൽ പറഞ്ഞാൽ "കോടമ്പാക്കത്തിന്റെ ചെപ്പാടുകൾക്കിടയിൽ മുങ്ങിപ്പോകുന്ന ജീവിതങ്ങൾ " ഇവർക്കായ് ഇൻഡസ്ട്രിയൽ ഉള്ളവർക്കോ സാധാരണക്കാർക്കോ എന്തെങ്കിലും ചെയ്യാനാകുമോ ?

ഉ:-ഒന്നും ചെയ്യാൻ പറ്റില്ല. എന്ത് ചെയ്യാനാണ്? ബ്യൂറോക്രാറ്റ്സാണ് ബോർഡിന്റെ തലയെയുണ്ടാക്കുന്നത്. ഇവിടെയും ജാതിയുണ്ട് - അപ്പർ കാസ്റ്റ് ഹിന്ദുക്കളായിരിക്കും തലയായി വരുന്നത്. ഇന്ന് ആ ജാതി ബേസിസ് എക്സ്ട്രീം ആണ്. സംഘികളാണ് വരുന്നത്. ഇവരുടെ പൊളിറ്റിക്കൽ അജൻഡയക്ക് എതിരെ വരുന്ന സിനിമകളിൽ ഇവർ കത്രിക വയ്ക്കും. മുഖ്യധാരയ്ക്ക് തന്നെ രക്ഷയില്ല,അപ്പോൾ പിന്നെ ഇൻഡിപെൻഡന്റ് ഫിലിം മേക്കേഴ്സിന്റെ അവസ്ഥ പറയണോ ?

ചോ:-പക്ഷേ നമുക്ക് വൈൻഡ് അപ്പ് ചെയ്യാം . അതിനു മുമ്പ്, ഈ ഫേസ്ബുക്ക് ബുദ്ധിജീവികളുടെ ഈയടുത്തായുള്ള വാദം, ഇറാനിയൻ, ഇറ്റാലിയൻ, ഗ്രീക്ക് പോലെ നമ്മുടെ ചുറ്റുപാടുകളും മനുഷ്യരും സമൂഹവുമായൊന്നും യാതൊരു ബന്ധവുമില്ലാത്ത ഭാഷകളിൽ മാത്രമാണ് " ഉദാത്ത "സിനിമകളുണ്ടാകുന്നതെന്നാണ്. പത്മരാജനും അരവിന്ദനും ഉൾപ്പെടെയുള്ളവർ കേവലം ഇമോഷണൽ മെലോഡ്രാമ മാത്രം സൃഷ്ടിച്ചവരാണ്. മലയാളത്തിൽ ഒന്നും ഒരു നല്ല സിനിമ പോലുമുണ്ടായിട്ടില്ല. എന്നും അവർ പറയുന്നു. അതിനോടുള്ള പ്രതികരണം എന്താണ് ?

ഉ:-ബുള്ളിഷിറ്റ്! കെ. ജി. ജോർജ്ജിന്റെ സിനിമകളോളം ഉദാത്തമായ സിനിമകൾ ഇന്റർനാഷണൽ ലെവലിൽ തന്നെ ഉണ്ടായിട്ടില്ല. . 'മറ്റൊരാൾ' , 'ഇരകൾ' , ' യവനിക',' പഞ്ചവടിപ്പാലം ' അങ്ങനെ എത്രയോ. ജനങ്ങളുടെയിടത്ത് നിന്ന് ജനങ്ങൾക്ക് നേരെ ചെയ്ത സിനിമകളാണ് അവയെല്ലാം തന്നെ. ഭരതന്റെ 'ഓർമ്മക്കായ്' 'ബ്രില്യന്റ് വർക്കാണ്. പിന്നെ എന്താണ് ഇവർ പറയുന്ന മെലോഡ്രാമ ഇന്ത്യൻ സിനിമയുടെ തലതൊട്ടപ്പൻ ഋത്വിക് ഘട്ടക്കിന്റെ 'മേഘ ധാക്ക താര' ഒരു മെലോഡ്രാമ ആണ്. അതിനെന്താ കുഴപ്പം ? പിന്നെ സിനിമയെ ക്രിട്ടിസൈസ് ചെയ്യാൻ പോന്ന് "പെർഫെക്ട്
ക്രിട്ടിക് " ഒന്നും ഇന്ത്യയിൽ ഇന്നില്ല. സിനിമയെ പുകഴ്ത്തിയും താഴ്ത്തിയും സ്റ്റാറിട്ടു കൊടുക്കുന്ന ക്രിട്ടിക്സ് വെറുതെയാണ്-They don't know what they are doing.

ചോ:- ഞങ്ങൾ വിദ്യാർത്ഥികളോട് രാജീവ് രവിക്ക് എന്താണ് പറയാനുള്ളത് ?

ഉ:- ചവിട്ടിയെറിയുക, മുന്നേറുക !






രോഹിത് വെമുല











മണ്ണിനെയറിയുക, മണ്ണിലേക്കിറങ്ങുക, സ്വയം പര്യാപ്തരാവുക.

---

ചോ:-അവസാനചോദ്യം എന്ന നിലയ്ക്ക് , നമ്മൾ മണ്ണിനെക്കുറിച്ച് സംസാരിച്ചു. മനുഷ്യനെക്കുറിച്ച് സംസാരിച്ചു, സിനിമ, രാഷ്ട്രീയം, സമൂഹം, മതം, ജെൻഡർ എല്ലാം നമ്മിലൂടെ വന്നു, വിപ്ലവവും. രാജീവ് രവി നീ കമ്മ്യൂണിസ്റ്റാണോ ?

---

ഉ:-അതെ ! നമ്മൾ ഈ സംസാരിച്ച എല്ലാത്തിലേക്കും ഇറങ്ങിച്ചെല്ലാനാഗ്രഹിക്കുന്ന, ആശയത്തിൽ വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റാണ് ഞാൻ.

തിരിച്ചിറങ്ങവേ ഞാൻ ചുറ്റുമൊന്ന് നോക്കി- ഇതാണ് പുതിയ കമ്മട്ടിപ്പാടം. പണ്ട് ഇവിടെയാണ് അച്ഛാച്ഛനും കൂട്ടരും തങ്ങളുടെ "സാമ്രാജ്യം" പടുത്തുയർത്തിയത്. താൻ കത്തി കുടിക്കുന്നതിനു മുമ്പ് ചങ്ങാതി കത്തി കുടിച്ചോ എന്ന് നോക്കി ഇരുന്നവർ . ഇന്നിത് പരസ്പരം പേരുകൾ പോലുമറിയാത്ത e- ജനറേഷന്റെ "തെരുവാണ്". അദ്ദേഹത്തിന്റെ വീടിന് എതിർവശം കമ്മട്ടിപ്പാടത്തിന്റെ അവസാന അവശിഷ്ടമെന്ന പോലെ ഒരു ചായക്കടയുണ്ട്.

"അപ്പോ ശരി, മാഗസിൻ ഇറങ്ങുമ്പം വിളിക്കണം, ഉഷാറാക്ക് ! "എന്ന് പറഞ്ഞ് രാജീവ് രവി ആ ചായക്കടയിലേക്ക് കയറി . തിരിച്ചുപോരുമ്പോഴാണ് ഒരു ബോധം ഞങ്ങൾക്ക് വീണ്ടുമുണ്ടായത്... ആരെയോ ഞങ്ങളിപ്പോ കണ്ടേ..... ആരോടോ സംസാരിച്ചോ.... ' സാക്ഷാൽ ശ്രീമാൻ രാജീവ് രവിയോട്.....! '

# ഒരൊറ്റ ചോദ്യം?

**To Anjali G, Student Editor of the highly hunted college magazine 'Widerstand' of Pondicherry University**

Q:- When considering the disposition of a magazine editor, how much distance do you think there is, from a magazine filled with mere nostalgic clichés to the words of resistance?

A:- The practical difficulty of being in a central university is that we are not getting a common platform to reach each and every students in the university.
So more than a dialogue a common medium will help to propagate the ideas we wanted to convey. Magazines are essentials in any school/college or university. Since our country was going through an unproclaimed emergency situation, it was necessary to talk about how the resistance evolve from the masses, let it be students, the minorities and the women.
Rather than focusing on cliché poems or articles, we thought of talking about the politics of resistance.
As unproclaimed emergency I meant anything which is written against the government will be interrogated and banned. What's happening in JNU,HCU and FTII will happen to us someday. If we let it happen again and again, the power structure of the elite class will continue to subjugate the voices of the minority.
Also by bringing the social questions into a college magazine will help the students to have debate and discussion within their peer group, classmates etc. Political mobilization and participation in Pondicherry university is very less when compared to other central universities. Therefore, it was an attempt from the council to make people aware about the harsh realities of saffronization,sanskritisation etc.
As an editor, what i had in my mind is that letters are essential for restructuring the existing anarchy.





# ലോകത്തിന്റെ പുരോഗതി

ഷിലാന നസ്നി
ബി.എസ്.സി. ഫിസിക്സ്

ഭീകരതയുടെ കൊടും ക്രൂരതയ്ക്കിരയായ് ജീവൻ വെടിയേണ്ടി വന്ന കുട്ടികളെയോർത്ത് കേഴുകയാണ് ലോകം. പാക്കിസ്ഥാനിൽ സ്കൂളിന് നേരെ നടന്ന ഭീകരാക്രമണത്തെ തുടർന്ന് ലോകമനസ്സാക്ഷി ഒരേ സ്വരത്തിൽ ഹൃദയ വിലാപത്തോടെ ചോദിക്കുന്നു, ആ കുട്ടികൾ എന്തു പിഴച്ചു?

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ശബ്ദമുയർത്തി യതിന്റെ പേരിൽ മലാല യൂസഫ്സായ് എന്ന ബാലികയെ വധിക്കാൻ ശ്രമിച്ചതിലൂടെ തന്നെ പാക്കിസ്ഥാനിലെ തെഹ്‌രീകെ താലിബാൻ ഭീകരർ പൈശാചികതയ്ക്ക് പുതിയ മാനങ്ങൾ തീർത്തു കഴിഞ്ഞിരുന്നു. സമാധാനത്തിനുള്ള നോബേൽ പുരസ്ക്കാരം മലാല ഏറ്റുവാങ്ങി ഏതാനും നാളുകൾ കഴിയേണ്ട താമസം അവർ തങ്ങളുടെ കൊടും ക്രൂരത പുറത്തു കാണിച്ചിരിക്കുകയാണ്. ഇത്തവണ പെഷവാറിലെ ആർമി സ്കൂളാണ് അവർ ചോരപ്പുഴ ഒഴുക്കാൻ തിരഞ്ഞെടുത്തത്. അങ്ങനെ അവർ ലോകത്തെ ഏറ്റവും കൊടിയ ഭീകരരുടെ പട്ടികയിൽ സ്വയം ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പെഷവാർ ആക്രമണം ബെസ്ലാൻ കൂട്ടക്കൊലയുടെ പത്താം വർഷത്തിലാണ് എന്നത് ആകസ്മികത മാത്രം.

ഭാവിയുടെ വിളക്കാവേണ്ട കുഞ്ഞുമനസ്സുകളെ വൈരാഗ്യത്തിന്റെ അനന്തരഫലമായി നിറയൊഴിക്കുമ്പോൾ ഒരു നിമിഷം പോലും കൈ വിറക്കാതിരുന്ന ഭീകരതയെ എന്തുപേരിട്ടാണ് നാം വിളിക്കേണ്ടത്. തെഹ്‌രീകെ താലിബാൻ എന്ന കൊടുംഭീകര സംഘടന പാക്കിസ്ഥാന്റെ തന്നെ ഉൽപ്പന്നമാണ്. രാജ്യത്തിന്റെ സ്വാർത്ഥതാത്പര്യങ്ങൾക്കുവേണ്ടി രൂപീകരിച്ച സംഘടന രാജ്യത്തിന് തന്നെ വിനയായി മാറി. അവരുടെ മേൽ ഈ അടുത്തകാലം മുതൽ നടത്തിവരുന്ന സൈനിക നടപടിയുടെ അനന്തര ഫലമാണ് സ്കൂൾ ആക്രമണം. എന്തിന്റെ പേരിലായാലും സ്കൂൾ കുട്ടികളുടെ മേൽ നടത്തിയ ആക്രമണം അല്പം അല്ല, വലിയൊരു ദ്രോഹമാണ്. പൊലിഞ്ഞു വീണ ഇരുനൂറോളം കുരുന്നുകളുടെ മാതാപിതാക്കളുടെ കണ്ണീരൊപ്പാൻ, അവർയ്ക്കു പകരം കൊടുക്കാൻ ഒരു സംഘടനയ്ക്കുമാവില്ല. കൊലയും വഞ്ചനയും നടത്താൻ വലിയ എളുപ്പമാണ്. എന്നാൽ പൊലിയുന്ന ജീവനുകൾക്ക് പകരം വയ്ക്കാൻ ഒരിക്കലും സാധ്യമല്ല. ഇന്ത്യയിലും അഫ്ഗാനിസ്ഥാനിലും ഉപയോഗിക്കാനായി ഭീകരതയെ പാലൂട്ടി വളർത്തിയതിന്റെ ഫലമാണ് പാക്കിസ്ഥാൻ അനുഭവിക്കുന്നത്. എന്ത് വിലകൊടുത്തും അതിനെ ഉന്മൂലനം ചെയ്താൽ അല്ലാതെ ആ രാജ്യത്തിന് മുന്നോട്ട് പോകാനാവില്ല.

എന്നിട്ടും ഒരു ചോദ്യം ബാക്കി....പുരോഗതിയുടെ ഫലമാണോ ഈ ആക്രമങ്ങളും കൂട്ടക്കൊലകളും?
പൊലിഞ്ഞു വീണ ഓരോ കൊച്ചുപൂക്കൾക്ക് മുന്നിലും ഒരായിരം അശ്രുപൂക്കൾ സമർപ്പിക്കുന്നു.


ചരിത്രം
വിപ്ലവം
സമത്വം
സാഹിത്യം
സ്വാതന്ത്ര്യം
രാഷ്ട്രീയം
മാനവികത
യു.സി
say no to
autonomy
save uc

"ജയ് ബോലോ ജയ് വിളിച്ചവരുടെ വായ മൂടിക്കെട്ടി വിട്ടു- നീലപതാകയ്ക്ക് കീഴിൽ നിന്നവരുടെ കവിളിൽ ശൂലം കുത്തി വിട്ടു - സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സോഷ്യലിസത്തിനും അകമ്പടി നിന്നവരുടെ കഴുത്തറുത്തു. പിന്നെ, ശുഭ്രപ്പി പുരോഗമനവാദികളെ കുഴിച്ചിട്ടു. പക്ഷെ അവരിൽ നിന്ന് പൊടിഞ്ഞ ഓരോ തുള്ളി ചോരയും കൂടി ചേർന്നൊരു കടലായി ആർത്തിരമ്പിയതാണ് ചരിത്രം".

# സ്വയംഭരണ വിരുദ്ധസമരം : ഒരു യൂസിയൻ ഡയറി

Aravind Krishnan. R
(B.Sc Mathematics)

Kannan .K
(BA Economics)




JNC,HCU,FTII,Roorkee IIT, EFLUഎന്നീ സെൻട്രൽ യൂണിവേഴ്സിറ്റികൾ പ്രത്യക്ഷമായ മുന്നേറ്റങ്ങളാൽ ചരിത്രം കുറിക്കവേ, യുസിയും തങ്ങളുടെ കൈയ്യൊപ്പ് ചരിത്രത്താളുകളിൽ കൊത്തിവച്ചു. സർ. സി പിക്കെതിരെ മുഷ്ടിയുയർത്തിയ, ഇലക്ഷൻ നിരോധിച്ചപ്പോൾ ജനാധിപത്യത്തിനായ് തൊണ്ട കീറിയ, മഹാരഥന്മാർ തങ്ങളുടെ ഗാഥകൾക്ക് തുടക്കമിട്ട യുസി ,വിപ്ലവത്തിന്റെ മണ്ണാണെന്ന് മറന്നവർക്കായി, ഒരു ഓർമ്മപ്പെടുത്തൽ.......

വിദ്യാർത്ഥി രാഷ്ട്രീയ സമരങ്ങളേക്കാൾ UC കോളേജിനെ പ്രസിദ്ധമാക്കുന്നത് ബഹുജനസംയുക്തസമരങ്ങളാണ്. യുസിയുടെ ചരിത്രത്തിൽ അവയ്ക്ക് വിലമതിക്കാനാവാത്ത ഒരു സ്ഥാനമുണ്ട്. ഈ ചരിത്രത്തിൽ നിന്നും ഊർജ്ജമുൾക്കൊണ്ട് കൂടിയായിരുന്നു, 2016 ഫെബ്രുവരി 25,26 ദിവസങ്ങളിൽ യുസികോളേജിലെ വിദ്യാർത്ഥി സമൂഹം ഒറ്റക്കെട്ടായി "സ്വയംഭരണ വിരുദ്ധ സമരം" നടത്തിയത്.

2013 -ൽ കേരള സർക്കാർ, വിദ്യാഭ്യാസ രംഗത്തെ ഉദാരവൽക്കരണത്തിന്റെ ഭാഗമായി കോളേജുകൾക്ക് സ്വയംഭരണ പദവി നൽകാൻ ഉത്തരവിറക്കിയിരുന്നു. അന്നു മുതൽ കേരളത്തിലെ ഇടതുപക്ഷസംഘടനകൾ ഇതിനെതിരെ രംഗത്ത് വന്നെങ്കിലും പലയിടത്തും സമരക്കാർക്കിടയിലെ സ്ഥാപിത താൽപ്പര്യക്കാർ ഇതിനെ അട്ടിമറിച്ചു. തത്ഫലമായി 2014 -15 വർഷങ്ങളിൽ 13 സ്വയംഭരണ കോളേജുകൾ അനുവദിക്കപ്പെട്ടു. ഈ കാലയളവിൽ യുസികോളേജും അപേക്ഷ സമർപ്പിച്ചുവെങ്കിലും ഫലമുണ്ടായില്ല.

2015 -ൽ കോളേജ് സ്വയംഭരണത്തിന് അപേക്ഷിച്ചപ്പോൾ മുതൽ ഇതിനെതിരെ പ്രതിഷേധങ്ങൾ ആരംഭിച്ചുവെങ്കിലും ,അവയിൽ പലതും അസംഘടിതവും അതിനാൽ തന്നെ പരാജയവുമായിരുന്നു. ഇവക്കൊന്നും തന്നെ വിദ്യാർത്ഥികളെ സ്വയംഭരണം കൊണ്ടുവരാൻ പോകുന്ന പ്രശ്നങ്ങളെപ്പറ്റി ബോധവത്ക്കരിക്കാൻ കഴിഞ്ഞില്ല എന്നതും ഒരു സത്യമാണ്. തുടർന്ന് കോളേജിലെ എല്ലാ വിദ്യാർത്ഥി പ്രസ്ഥാനങ്ങളും ഒന്നിച്ച് നയിച്ച 'സംയുക്ത സമരസമിതി' ഒരളവോളം മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിജയിച്ചു. എന്നാൽ 'ആരംഭ ശൂരത്വം' അവിടെയും പ്രകടമായതോടെ അതും കാലക്രമേണ ശോഷിക്കുകയായിരുന്നു. ചില‍ർ വ്യക്തിപരവും രാഷ്ട്രീയപരവുമായുള്ള മുതലെടുപ്പിന് സംയുക്തസമരസമിതിയെ ആശ്രയിച്ചതോടെ, പ്രതിഷേധങ്ങളുടെ കാറ്റിനും നഷ്ടപ്പെട്ടു.

2016 ഡിസംബറിൽ UGC സംഘം കോളേജ് സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ വന്നപ്പോൾ കോളേജിന്റെ എല്ലാ പ്രവേശനകവാടങ്ങളും പൂട്ടിയാണ് വിദ്യാർത്ഥികൾ അവരെ തടഞ്ഞത്. വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ ഓരോരുത്തരും അവരവരുടെ കൊടിക്കീഴിലാണ് അണിനിരന്നതെങ്കിലും അദ്ധ്യാപകരുടെയും വലിയൊരു പിന്തുണ ആ സമരത്തിന് ഉണ്ടായി. കോളേജിൽ എത്തിയ വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും ക്ലാസ്സുകൾ ബഹിഷ്കരിച്ച് സമരത്തിൽ പങ്ക് ചേർന്നപ്പോൾ, ആദ്യദിനം തന്നെ സന്ദർശനമുപേക്ഷിച്ച് UGC സംഘം തിരിച്ചുപോയി. സ്വയംഭരണമനുവദിക്കപ്പെട്ട മറ്റു ക്യാംപസ്സുകളിൽ ഒന്നിൽപോലും അവർക്ക്

സന്ദർശനമുപേക്ഷിക്കേണ്ടിവന്നിട്ടില്ല എന്ന വസ്തുത നില നിൽക്കെ ഇതും യുസിയുടെ ചരിത്രത്തിലെ പൊൻതൂവലായി.

എന്നാൽ സമരമുഖങ്ങൾ തുറന്നുകൊടുക്കുകമാത്രമാണ് ആ സമരം നടത്തിയത്. സംഘടിതരായ വിദ്യാർത്ഥികളെ ഒരു ക്കുന്നതിനായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പ്രത്യേക അനുമതി വാങ്ങിയാണ് UGC സംഘം പിന്നീട് കോളേജി ലെത്തിയത്. കോളേജിലെ എല്ലാ സംഘടനാഭാരവാഹികൾക്കും കോടതി നോട്ടീസയച്ചു. UGC സംഘത്തെ ഒരു കാരണവശാലും തടയരുതെന്നും, തടഞ്ഞുവെന്നാൽ അത് കോടതിയലക്ഷ്യമായി കണ്ട് ജ്യാമമില്ലാ വകുപ്പ് ചുമത്തും എന്നായിരുന്നു നോട്ടീസ്.

ഫെബ്രുവരി 25 ന് കോളേജിലെത്തുന്ന സംഘത്തെ തടയുന്നതി നേക്കാൾ അവരെ വിദ്യാർത്ഥി സമൂഹത്തിന്റെ പ്രതിഷേധമറിയി ക്കുകയാണ് വേണ്ടതെന്ന നിലപാടിലാണ് വിദ്യാർത്ഥികൾ മുന്നേ റിയത്. ഒരു കക്ഷി രാഷ്ട്രീയവുമില്ലാതെ വിദ്യാർത്ഥികൾ ഒരുമിച്ച തോടെ സമരത്തിന് ആവേശമുയർന്നു. രാവിലെ കോളേജിലെ ത്തിയ ഓരോ വിദ്യാർത്ഥിയും സമരത്തിലേക്ക് നടന്നുകയറി, മുദ്രാവാക്യങ്ങൾ ഏറ്റു വിളിച്ചു. സമരം ശക്തിപ്പെട്ടതോടെ പോലീ സുകാർ ഇടപെട്ടു. സമരത്തിന്റെ മുൻനിരയിൽ നിന്ന് കോളേജ് ചെയർമാൻ സ: അഫ്രിൻ. ടി. എ ഉൾപ്പെടെ 6 പേരെ പോലീസ് അറസ്റ്റു ചെയ്തു. ഇതോടെ വിദ്യാർത്ഥികളുടെ പ്രതിഷേധം പോലീസിനു നേരെ പടർന്നു.സമരത്തിന്റെ മുൻനിരയിൽ നിന്ന 30- ഓളം പേരെ പോലീസ് അറസ്റ്റു ചെയ്തു. മുൻനിരയിലുള്ള വർ പോയാൽ തകരുന്നതാണ് യുസിയിലെ വിദ്യാർത്ഥി ഐക്യ മെന്നു കരുതിയവരെ സ്തബ്ധരാക്കികൊണ്ട് വിദ്യാർത്ഥികൾ വീണ്ടും വീണ്ടും ശക്തിയാർജ്ജിച്ചു. അറസ്റ്റു ചെയ്യപ്പെട്ടവർ പോലീസ് വാനിലും പോലീസ് സ്റ്റേഷനിലും പ്രതിഷേധങ്ങൾക്ക് കുറവ് വരുത്തിയില്ല. പോലീസ് വാനിൽ സൂക്ഷിച്ചിരുന്ന തിളപ്പി ച്ചാറിയ വെള്ളത്തിന്റെ മാത്രം ഊർജ്ജത്തിലവർ ഉണർന്നിരുന്നു. പോലീസിനെതിരെയും യുജിസിക്കെതിരെയും മാനേജ്മെന്റിനെ തിരെയും ശക്തമായവർ മുദ്രാവാക്യം വിളിച്ചു. ലോക്കപ്പ് അനു ഭവം പലർക്കും ആദ്യമായതിനാൽ ഒരുല്ലാസവേള പോലെ അവർ അതാഘോഷിച്ചു. പോലീസ് സ്റ്റേഷൻ ചുവരുകൾ പോലും അവർ 'SAY NO TO AUTONOMY ' കൊണ്ട് അലങ്കരിച്ചു.

ഇതേ സമയം കോളേജിൽ സമരത്തിന് ശക്തി പകർന്നത് ഓരോ വിദ്യാർത്ഥികളും സ്വയമേ ആയിരുന്നു. UGC സംഘത്തെ "കൂവി" തോൽപ്പിക്കാനും അവർക്ക് കഴിഞ്ഞു. സംഘം സന്ദർശിച്ച ഓരോ സ്ഥലങ്ങളിലും പുറകേ നടന്ന് പ്രതിഷേധമറിയിക്കാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു.

അന്ന് വൈകീട്ട് നടന്ന സംഘത്തിന്റെ വിദ്യാർത്ഥികളുമായുള്ള ചർച്ചയിൽ, വിദ്യാർത്ഥികൾ ഒറ്റക്കെട്ടായി തങ്ങളുടെ പ്രതിഷേധം അറിയിച്ചു. ഒരാൾപോലും സ്വയംഭരണം വേണമെന്ന് ആവശ്യപ്പെടാത്ത സാഹചര്യത്തിൽ ഈ ഉദ്യമത്തിൽ നിന്നും പുറകോട്ട് പോകണം എന്നും ആവശ്യമുയർന്നു.

സമരത്തിന്റെ 2-ാം ദിനം ഹോസ്റ്റൽ സന്ദർശനത്തിനായി എത്തിയ സംഘത്തെ വിദ്യാർത്ഥികൾ ഹോസ്റ്റലുകളിൽ എത്തി പ്രതിഷേധം അറിയിച്ചു. വിദ്യാർത്ഥികളെ ഭയന്ന് പു റകുവാതിലിൽ കൂടി ഹോസ്റ്റൽ വിട്ട UGC സംഘം ഗ്രൗണ്ടുകളുടേയും മറ്റു സൗകര്യങ്ങളുടേയും സന്ദർശനം ഒരു കാർ യാത്രയിൽ ഒതുക്കി. ബോയ്സ് ഹോസ്റ്റലായ 'ചാക്കോസ് 'ഒരുക്കിയ "ഗംഭീര സ്വീകരണം " സന്ദർശിക്കുവാൻ മുതിർന്നതുമില്ല. 2 ദിവസത്തെ സന്ദർശനപ്രഹസനം അവസാനിപ്പിച്ച് UGC സംഘം മടങ്ങിയപ്പോഴും വിദ്യാർത്ഥികൾക്കിടയിൽ പേടിയുണ്ടായിരുന്നു, തങ്ങളുടെ പരിശ്രമങ്ങൾ ഫലം കാണുമോ എന്ന്. എന്നാൽ UGC സംഘത്തിന്റെ റിപ്പോർട്ട് പ്രകാരം പുതിയ 9 കോളേജുകൾക്ക് സ്വയംഭരണം ലഭിച്ചപ്പോൾ അതിൽ യു.സി. കോളേജ് ഇല്ല എന്ന വാർത്ത ഏറെ സന്തോഷത്തോടെയാണ് യു.സി സ്വീകരിച്ചത്.

2016 മെയ് മാസത്തിൽ അധികാരമേറ്റ പുതിയ വിദ്യാഭ്യാസമന്ത്രി സ: സി. രവീന്ദ്രനാഥ് അടുത്ത 5 വർഷത്തേക്ക് സ്വയംഭരണ കോളേജുകൾ അനുവദിക്കാൻ താത്പര്യപ്പെടുന്നില്ല. എന്ന് വാക്കാൽ പറഞ്ഞ് വച്ചതോടെ 'സ്വയംഭരണ' ഭയത്തിന് തത്ക്കാലം വിട.

പക്ഷേ ഇനിയും സ്വയംഭരണമെന്ന നീക്കവുമായി കോളേജിന്റെ പടികടന്ന് വരാനാഗ്രഹിക്കുന്ന മാനേജ്മെന്റിനോടും യു.ജി.സി കമ്മീഷനോടും ഒരേയൊരു. "നിയമപ്രകാരമുള്ള മുന്നറിയിപ്പ് ";

"ഇന്ത്യയിൽ ഇപ്പോൾ അഞ്ഞൂറിൽപ്പരം സ്വയംഭരണ കോളേജുകൾ,
കേരളത്തിൽ ഇരുപതിന് മുകളിൽ സ്വയംഭരണ കോളേജുകൾ,
ഇവിടെയൊരിടത്തുപോലും ഒരു ക്യാമ്പസ്സിന്റെയാകെ കാഹളമായി
'SAY NO TO AUTONOMY ' മാറിയിട്ടില്ല - യു.സി കോളേജിൽ ഒഴികെ .
ഇനിയും വരും മുമ്പ് ഈ പേര് ഓർക്കുക -യു.സി കോളേജ്, ആലുവ !
നന്ദി !"

SAY NO TO AUTONOMY

# എന്റെ കവിത

അഖിൽ രാജ്
എം.എ. മലയാളം

ഞാൻ ഒരു
കവിതയെഴുതി
ഇരുളിലെ കവിത
പക്ഷേ
കവിത ഇരുളിലോ
ഇരുൾ കവിതയിലോ
എന്നതിനും
യുക്തിക്കതീതം
ചില നേരങ്ങളിൽ
ഇരുൾ മുറിയും
പക്ഷേ കരയുന്നതോ
എന്റെ കവിതയും
കവിത കരയുമ്പോൾ
ഇരുൾ ഓരിയിടും
ഞാനെഴുതുമ്പോൾ
നീ പൊട്ടിച്ചിരിക്കും
ഇരുളു കത്തുന്ന കാലം
എന്റെ കവിത കൊടുങ്കാറ്റാകും
ഞാനും നീയും ശൂന്യതയിലും
മതമതുമരിച്ചു വീഴും
നിറമതു മങ്ങി നിൽക്കും
പ്രളയത്തിലെ ചോരക്കൊരേ
നിറം വന്നു ചേരും
തൂങ്ങി മരിച്ച
കോലങ്ങളതു
കൂക്കി വിളിക്കും
നിന്റെ ന്യായാധിപൻ
എനിക്കു വിധിക്കും
ജാതി ഭ്രഷ്ടിന്റെ തടവറ

പക്ഷേ ഈ കവിതയുടെ
മറപറ്റി ഞാൻ തീർത്ത ജനത
നിന്നെ തൂക്കിലേറ്റും
ജാതിക്കു കാവലാളുന്ന
ദുർഭേദക നിൻ
നെറുകയിലൊരു ശരമായ്
ഭവിക്കുമിന്നു
ഞാനുമീ കവിതയും



Sketch by Andre Breton

# തനിയെ ....

ആദിത്യൻ ബാലകൃഷ്ണൻ
ബി.എ. സാമ്പത്തികം

പിൻ നിലാവിന്റെ അരണ്ട വെട്ടത്തിലേക്ക്
ഇറങ്ങി പോയവൾക്ക്..

കുരുന്നിലും ചെമ്പകം
പൂത്തപോൽ നീയെത്ര
കനിവാർന്നു കനവിൽ
നിന്നിരുന്നു.
കരിമുകിൽ കരയുമ്പോൾ
നിന്നെക്കുറിച്ചെത്ര
നിനവുകളെന്നിൽ
പെയ്തിരുന്നു.

പൂർവ്വദിങ് മുഖരാശി-
കുങ്കുമം തൊട്ടപ്പോൾ
ശുഭമനോഹരി നീ വന്നു.
നിന്നധരത്തിൽ മധുരം നുകരും
വാർമഴവില്ലായി ഞാനുണർന്നു.

മൂവന്തിമുക്കുറ്റി അരച്ചെടുത്തെന്നും
നിൻ നീർമിഴിപ്പീലിയിൽ
തൊട്ടിരുന്നു.
ദേവമനോഹരീ നമുക്കൊത്തു ചേരുവാൻ
കാലം കനിവാർന്നു നിന്നിരുന്നു.
എന്നിട്ടുമെന്തിനീ കർക്കിടകരാത്രിയിൽ
കവിതേ, നീയെന്നെ തനിച്ചാക്കി



Photography of Robert Doisneau

# രണ്ടാം വരവ്

Karthik P.S,
Alumnus
(1979 batch)



വർഷങ്ങളുടെ ഇടവേളയ്ക്ക് ശേഷമാണയാൾ ആ കലാലയമുറ്റത്തെത്തുന്നത്. ആ തുരുമ്പിച്ച ഗേറ്റ് കടന്ന് അകത്തെത്തിയപ്പോൾ വാകപ്പൂക്കളെ കടന്നുവരുന്ന ആ പഴയകാറ്റ് അയാളെ തഴുകി കടന്നുപോയി. എന്റെ കലാലയത്തിന്റെ ഛായതന്നെ മാറിയിരിക്കുന്നന്നു. അയാൾ സ്വയം പറഞ്ഞു.

പാർക്കിംഗ് ഏരിയ ഇപ്പോഴും അതതുപോലെതന്നെ. ന്യൂജനറേഷൻ വാഹനങ്ങളുടെ ഇടയിൽ തലയെടുപ്പോടെ നിൽക്കുന്ന മഞ്ഞനിറമുള്ള രാജ്ദൂത് ബൈക്കിൽ അയാളുടെ കണ്ണുടക്കി. കാലം തന്നെ പിന്നോട്ടുവലിക്കുന്ന പോലെ അയാൾക്കനുഭവപ്പെട്ടു. അവിടെനിന്നും മുന്നോട്ടുനടക്കാൻ ഭാവിക്കവെ, ഒരു ബെൻസ് കാർ ചീറിപ്പാഞ്ഞ് അയാളെ കടന്നുപോയി. കലാലയ മുറ്റത്തേക്കുള്ള ഓരോ പടികൾ കയറവേ തന്നിലേക്ക് യുവത്വം സന്നിവേശിക്കുന്നതായി അയാൾക്ക് തോന്നി. തനിക്ക് പരിചതമായ ശബ്ദങ്ങൾ ചുറ്റും വന്ന് നിറയുന്നതായി അയാൾക്കനുഭവപ്പെട്ടു. കമ്യൂണിസ്റ്റ് കാലഘട്ടത്തിന്റെയും ആന്റികൊളോണിയലിസത്തിന്റെയും നടുവിൽ കിടന്നുഴലുന്ന കോൽക്കട്ടയിലെ ഒരു പത്രത്തിന്റെ ശീതീകരിച്ച മുറിയിലിരുന്ന് അനുഭവിച്ച സമ്മർദ്ദങ്ങൾക്കിടയിലും മറക്കാത്ത ശബ്ദങ്ങൾ.

'എടാ പ്രകാശാ, നീ ഇത് കണ്ടോ?'
ജോസഫിന്റെ വിളിയാണത്.
'ഇതൊന്നും ചോദിക്കാൻ ആരുമില്ലാന്നാ ഇവന്മാരുടെയൊക്കെ വിചാരം.
നമ്മുടെ രമേശനെ അവന്മാര് സസ്പെൻഡ് ചെയ്തെടാ.'
പ്രകാശന്റെ നേതൃത്വത്തിൽ സവർണ്ണമേധാവിത്വത്തിനെതിരെ ഒരു പ്രതിഷേധ ജാഥ നടത്തിയിരുന്നു. അതിനെ അഭിസംബോധന ചെയ്ത് സംസാരിച്ചതിനാണ് രമേശനെ ഇല്ലാക്കാരണങ്ങൾ പറഞ്ഞ് സസ്പെൻഡ് ചെയ്തിരിക്കുന്നത്.

ഇതിന് മറുപടിയെന്നോണം പ്രകാശന്റെ നേത്രത്വത്തിൽ വിദ്യാർത്ഥികൾ പഠിപ്പുമുടക്കി സമരമാരംഭിച്ചു. താൻ വിശ്വസിക്കുന്ന പ്രത്യയശാസ്ത്രത്തെയും തന്റെ സുഹൃത്തുക്കളെയും എന്നും ചേർത്തുപിടിക്കുന്നയാളാണ് പ്രകാശൻ. കലുഷിതമായ കലാലയ ജീവിതത്തിലെ ഇടനാഴികളിൽ പുകഞ്ഞുകത്തുന്ന പ്രധിഷേധങ്ങൾക്കിടയിലും പ്രകാശനെ ശ്രദ്ധിക്കുന്ന രണ്ട് കണ്ണുകൾ കൂടിയുണ്ടായിരുന്നു. അഭിരാമി അയ്യർ.

മാർക്സിസവും ലെനിനിസവും വിട്ട് ആമിക്ക് വേണ്ടി സമയം കണ്ടെത്താൻ പ്രകാശന് ഒരിക്കലും കഴിഞ്ഞിരുന്നില്ല. സമത്വത്തിന് വേണ്ടിയുള്ള അയാളുടെ പോരാട്ടങ്ങൾ ചോരചിന്തുമ്പോൾ ആമി ഒരുപാട് ദുഃഖിച്ചിരുന്നെങ്കിലും അവനിലെ നന്മ അവളിൽ ആരാധനവളർത്തിയിരുന്നു.

ആമിക്ക് പ്രകാശനോടുള്ള നിശബ്ദ പ്രണയം വീട്ടുകാർ അറിഞ്ഞത് അയാളുടെ ലേഖനങ്ങളും ലഘുലേഖകളും നിധിപോലെ അവൾ സൂക്ഷിച്ചിരിക്കുന്നത് കണ്ടപ്പോഴാണ്. ഈ സംഭവം കോളേജ് മാനേജ്മെന്റ് ബോർഡുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ആമിയുടെ അച്ഛൻ മണിശങ്കർ അയ്യർക്ക് പ്രകാശനോടുള്ള വ്യക്തി വിരോധത്തിന് വഴിയൊരുക്കി.

ഇന്ന് പഠിപ്പുമുടക്കി സമരം 11ാം ദിവസം. മാനേജ്മെന്റുമായി ഒത്തുതീർപ്പാവാതെ വിദ്യാർത്ഥികളിന്ന് റോഡ് ഉപരോധിക്കുകയാണ്. മുൻനിരയിൽ നിന്ന് പ്രകാശൻ തന്നെയാണ് സമരം നയിക്കുന്നത്. വിദ്യാർത്ഥികളുടെ സമരം മുറുകവെ അതുവഴി കടന്നുപോവുകയായിരുന്ന ഹൈക്കോടതി ജഡ്ജിയുടെ കാർ ഒരു കൂട്ടമാളുകൾ തടയുകയും എവിടെ നിന്നോ ഒരു പെട്രോൾബോംബ് അതിനിടയിൽ വീണ് പൊട്ടുകയുമുണ്ടായി. ജഡ്ജിക്ക് സാരമായി പരിക്കേറ്റു. ഏതാനും വിദ്യാർത്ഥികൾക്കും പരിക്കേറ്റു.

അന്ന് വൈകിട്ട് കോളേജ് ഹോസ്റ്റലിന് മുന്നിൽ 2 പോലീസ് ജീപ്പ് വന്നുനിന്നു. ജീപ്പിൽ നിന്നും സബ്ബ് ഇൻസ്പെക്ടർ ദേവൻ ഇറങ്ങി. ജോസഫ് കിതച്ചുകൊണ്ട് റൂമിലേക്കോടി, 'പ്രകാശാ, നിന്നെ അന്വേഷിച്ച് SI ദേവൻ വന്നിരിക്കുന്നു. എടാ, ആ അയ്യരുടെ അനന്തിരവൻ.'
ഇപ്പോൾ പ്രകാശൻ പോലീസ് കസ്റ്റഡിയിലാണ്. ചോദ്യം ചെയ്യൽ ഏതോ അജ്ഞാതകേന്ദ്രത്തിൽ വച്ചും. ഒരാഴ്ച്ചക്കാലം പ്രകാശനെക്കുറിച്ച് ആർക്കും ഒരറിവുമുണ്ടായിരുന്നില്ല. പക്ഷെ അതിനുശേഷമുള്ള ദിവസത്തെ പത്രവാർത്ത എവർക്കുമൊരാശ്വാസമായിരുന്നു, 'പ്രകാശനെകോടതി കുറ്റവിമുക്തനാക്കി'. പക്ഷെ പ്രകാശൻ ശ്രദ്ധിച്ചത് ആ പത്രത്തിലെ മറ്റൊരു വാർത്തയായിരുന്നു.
'Abhirami Iyyer weds Sub-Inspector Devan'. പ്രകാശന്റെ നെഞ്ചിലെവിടെയോ ഒരു പിടച്ചിൽ അനുഭവപ്പെട്ടു. അയാൾ തന്നോടുതന്നെ ചോദിച്ചു, 'എന്തിനായിരിക്കും അന്ന് ദുർബലമായ തെളിവുകൾ കോടതിയിൽ ഹാജരാക്കി എന്നെ കുറ്റവിമുക്തനാക്കിയത്?'

ചിന്താമഗ്നനായി തന്റെ നരച്ച താടി തടവിനിന്ന പ്രകാശനെഇലഞ്ഞിപ്പൂക്കളെ തഴുകി വന്ന കാറ്റാണ് ഉണർത്തിയത്.

പ്രകാശൻ നിക്കുന്നതിനെതിർവശം അഡ്മിനിസ്ട്രേഷൻ ബ്ലോക്കിൽ ഒരു വാതിൽ തുറന്നടയുകയും, ആ റൂമിൽ നിന്നിറങ്ങിയ ഒരു സ്ത്രീ നേരത്തെ അയാളെ കടന്നുപോയ ബെൻസ് കാറിൽ കയറുന്നതും ഒരു മിന്നായം

പോലെ അയാൾ കണ്ടു. ആ രൂപത്തിന് തന്റെ കലാലയ ജീവിതത്തിൽ തൂണുകൾക്ക് മറവിലും ലൈബ്രറിയിലെ ഷെൽഫുകൾക്കിടയിലും കാണാറുണ്ടായിരുന്ന ഒരു രൂപവുമായി സാദൃശ്യം തോന്നി.

അയാൾ മെല്ലെ തലയുയർത്തി ആ റൂമിനന് മുകളിലെ ബോർഡ് വായിച്ചു. 'Abhirami Iyyer, Student's Dean'






# അനാഥ ഫ്രെയിം



ഒരു ഗ്രീഷ്മകാലമാകെ തുണയായി നിന്ന നിന്നോട്, ഒരിക്കലെങ്കിലും, 'വരും വർഷകാലത്തിനും കൂട്ടിരിക്കുമോ?' എന്ന് ചോദിക്കണമെന്ന് ഒരുപാട് ആഗ്രഹിച്ചതാണ്. പക്ഷേ, ഇനിയത് സാധിക്കില്ലല്ലോ.. എങ്കിലും ഒന്നുറപ്പ് തരാം, ആ മഴ ഞാൻ കൊള്ളുന്നത് നിന്റെ സ്പർശനം ഒരിക്കൽക്കൂടി അറിയാനാകും.. അയാളുടെ ശൂന്യത കടലായി മാറുന്നത് കണ്ടുനിക്കാൻ നിനക്ക് ഭയമാണെന്ന് പറഞ്ഞപ്പോൾ ഞാൻ മറുപടി തന്നത് ഇങ്ങനെയായിരുന്നല്ലോ..

'ശൂന്യത കടലായ് മാറുമെന്ന് നീ, നിന്റെ കടലിനെ
എന്റെ ആകാശം ചുംബിക്കുമെന്ന് ഞാൻ'

എന്നെങ്കിലുമൊരുനാൾ പറയണമെന്നാഗ്രഹിച്ചതല്ല.. എന്നെങ്കിലുമൊരുനാൾ പറയുമോയെന്നറിയുകയുമില്ല.. പക്ഷേ, അറിയുന്നൊരുനാൾ വന്നാൽ ഇതുകൂടി കുറിച്ചോളൂ.. ആർക്കും, മറ്റൊന്നിനും... മുമ്പോ, ശേഷമോ സാധിക്കില്ലിത്രയും സ്നേഹിക്കാൻ.. പറയാനുള്ളതൊന്നുമാത്രം മാപ്പ്

'വീണ്ടും കാണുക എന്നൊന്നുണ്ടാവില്ല..നീ മരിച്ചതായി ഞാനും,
ഞാൻ മരിച്ചതായി നീയും കണക്കാക്കുക. ചുംബിച്ച ചുണ്ടുകൾക്ക് വിടതരിക'.

എങ്കിലും..

രണ്ടു വർഷങ്ങൾക്ക് ഞങ്ങളെ ഇത്രമേൽ മാറ്റിത്തീർക്കാനാവും എന്ന് കരുതിയില്ല –
നീ എന്റെ തുടർച്ച മാത്രമായിപ്പോയല്ലോ ചങ്ങാതീ... ഒരു വാക്ക് പോലും പറയാനാവാത്ത നഷ്ടബോധത്തിൽ നമ്മൾ തോറ്റ് പോയവരാണ്.. പക്ഷെ ജയിച്ചവരുടെതല്ല, തോറ്റു കൊടുത്തവരുടേതാണ് ചരിത്രം...
എങ്കിലും ഒരു വാക്ക് പോലും പറയാൻ നമുക്കായില്ല...പോവരുതെന്ന്..
എല്ലാ പോരാട്ടങ്ങളുടെയും ഒടുവിൽ സായാഹ്നങ്ങൾ കടൽത്തീരങ്ങളിൽ ചിലവഴിക്കുമ്പോൾ കൂടെയുണ്ടാവണമെന്നോ... ടീ ടേബിൾ കോൺഫറൻസുകളിൽ ഫാസിസത്തിന്റെ അവസ്ഥാന്തരങ്ങളെക്കുറിച്ചു ചർച്ച ചെയ്യാൻ കൂടെയുണ്ടാവണമെന്നോ... ഒടുവിൽ സ്നേഹിച്ചു സ്നേഹിച്ചു മരിച്ചു പോവാമെന്നോ..
ഇല്ല.. നമ്മൾ പറഞ്ഞില്ല.. പറയുന്നുമില്ല..

നമുക്കിനി അവരോട് ഒറ്റ വാക്കേ പറയാനുണ്ടാവൂ...നന്ദി..
ജീവിക്കാൻ പഠിപ്പിച്ചതിന് !

# TO SPEAK ON GENDERED' ISLAMOPHOBIA AND HOW I (WE) CHOSE 'NOT TO'

Simi Salim
BA English



And since personal is political and what 'is' political is The personal, we (I) have ultimately mustered the courage to speak upon the Hijabi discourse. Thanks to those jingoistic secularists- who constantly pestered/lectured me and many of us on our 'wrong' choice ("And, You ultimately had an alliance with the misogynistic creed! Now stop reading Beauvoir, Woolf and Millet, Oh! You are caught...!")-and of the worst the (pseudo) paternal patriarchs and guardians of Islamic 'morality' ("Now you have 'accepted it', we would/should be your 'guardian' angels")

Until fifteen, I had no idea of what hijab re-presented - partly because of the 'excessive' spirit of liberal values amidst which I grew up and of course, due to the schooling which normalized and internalized within me a 'non-hijabic' culture (Yes! I had that boundless zest for being a 'new woman'). We never wore hijab/wanted to- as being the 'disciplined/carefully bred new woman.' Every talk on hijab amongst friend circles ended in ellipses and non-adherence to Islamic veil was an unwritten norm of the school. Similiar 'secular' acts of progress and liberation was witnessed in neighboring schools and we grew up as Pinafore claded, half sleeved 'liberated/white/European*' women within braided hairs and 'bred' discipline. The grim underbellies of this 'engendering' often lurked into me - often through my political science text books, in tits and bits within our 'female spaces' but was often left at disturbing 'silences'.

Cut**

And thus it ended, for the first time ever in the history of school we were ultimately granted permission to wear Hijab (Yeah, it was a 'permission').And all of a sudden I had my braided plates inside my veil, I felt a 'misfit' among friends and even was commented upon by a teacher that our veils disturbed the 'uniformity' of the class and that the 'scenic beauty' of the class was lost with three-four students 'wearing a cloth over the head'. Yes, I felt guilty, guilty for an (unconscious) political act!

Cut**

No, no hijab in college. I needed those (Left) liberal spaces. I was in it. Comfortable, cosy

content. With many like me - the 'autonomous' bunch of muslim women.

Cut**

And yes, there were ruptures in those 'well kept' spaces when I deliberately choose 'to'. There was mockery - "It is her usual madness", they say.

((You and I are never freed from orthodoxy - from corrupt priesthood who sets our 'marrieagable age', deny us our entry to the mosques(our very right!), institutionalize dowry and legitimate 'all men' political parties. And, most importantly, we are not liberated from the menacles of fanatic 'secular gazes' who desperately wants us to get liberated and earmarks us as a shy, submissive hijabi. We, under the double binds tinted with gendered Islamophobia. And thanks to the progressive conscious which have constructed the dichotomy of 'Good muslim/Bad muslim' with the 'good' being the 'all white' figure, the moderate, the un-hijabi and for me the 'tamed' disciple of elite Savarna etiquette.

And what makes 'us' the repugnant lot? We decolonize your all white-feminism. We denounce your secular spaces which deny us an agency and view as miserable 'caught-in' beings. We celebrate our Otherness in hijab (And we know how Said was disappointed with Beauvoir).We mock at your 'over romanticization' over our abaya and spit at your scale which measures us as a product in matrimonial market. And this is gender violence!!))






Sketch by Anurag

ഞാനും നീയും ഭയന്നിരുന്നത് വേർപിരിയലിനെയായിരുന്നു. സർവ്വവും അറ്റുപോയി, ചവിട്ടിനിൽക്കുന്ന മണ്ണുപോലും ഒലിച്ചിറങ്ങിപ്പോകുന്നയാ നിമിഷത്തെ. മണൽപ്പരപ്പുകളിൽ വച്ചുള്ള വേർപിരിയലിനെ...



# മരുഭൂമികളെ ഞാൻ ഭയക്കുന്നു.

ഷമില ഷാജി
എം.എസ്.സി. ഫിസിക്സ്

അനന്തമായ ആകാശത്തിനും
മണൽപ്പരപ്പിനുമിടയിൽ
അലയുന്ന സഞ്ചാരികൾ;
നാം...
മിന്നിത്തിളങ്ങുന്ന
നക്ഷത്രങ്ങളെ നോക്കി
കണ്ണിറുക്കി
നീങ്ങുന്നവർ...
അവയോരോന്നും
മറ്റൊരു
ചൂണ്ടുപലകയാണോ?
എങ്ങോട്ടൊക്കെയോ
പോകാവുന്ന
വഴികാട്ടികൾ?
കത്തുന്ന
പച്ചമരത്തെയെന്നപോൽ
ചിലപ്പോൾ
ഈ മണൽപ്പുറങ്ങളെയും
എനിക്ക്
ഭയമാണ്
അവ
എന്നെയും നിന്നെയും എന്നപോൽ
മറ്റെന്തൊക്കെയോ
ഗോപനം ചെയ്യുന്നുണ്ടാവാം...
എന്റെ രാത്രികൾ
വിശുദ്ധങ്ങളാണ്;
നിന്നെപ്പോൽ...
എന്നിട്ടും;
മണൽക്കാടുകൾ
മൂളിത്തുടങ്ങുമ്പോൾ
ഞാൻ
കണ്ണുകൾ ഇറുക്കിയടക്കുന്നു.
ഈന്തപ്പനകളുടെ
നെടുങ്കൻ നിഴലുകൾക്കു കീഴെ
ശ്വാസം കിട്ടാതെ
പിടയുന്നു.
ഒടുവിൽ;
ഇരുളിനപ്പുറം
മരുഭൂമികൾ
പൂത്തു തുടങ്ങുന്നത്
സ്വപ്നം കണ്ടുകൊണ്ട്
ഞാൻ
ഉറക്കത്തിലേക്ക്
വഴുതിവീഴുന്നു.

ഞാൻ മഴയായി പെയ്ത
നാൾ, മാഞ്ഞ് നിന്ന് നീ
എന്നെ മോഹിച്ചിരുന്നു
ഞാൻ മഴവില്ലായ് വിരിഞ്ഞ
നാൾ, മഴയത്ത് നിന്ന് നീ
എന്നെ പ്രണയിച്ചിരുന്നു
മഴ മടങ്ങിയാ വഴികളിൽ
നിന്റെ മൊഴികൾ കടമെടുത്തൊരു
മൗനം എന്നോട് മാത്രമായ് മിണ്ടിയത്
ഞാൻ കേട്ടില്ലെന്നു നടിച്ചു.
എങ്കിലും നിന്റെയാ നെറ്റിത്തട-
ത്തിലെ ചാലിച്ച ചന്ദനമാകാൻ
ഞാൻ കൊതിച്ചിരുന്നു
മെല്ലെ ഒളിച്ചു ഞാൻ നോക്കിയതു
നീയറിയാതെയെന്നു ധരിച്ചു ഞാൻ
നീങ്ങവേ, മന്ദഹസിച്ചു നീ
നിസ്സ്നേഹമായ്..
അന്നു നീയെഴുതിയൊരു മാമ്പൂവിൻ
മണമുള്ള കാവ്യമാണിന്നുമെൻ ശ്വാസ-
ത്തിനീണവും തുടിപ്പും
എന്റെ സ്വരങ്ങളും നിന്റെ
ഭാവങ്ങളുമൊന്നിച്ചീയുലക-
മൊരു കളിയരങ്ങായ് മാറി-
യതേത് രാവിലായിരുന്നു?
ഒരു നാളുമൊരു വഞ്ചനയ-
ല്ലെന്റെയുള്ളിൽ ഞാനൊരു-
ക്കിവച്ചോരെന്റെ ഒഴുക്കു-
നിലച്ചൊരു പ്രണയമാണ്
ജന്മമർപ്പിച്ചു ഞാനിതു വരെ
തൊഴുതു നിന്നതെന്നമതൻ
വാത്സല്യ വിഗ്രഹത്തിലായിരുന്നതു
നിനക്കറിവുള്ളതല്ലേ?

നിന്നെ മറക്കുന്ന നിമിഷം
എന്റെ മൗനം പോലും മരവിച്ചിരിക്കും
എന്റെ രക്തം ധൂളികളായ് നിന്നെ-
ക്കുറിച്ചുള്ള ഓർമ്മകളിൽ തിരഞ്ഞ്
നിരർത്ഥമാകും
ആർക്കു ഞാൻ പകുത്തു നൽ-
കുമെന്നെയെന്നറിയില്ലെനിക്ക്
അതിലും നല്ലതൊരു
മധുരമാം മരണമല്ലേ...?



# ഒരൊറ്റ ചോദ്യം?

റഫീക് ഇബ്രാഹിം
യുവ എഴുത്തുകാരൻ

ചോ: അരാഷ്ട്രീയ ഗ്യാങ്ങുകളുടെ കാലത്ത് ഇതൊക്കെ എന്ത് രാഷ്ട്രീയം, ഞങ്ങളുടെ കാലത്തായിരുന്നു രാഷ്ട്രീയം എന്ന പഴയ തലമുറയുടെ വാചോപചാപങ്ങൾക്കിടയിൽ, സെമസ്റ്റർ വീർപ്പുമുട്ടലുകൾക്കിടയിൽ ക്യാമ്പസ്സുകളിൽ വിദ്യാർത്ഥികൾ ഉണ്ടാക്കുന്ന രാഷ്ട്രീയ പ്രതിരോധങ്ങളെ എങ്ങനെനോക്കി കാണുന്നു?

ഉ. ചോദ്യത്തിൽ തന്നെ വാസ്തവത്തിൽ ഈ സന്ദിഗ്ധാവസ്ഥയുടെ വിശദീകരണമുണ്ട്. നിയോലിബറൽ മൂലധന പ്രവർത്തനങ്ങൾ വിദ്യാഭ്യാസത്തെ അതിന്റെ സ്വാഭാവികതയിൽ നിന്നു മാറ്റി ഒരു സ്കിൽ ട്രയിനിംഗാക്കുന്നുണ്ട്. നിശ്ചയമായും അത് നമ്മുടെ ഉന്നതവിദ്യാഭ്യാസത്തെയും മാറ്റുന്നുണ്ട്. പഴയ അർത്ഥത്തിലുള്ള രാഷ്ട്രീയ പ്രവർത്തനം ഇനി സാധ്യമല്ല. അതിനാൽ തന്നെ ഗൃഹാതുരതകൾക്ക് ഒരു വായനാ മൂല്യം എന്നതിനപ്പുറത്ത് വിലകൊടുക്കേണ്ട കാര്യമില്ല. ഇന്ത്യൻ സർവ്വകലാശാലകളിൽ കഴിഞ്ഞ വർഷങ്ങളിലായി നടന്നുവരുന്ന പ്രതിരോധങ്ങളെ വളരെ പോസിറ്റീവായി തന്നെ കാണുന്നു. എന്നതിനർത്ഥം നമ്മുടെ കാലം ആവശ്യപ്പെടുന്ന തീക്ഷ്ണമായ പ്രതിരോധങ്ങൾ വിദ്യാർത്ഥി പക്ഷത്ത് നിന്ന് ഉയർന്നുവരുന്നുണ്ട് എന്നുമല്ല. ഒരുപാട് അപര്യാപ്തതകൾ അതിനുണ്ട്. ചോദ്യത്തിൽ സൂചിപ്പിച്ച അപൊളിറ്റിക്കൽ സെൻസ് ഒരു സ്വാഭാവിക പ്രതിഭാസമായി മനസ്സിലാക്കുന്നത് കൊണ്ട് കൂടിയാവാം അത്. പഴയ ഭൂതങ്ങളെ വിട്ടുകളഞ്ഞ് കാലത്തിനോട് സംവദിക്കാൻ പര്യാപ്തമായ രാഷ്ട്രീയ പ്രക്രിയ നാം ഉയർത്തിക്കൊണ്ട് വരേണ്ടതുണ്ട് എന്നതാണ് എന്റെ പക്ഷം.



THE APOLITICAL ART OF ALEX GARDNER

# കേമറ

Afrin. T. A
Bcom

കാഴ്ചകൾ പകർത്താൻ
വർണ്ണങ്ങൾ കളഞ്ഞു പോകാതിരിക്കാൻ
നിങ്ങൾ കണ്ടെത്തിയത്
അപ്പോളൊരു സംശയം കാണാണ്ടായവരെ
പകർത്താനാവുമോ.....?
നജീബിനെ.....?
ആത്മഹത്യ ചെയ്തവരെ ?
അനന്തരം കുഴിച്ചുമൂടിയവരെ ?
രോഹിത് വെമുലയെ....?
എത്ര തൊട്ടുനോക്കിയാലും
ജീവനുണ്ടോയെന്നു തിരിച്ചറിയാത്തവരെ ?
പെരുമാൾ മുരുകനെ.....?
പകർത്താനാവില്ലെങ്കിൽ
തർക്കുത്തരം മാത്രം പറയാറുണ്ടായിരുന്ന
മൂന്നാം ക്ലാസ്സിലെ കൂട്ടുകാരൻ
നാസർ പറയാറുള്ളത് പോലെ
ഭൂമീന്റെ അറ്റത്തേക്ക് വലിച്ചെറിഞ്ഞേക്കൂ.....



Eldho Roy
B.Sc E&CM

I still remember that day;
the day I was shattered;
the day i was torn;
the day you were gone.

I still get the feeling, once a while,
that you are right around us,
you are sitting in the class, near the window,
smiling as I pass by.

I still get the feeling that you are standing
near the *verumaram* like you always used to,
along with your friends, humming along, with the
songs of nandu; just like others.

I still get the feeling, that you are just behind
*Thala*
while he walks towards us calling *daaaa*...
Still can't believe it that almost an year
has passed by without you.

It's hard, it's sad, it's devastating,
it's impossible, but true.
Are you hearing us brother?
If you are, then just know the fact that
You are too much loved.
You are too much remembered
And that we all miss you....



# TO YOU... നാം

# TODAY



Pooja E R
BA English

It's been months since I have felt sleepy like this. I am too sleepy today. Maybe it's the fire of satisfaction and peace slowly trying to put out by itself.

Yes, this is the day that I've been waiting to arrive for the past three-and-a-half-years. I've been doing nothing, but wait. From that very moment that I came to know that the man who destroyed my sleep was still alive. Today I finally did it; correcting all the mistakes that I accidently (out of lack of knowledge) did the last time. This time it was perfect. Perfect like the hitchcockian way. Like Vertigo, like Psycho, like Rear Window, like Notorious --- it was too much of perfection. Did the level of perfection went too much? Oh crap! Who cares? I could do it.

Three years ago, on a March afternoon was the last time that I tried to do "the payback". I went to him; his house. He was shocked to see me.

"I have been thinking of nothing, but you ever since that day. I couldn't resist the fact that I had fallen in love with you ever since that day. I don't know how. I don't even think that it's normal. Sane. But it's true. I have fallen in love with you ever since you touched me. Maybe an attempt of rape for others; but for me it's nothing but making love; for the sake of the pretentious society let's put it as a fetish love-making. Either way, I want you. I want you to do that to me again. I want to be with you."

I thought he would understand my intention; but no. After all, he is 'just another man that lusts after the 55-kg-female body'.

He took me in his hands and kissed me hard. He kissed and kissed and kissed. The feeling of revenge burned in my body and got more intensive as each moment passed. He took me in his hand, but never stopped kissing – took me into his bed. I was there again. He stripped himself while humming a shit song. He came near me and unhooked my dress. While he reached out for them I took out the blade that I had kept safe in my pocket and thrashed it into his eyes. It happened in just a second or two. He couldn't do anything. The next moment I took out a rope that I had hid in my jacket and tied it around his neck, firm it was. Too firm. Or that was what I'd thought. It was too nice to see him writhe in pain. At first he writhed too hard, tried to reach out for me. But I had it all in my mind and kept the right distance from him. He slowed down after a minute or two and then stopped. I untied the rope and kicked him to see if he was still alive; he did not move. That! Right there! That was where I had gone wrong. I should have checked clearly, carefully.

But hail that moment that I felt not to do that. That's why I got the luck to kill him twice. 3 weeks before, while I was going on with my incognito life, I got to know that he was not dead. Yes! He is still alive. That's when I lost my sleep. But tonight I can sleep; calm, peaceful, glorious.

I went back for him. This time I had no plan. Ah! Who needs a plan with someone who's almost completely paralysed?!

I went to his 'new house'. He was alone. He had no one, just like I'd expected, just like always.

"You here to kill me?"

"Oh! You see right through me"

With all due respect to 'forest dwellers' and also to people on the fringes of what we call as the 'forest areas', who actually face tiger/leopard/cheetah threats, there is something cleverly crass in keeping on pitting man against beast, in the hunt-predator image. Perhaps one can, for a moment, look at another story - the wolfish story of 'Little Red Riding Hood.' A thumb-nail summation: A young girl loitering in the woods [she is taking supplies from her mother to her granny who lives near/in the forest], a talk with a wolf, the wolf's cunning scheme, wolf impersonating the granny whom it has gobbled, the scheme falling apart, Riding Hood's scream, the Hunter-Woodcutter to the rescue, the splitting of the wolf and the saving of the granny and her granddaughter. At first glance the Hunter-Woodcutter appears as the Hero of the story. And we close the story happily ever after. But is it simply so simple?

Let us look again. When does a carnivore prefer human meat? Either when it is old or injured or in a position where it cannot outrun and overthrow its prey or when its habitat is eroded, a scenario where it is impossible for it to find food/prey given that the food chain is damaged. This is most valid in the case of 'man-eating cheetahs and tigers' that stealthily come into human habitats and wreck havoc – a point that will be taken up very soon. For sure! The wolf that stalks Riding Hood also can be seen in this wake. Its habitat is wrecked. The forest and the possible prey have dwindled; hence the wolf's ploy. Let us remember that

> " *The Bibical story of 'Daniel and the Lion' also rings a bell here. And ofcourse, the bond between St Jerome, the Patron Saint of Translators, and the lion that he calms and befriends!*

the huntsman is also a woodcutter. Yes, woodcutter. And when the forest disappears and when its target-prey vanishes, the wolf has to 'plan for a rainy day.' If so, who is responsible for the coerced moves of the wolf? Who is the 'villain' of the story? By way of analogy, for a while let us think of why the crew of Puli-Murugan had to go all the way to shoot in the forests of Cambodia? What happened to the forests in Kerala?! And yet, it is the wolf-cheetah-tiger-beast-carnivore that is marked in advance as the villain. Well, well...

In classical Greece, the endings of comedies had a stock ritual: the comedian would ask the audience whether they enjoyed the show and then proclaim as follows: "Change the names of the characters and the story is about you." In a similar vein, let us change Wolf into Cheetah and talk about Man-eating Cheetahs; keeping in mind the (Post) Colonial-Indian context, we might as well say that we are entering the enchanting world of the renowned Jim Corbett - the colonial hunter par excellence. He still has a Reserve-area Park commemorating his name in India – the legacy of the hunt has to be preserved, as an inspiration to all neo-hunters who wolfishly grin at prospective subaltern prey. In a curious sense, the character of Murugan in Puli-Murugan is the latter-day avatar of Corbett: he hunts and he sets right the problems of poor folk, even as he takes on anti-social human predators – rather, villain-pulikal!

Deep down, governance is more often than not conceived in terms of the hunt image, and the ethos of the gun-wielding White Sahib still resonates. To take a cue from Franz Fanon, in postcolonial societies, one still encounters 'incarnations' of the hunter, brown-skinned yet white masked, out to tame the Wild; and in human terms it is the subaltern, the downtrodden who get designated as the prey. It is in this context that the myth of Jim Corbett attains, in many ways, an ominous colour. Mahasweta Devi undoes this very penchant to deify oppression in the garb of the hunter-as-saviour. And she does this, yet again, with a dose of laughter, in a story for children.

Mahasweta's childrens' fiction collection Our Non Veg Cow and Other Stories has an interesting 'topsy turvy' anecdotal piece 'Phalgu and the Cheetah-Man.' In this tongue-in-cheek rendition, Jim Corbett's famed story 'Adventures with the Man-eating Cheetah of Rudraprayag' is literally overturned. In this fictional world one encounters the cheetah of Rudraprayag requesting Mahasweta's brother Phalgu to narrate the actual truth behind Jim Corbett's heroic killing of the beast; and the 'thoroughly misunderstood' cheetah wants his version of the story to be captured in a new book – 'The Cheetah of Rudraprayag following Jim Corbett around.'

The cheetah's version runs thus: Having tasted human flesh it attains the various 'qualities' of humans and emerges as the 'cheetah-man.' However he is aghast when all his deeds that make places (Rudraprayag) and people (the ones it has eaten and whose photos have appeared for the first time in newspapers) famous are deemed as bestial and it is rewarded with infamy. He decides to take his life and it is then that he hears of a certain Jim Corbett, a non-entity desperatrely seeking fame. The cheetah goes on to reveal that it took pity on the poor soul and allowed itelf to be shot so that the fatigued guy could finally get famous! And the cheetah is totally cross with the subsequent 'mis-reporting' of the events by Corbett.

Also, in Mahasweta's story, Phalgu recalls the cheetah mention his scramble with the ferocious cheetah of Bhainswara who appears in Corbett's narrative too. Apparently it was a war of words where the cheetah of Bhainswara was actually imploring his 'unique' kin from Rudraprayag to not succumb to suicidal tendencies, because it was the only cheetah-man on the planet! And yet, the beast succumbs owing to compassion for Corbett! May be, in the happy hunting grounds of Fiction, is it not possible that the cheetah of Rudraprayag, perhaps along with the cheetah of Bhainswara is consoling the Puli in Puli-Murugan? And how would that talk be? Well, beasts assessing the bestiality of humans. What Mahasweta does here is to wittily turn the focus back on the way in which even in 'mere' stories, anthropocentric narratives are replete with the vicious image of the hunt and of ruthless patriarchal domination.

***Jump Cut***

What should good cinemas aspire to achieve? Maybe, in a sense, an attempt to erase the hunt hangover; perhaps try to suggest an alternative for self-inflicted animosity and perhaps even an egalitarian, humane nod to circumvent the pangs of self-destruction and suicidal egotism. In short, to posit a politically informed and aesthetically ethical image-framework that can counter the enticing clarion calls of cinema as mere consumption and entertainment. Iranian writer-director Abbas Kiarostami's 1997 Palme D'Or winner at Cannes, Taste of Cherry has one of the characters speak thus:

One morning, before dawn, I put a rope in my car. My mind was made up, I wanted to kill myself. I set off for Mianeh... I reached the mulberry tree plantations. I stopped there. It was still dark. I threw the rope over a tree but it didn't catch hold. I tried once, twice, but to no avail. So then I climbed the tree and tied the rope on tight... Then I felt something soft under my hand. Mulberries. Deliciously sweet mulberries.

[12] *Student readers unfamiliar with this phrase are requested to explore and be familiar with the resonant implications of this concept conceived by the film maker Jean-Luc Godard.*

[13] *In an interview with Financial Times Kiarostami said, "It's said that in the beginning was the word, but for me the beginning is always an image. When I think about a conversation, it always starts with images. And what I love about photography is the inscription of a single moment: it's completely ephemeral. You take the photograph, and one second later, everything has changed." He further observes, "I've often noticed that we are not able to look at what we have in front of us, unless it's inside a frame."*

I ate one. It was succulent, then a second and third. Suddenly, I noticed that the sun was rising over the mountaintop. What sun, what scenery, what greenery! All of a sudden, I heard children heading off to school. They stopped to look at me. They asked me to shake

the tree. The mulberries fell and they ate. I felt happy. Then I gathered some mulberries to take them home. My wife was still sleeping. When she woke up, she ate mulberries as well. And she enjoyed them too. I had left to kill myself, and I came back with mulberries.

It is this subliminal tryst with a secular salvation and a personal recovery of hope that many of the films in the mainstream, including Puli-Murugan, seem to miss. And this aspect is exactly what the focal point of Mahasweta Devi's writings for children eventually becomes; in terms of the film mentioned above, it is as though suddenly, the title Taste of Cherry bursts with new meaning. In filmic terms, the following script sequence might sum up the glaring polarity between Cheetah-Man and Puli-Murugan
:

Hunt /fade out/... Hug /fade in/ ... Hope /sustain/... Love /full-screen, final-freeze/...

- **Cheri**



**Works Cited**


Abraham, Taisha. Introduction, *Introducing Postcolonial Theories: Issues and Debates*. New Delhi: Macmillan, 2007. Print.
Devi, Mahasweta. *Etoa Munda Won the Battle: A Story about Tribal Life*. Trans. Meenakshi Mukherjee. New Delhi: National Book Trust, 1992. Print.
—. *The Why-Why Girl*. Illus. Kanyika Kini.Chennai: Tulika Publishers, 2003. Print.
—. "Nyadosh,The Incredible Cow". *Our Non-Veg Cow and Other Stories*.Trans. Paramita Banerjee. Chennai: Tulika Publications, 2015. Print.
—. "Phalgu and the Cheetah-Man". *Our Non-Veg Cow and Other Stories*.Trans. Paramita Banerjee. Chennai: Tulika Publications, 2015. Print.
Sen, Nabaneeta Dev. Introduction. *Our Non-Veg Cow and Other Stories*. Chennai: Tulika Publications, 2015. Print.
Spivak, Gayatri Chakravorty. "The New Subaltern: a Silent Interview". *Mapping Subaltern Studies and the Postcolonial*. New Delhi: Verso Books, 2012. Print.
—."Mahasweta Devi: The Life Immortal". *The Indian Express*, 30 July 2016.Web. 27 Sep. 2016.



പെരിയാറിന്റെ അവസ്ഥ
അതീവ ഗുരുതരം

# THE FAREWELL NOTE

Sreehari.S
BA English

**REBELLION**

*The very process of "thought" brings up questions. *Seldom,unanswered questions evolve doubts. *When these doubts are common, people tend to ponder about.*Eventually these conversations go louder and deeper and often these people transform into those rebellious lot.*Now it's the time for those bulls to go on a parade and u to be behind the bars. This by a lot sum's up rebellion in a democracy.

**Principle**

It's clear quite clear that these progressions which went on in a peicemal fasion had something common in almost all the steps.That which enables you to readnow and me to write then and those people to think and converse yonder.

The capability of a language to gain words and broaden thoughts is that which arises as the prime cause of THE "QUESTIONING TENDENCY".George orwell in his prudent-eternal work,"1984" discusses the discovery of a language,NEWSPEAK by a totalitarian regime,oceania in "1984"

**NEWSPEAK**

All the possible expressions were made subtle through restricted and heavily manipulated vocabulary and the new language enabled the totalitarianists to direct the stream of thought as "THEY INTENDED".

"People seldom would know that they can't rest free until they get to the fact that the bugs that hurt them are cultured in their own "cusions" would only mean that "Someone can't sleep well because of the bugs on their bed.

This is what our material based corrupted governing bodies want, the people to have ears and still be deaf, to have tongue and still be dumb, to have eyes but not vision.

Orwell in 1949, wondered how the world would be in 1984 if it fell into those totalitarian creeds that governed the mid 20thcentury and thus 1984 was born. Now that Periyar, the longest river in kerala is polluted beyond all the limits and it wouldn't be flattery for us to wonder and possible face that fact of extinction that we all would face by 2030.

Our mother river periyar is being contaminated beyond all periphorals and let's read

through a journal that would be written in THE TIMES (Regime's official newspaper) 2030 exemplifying the surge in number children beings thrown in to the river for advanced phosphoral mining, the number of men getting killed and extinction of several common fishes and the number of people who flee leaving their life's earning behind.

Gooder is worse than good and badder is no good than worse either.
FEB 19TH 2030
THE TIMES

Love date greetings to all of u proles. Talks on making the "periyar" river a radioactive site is going on even on this love date. Water there is ungood. The amount of supergoodly charged radioactive metals are going up doubleplus normal. Doubleplus normal Oldthinkers were hanged to died condition and doubleplus normal were vapourised into atmospheric gases for "Thinkcrime" by "Thinkpol" and doubleplus normal are being send to "Joy camp" for thinkcrime.

Proles die doubleplus alldays but minipaxbrings foodpackets and save them from "undark". Ministry has adviced proles to drink just once a day and urinade once in three days for proper hydaration so that would make one good to life for 2-3months than normal. Self dialysis aren't useful as before because of the constantly mutating lifecells and the prescence of lead and it's derivatives in th bodycells.

The common algalblooms are disappearing in speedfull fashion.Number of fish is coming downer by the hour as much as 10000 per hour.The arial-amusement park for the good citizens is getting very popular as the river show-case a VIBJYOR formation below the age-old aluva bridge owing to the presence of several chemicals and proves to be a doubleplus good scene for the good-citizens. The government is happy to spray all kinds of coloured phosphorous through choppers for this purpose.

A new river-bed multimetal excavation mine has been setup near Edayar.Zinc and Lead are present in ample amount out here.The mine is going to be the doubleplus big in South-asian continent in the near future.Corpses of fresh-die proles are throwed in to the river for addition of phosphoric sources,which is going to be mined down by 2035.

The subsidies on cancer-elminator tablets were cut-off recently and this may further increase the phosphorous deposits according to the government.Laws on "SEXCRIME" are made liberal as new-born progenies with deformities can also be throwed in to the river.Subsidies on H20packets were also cut earlier this year.

The government is waiting for proles to die-off before they close down the river exclusively for party usage.The liquid from the river is also going to be the strongest of the nuclear weapons of the new-world as of now.The government intends to evacuate allone by 2040 and close down the river exclusively for mining and party-purposes.

MESSAGE: PARTY INTENDS TO SUPER-JOY JUNE5TH AS "THE PERIYAR DAY".SELECTED PROLES WILL BE ALLOWED ON ARIAL-AMUSEMENTPARK AND ABOUT 5LAKH BOTTLES OF FRESH WATER ARE TO BE GIVE AWAY FREE ON THE DAY.FAREWELL SONGS FOR THE RIVER CAN ALSO BE SINGED ON A FREE-ENTERY CMPETITION.

WAR IS PEACE
FREEDOM IS A LIABILITY
IGNORANCE IS STRENGTH

# ഒരൊറ്റ ചോദ്യം?

ട്രീസ ദിവ്യ
മാഗസിൻ സ്റ്റാഫ് അഡ്വൈസർ

ചോ: "മാതാ പിതാ ഗുരു ദൈവം" എന്ന് പറഞ്ഞു നടക്കുന്ന ഇക്കാലത്തെ pretentious അദ്ധ്യാപകരോട് വല്ലതും പറയാനുണ്ടോ?

ഉ. എന്തിനും ഏതിനും വിദ്യാർത്ഥികളെ കുറ്റം പറയുകയും ആക്ഷേപിക്കുകയും ചെയ്യുന്ന, പ്രത്യേകിച്ച് അദ്ധ്യാപകർ കൂടുന്ന ഇടങ്ങളിലെല്ലാം ആവർത്തിച്ച് ഈ സ്വഭാവം കാണിക്കുന്ന, ചില അദ്ധ്യാപകരുണ്ട്. ഇവരോടായി കുറച്ച് കാര്യങ്ങൾ.

വിദ്യാഭ്യാസം നാല് ചുവരുകളിൽ മാത്രം ഒതുങ്ങേണ്ട ഒന്നല്ല, നേരെമറിച്ച് ആ ചുവരുകളുടെ അതിർത്തികൾ ഭേദിക്കാനുള്ള കരുത്ത് പകർന്ന് കൊടുക്കേണ്ടതാകണം. ഒരു സാമൂഹ്യ ജീവി, ജനാധിപത്യവ്യവസ്ഥയിലെ പൗരൻ എന്നീ നിലകളിൽ ഒരു വിദ്യാർത്ഥിയുടെ സ്വതന്ത്രമായ വ്യക്തിത്വ വികസനത്തിന് ഉതകുന്ന രീതിയിലാകണം വിദ്യാഭ്യാസ രീതി നിലകൊള്ളേണ്ടത്. ഇതിന് നേരെ വിപരീതമായി അരുതായ്മകളുടെ ഒരു ലോകം അവർക്കു ചുറ്റും തീർത്ത് നിങ്ങൾ നിർമ്മിക്കുന്ന ഈ വിദ്യാർത്ഥികൾ ഭാവിയിൽ വലിയൊരു വിപത്തായി സമൂഹത്തിനു മാറും. വിദ്യാർത്ഥി ജീവിതത്തിൽ ഒരിക്കലെങ്കിലും അദ്ധ്യാപകരുടെ സദാചാര പോലീസ് ബോധത്താൽ വേട്ടയാടപ്പെടാത്തവർ കുറവാണ്. ആണും പെണ്ണും ഒരുമിച്ചിരിക്കരുത്. ആണുങ്ങളോട് മിണ്ടരുത്, ഷോൾ പ്രത്യേക രീതിയിൽ ഇട്ടില്ലെങ്കിൽ (ഭരതനാട്യം കളിക്കുന്ന കുട്ടികളെയാണ് എനിക്ക് ഓർമ്മ വരുന്നത്)ആൺകുട്ടികൾ ക്ലീവേജ് കാണും തുടങ്ങിയ ക്ലീഷേ പ്രയോഗങ്ങളിലൂടെ ഇന്നും കുട്ടികളെ വീർപ്പുമുട്ടിക്കുകയാണ് ഇക്കൂട്ടർ.

വിദ്യാഭ്യാസ വ്യവസ്ഥയിൽ നിലനിൽക്കുന്ന അടിമത്ത വ്യവസായം/ വ്യവസ്ഥ അവസാനിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അറ്റന്റൻസും സെമിനാറും ഇന്റേണൽ മാർക്കും വിദ്യാർത്ഥികളെ ഉപദ്രവിക്കാൻ വേണ്ടി ഉണ്ടാക്കിയവയല്ല. മറിച്ച് സിലബസ്സിനും പാഠപുസ്തകത്തിനും അപ്പുറത്തേക്കുള്ള കുട്ടികളുടെ വളർച്ച ഉറപ്പാക്കാൻ വേണ്ടിയുള്ളതാണ്. വൈരാഗ്യ ബുദ്ധിയോടെ "അടുത്ത സെമസ്റ്ററിൽ ലാബിൽ വച്ചു കണ്ടോളാം" എന്ന് ഭീഷണിപ്പെടുത്തിയ അദ്ധ്യാപകനെപ്പറ്റി ഒരു വിദ്യാർത്ഥിനി അനുഭവം പങ്ക് വച്ചു. പ്രാക്ടിക്കൽ ലാബുകളും എക്സ്പിരിമെന്റുകളും റെക്കോർഡുമെല്ലാം ദുരിതപർവ്വതമായി ജീവിതം/ വിഷയം വെറുത്തു പോയ പല കുട്ടികളേയും എനിക്കറിയാം. ഇത്തരം അനുഭവങ്ങളിലൂടെ കടന്നുപോകുന്ന വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ പോലും ഇവിടെ ഹനിക്കപ്പെടുന്നു. കോളേജ് വിദ്യാഭ്യാസത്തിനായ് കടന്നുവരുന്ന ഒരു വിദ്യാർത്ഥിയുടെ വയസ്സ് 18 ആണ്. അതായത് ജനാധിപത്യവ്യവസ്ഥയിൽ എന്നോടൊപ്പം തുല്യ അവകാശങ്ങൾക്ക് അർഹരായ വ്യക്തികൾ. എന്ത് ചെയ്യണം ഏത് രീതിയിൽ പെരുമാറണം അവരുടെ മുൻഗണനകൾ, ചിന്തകൾ എന്നിവ വ്യക്തമായും സ്വതന്ത്രമായും തിരഞ്ഞെടുക്കാൻ അവകാശമുള്ളവർ. അവരെ കേവല ആജ്ഞാനുവർത്തികളായി മാറ്റാതെ സ്വതന്ത്രപൗരന്മാരായി വളർത്താനുള്ള ഉത്തരവാദിത്വം അദ്ധ്യാപകർക്കുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. അല്ല എന്നോടൊപ്പം ഒരു ചെറിയ വിഭാഗം അദ്ധ്യാപകർ മാത്രം വിചാരിക്കുന്നു.

വിദ്യാർത്ഥികളെ സ്വതന്ത്രവ്യക്തികളായി പരിഗണിക്കുകയാണ് ആദ്യം വേണ്ടത്. രക്തദാനം ചെയ്യാൻ തയ്യാറായി വന്ന കുട്ടിയെ രക്ഷിതാവിന്റെ അനുവാദം വാങ്ങാതെ പോകാൻ അനുവദിക്കാൻ പറ്റില്ല എന്ന് പറഞ്ഞ് വിലക്കിയ അദ്ധ്യാപകർ, വലിയ അന്തസ്സോടെ ഇത് പറഞ്ഞപ്പോൾ നിങ്ങൾ മനസ്സുകൊണ്ട് ഇത്ര ശുഷ്കിച്ച വ്യക്തിയാണെന്ന് മറ്റുള്ളവർ മനസ്സിലാക്കും എന്ന തിരിച്ചറിവ് പോലുമില്ലാത്ത തരത്തിൽ അറിവുകെട്ടവരായി മാറുന്നു ആ സമൂഹം. ക്ലാസ് മുറികളിലും, ക്യാമ്പസ്സിനകത്തും പുറത്തുമുള്ള പൊതു ഇടങ്ങളിലും ക്രിയാത്മകമായി ഇടപെടലുകളിലൂടെ അദ്ധ്യാപകർക്ക് ഒരുപാട് സ്വാധീനിക്കാൻ കഴിയുന്ന ഒരു തലമുറയെ/ അല്ലെങ്കിൽ ഒരുപാട് തലമുറകളെ സദാചാര വേട്ടയാടലിലൂടെ ഭാവി സാമൂഹ്യ വിരുദ്ധരും നിങ്ങളേക്കാൾ വലിയ സദാചാരവാദികളും ആയി മാറ്റരുതേ എന്ന് അപേക്ഷിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ നന്മ തിന്മകൾ തിരിച്ചറിഞ്ഞ് നല്ല വ്യക്തികളായി അവർ മാറട്ടെ. നിർബന്ധിത ഹാജർ വ്യവസ്ഥ എന്ന വടി കൈയ്യിൽ ഇല്ലെങ്കിൽ എത്ര വിദ്യാർത്ഥികൾ നമ്മുടെയൊക്കെ ക്ലാസ്സിൽ കയറും? സിദ്ധാർഥിന്റെ ചിന്തിപ്പിക്കുന്ന ചോദ്യത്തോട് കൂടി ഇത് അവസാനിപ്പിക്കുകയാണ്. "പാഠപുസ്തകം നോക്കി പഠിപ്പിക്കുന്ന ക്ലാസ്സിൽ എങ്ങനാ ടീച്ചറേ കുട്ടികൾ ഇരിക്കുക?"

**വാൽക്കഷ്ണം:**
**"പുതിയ തലമുറ നിങ്ങളേക്കാൾ ഒത്തിരി വളർന്നു ടീച്ചർമാരേ"**



"Having eyes, but not seeing beauty; having ears, but not hearing music; having minds, but not perceiving truth; having hearts that are never moved and therefore never set on fire. These are the things to fear, said the headmaster."



പലപ്പോഴും
ഉറങ്ങിപ്പോകുന്ന
യൂസിയെ
ഉണർത്തുന്നത്
ഇവയാണ്

ശബ്ദം

സ്വരലയ

നേച്ചർക്ലബ്ബ്

മീഡിയക്ലബ്ബ്

ധ്വനി

ഡ്രാമക്ലബ്ബ്

പെയിൻ & പാലിയേറ്റീവ്

മിടിപ്പ്



caterers
& event organizers
MIZAJ
INGREDIENTS OF NATURE
MULTI CUISINE RESTAURANT
STRICTLY HALAL
WEDDINGS EVENTS PARTIES
0484 699 9951/52/53, 944 7383 012
Karichira, Thattampadi, N. Paravur
| Paravoor Jn., Aluva
email: mizajcaterers@gmail.com




ova
restaurant
രുചിയുടെ കലവറയിലേക്കു
ഏവർക്കും സ്വാഗതം
HOT Offers
Monday Offer
YEMENEES KUZHI Mandi @ 499
Broasted chicken Family Pack (12pcs) french fries, kuboos +750ml Pepsi @ 599
Tuesday Offer
Grilled Chicken @ 349
YEMENEES KUZHI Mandi Full @ 499
Wednessday Offer
Saudi Kabsa Full (chicken) @499
OVA Faloода Special @130
Thursday Offer
Al Faham Full @ 349
Explosion Salad @ 180
Friday Offer
Hot Pot Mutton Biriyani @ 299
OVA Special Salad @ 135
حلال
HALAL
Home Delivery
Order now
90 377 45704
93 871 72929
99 463 00334
we are social
Free Secure Parking | Catering Services | Party Hall




Palarivattom, Cochin
mail: info@lapis.co.in
Ph: 0484-4029040
www.lapis.co.in
Our Focus
Live / Academic Project
Android / IOS App
Software Development
Internship Training
Web Solutions
Lapis
Intelligent Solutions
simple & elegant solutions drive you into success

# കുറേ ആകാശങ്ങൾ

ജയകൃഷ്ണൻ കെ.വി
ബി.എ ഇംഗ്ലീഷ്

വീടിനുള്ളിൽ അമ്മ അടുക്കളയിൽ കായം വറക്കുകയാണ്. അതിന്റെ പുകഞ്ഞുകാറിയ നാറ്റം അവനെ ഏറെ അസ്വസ്ഥനാക്കി. കുട്ടിയാണവൻ. മുറ്റത്തേക്കിറങ്ങിയ അവന്റെ പിന്നാലെ അവനോളമുള്ള ഒരു കൊച്ചുപൂച്ചയും വാലായി. പറമ്പാകെ കാടുപിടിച്ചിരിക്കുന്നു. ഇരട്ടവാലന്റെ കൂവൽ കേട്ട് അവനതേറ്റുപാടി. ഏറ്റുപാടി കാക്കത്തമ്പുരാട്ടിയെ അരിശം പിടിപ്പിച്ചു. പിണങ്ങി പറന്നുപോയ തമ്പുരാട്ടിയെ തിരിച്ചു വിളിക്കാനോ എന്തോ അവൻ മേലോട്ട് നോക്കി ചില്ലകളുടെ ഇടയിലൂടെ കുറേ ആകാശങ്ങൾ അവൻ കണ്ടു. "എത്ര ആകാശങ്ങളാണ്". അവൻ പൂച്ചക്കുഞ്ഞിനോടെന്നോണം പറഞ്ഞു. പതിവുപോലെ അവൻ പറമ്പിലൂടെ സർപ്പക്കാവിലേക്ക് നടന്നു. സന്ധ്യയുടെ ചീവീടുകൾ സംസാരിച്ചു തുടങ്ങിയിരുന്നു. നാഗത്താന്മാർ തലയുയർത്തി നിൽക്കുകയാണ്. സർപ്പപ്രതിമയുടെ അരികിലൂടെ ഒരു സാധു തേരട്ട വലിച്ചുപിടിച്ചു നടക്കുന്നുണ്ട്. കാവിലാകെ പാലപൂത്ത ഗന്ധമാണ്. ഈ പാലയിലാകണം മുത്തശ്ശി പറയാറുള്ള സുന്ദരിയായ യക്ഷി കുടിയിരിക്കുന്നത്. ചിലപ്പോൾ ഇത് യക്ഷിയുടെ ഗന്ധമാകാനും വഴിയുണ്ട്. നെറ്റിയിൽ രത്നക്കല്ലുമായി കളിച്ചുനടക്കുന്ന സ്വർണനിറമുള്ള സർപ്പരാജകുമാരനെ പണ്ടെന്നോ മുത്തശ്ശി കണ്ടതായി പറഞ്ഞുകേട്ടിട്ടുണ്ട്. കാവിലാരൊക്കെയോ പാടുന്നുണ്ട്. ആ സംഗീതത്തിൽ ആരുടെയൊക്കെയോ കുറുകിയ ചിരി കേൾക്കാമായിരുന്നു.

ആരോ നടന്നുവരുന്നുണ്ട്. അമ്മയാണ്. വിളക്കു വയ്ക്കാനുള്ള വരവാണ്. കുളിച്ചീറനായ മുടിയോടെ ചെവിയ്ക്കരുകിൽ തുളസിക്കതിരും നെറ്റിയിൽ ഒരു കൊച്ചു ഭസ്മക്കുറിയും കയ്യിൽ ഒരു വിളക്കുമായി വരുന്ന അമ്മ ഒരു ദേവിയായി തോന്നി. സർപ്പത്തറയിൽ വിളക്കു കൊളുത്തി പ്രദക്ഷിണം വച്ചു. "ഏറെ ഇരുട്ടും മുൻപ് വരണം" എന്നു പറഞ്ഞ് അമ്മ നടന്നു.

തറയിൽ നിന്ന് മണ്ണിലേയ്ക്കിറങ്ങിയ ആ തേരട്ട അവന്റെ നേരെ വരികയാണ്. ഒരായിരം കാലുകൾ ഉണ്ടായിട്ടും പമ്മിയാണ് നടപ്പ്. തേരട്ടയുടെ അരികിൽ അവൻ മുട്ടുകുത്തി നിന്നു. തൊട്ടപ്പോൾ ചുരുണ്ടുകൂടിയ തേരട്ടയെ അവൻ വഴിയിൽ നിന്ന് ചവിട്ടു കൊള്ളാതെ മാറ്റി മരച്ചുവട്ടിലേക്ക് വച്ചു. കാവിലാകെ വിളക്കിന്റെ വെളിച്ചം പടർന്നിരിക്കുന്നു. ആ വെളിച്ചത്തിൽ വീണ്ടും കാവ് പാടാൻ തുടങ്ങി. ആ പാട്ടിൽ നാഗത്താന്മാർ നൃത്തം വച്ചു. ചിരാതിൽ എണ്ണ കുടിച്ച് കത്തുന്ന നാളത്തെ നോക്കി അവൻ കണ്ണുകളടച്ച് നിന്നു.

കണ്ണുകൾ തുറന്നപ്പോൾ അവ കരഞ്ഞ് കലങ്ങിയിരുന്നു. കണ്ണിലെ നനവ് അവന്റെ ഓർമ്മകളുടെ വരൾച്ചയെ സാന്ത്വനപ്പെടുത്തി. നരച്ച താടിയെ തലോടി അവൻ മുറ്റത്തെ കത്തിയണഞ്ഞ ചിതയിലേക്ക് നോക്കി. അവന്റെ കണ്ണുകൾ ഏറെ നനഞ്ഞിരുന്നു. അങ്ങനെ, തന്നെ ഈ ലോകത്ത് ഒറ്റപ്പെടുത്തി അമ്മയും യാത്രയായി. മഴ പൊടിയുന്നുണ്ട്. മഴ പെയ്ത് നനഞ്ഞ ആ മണ്ണിൽ എവിടെയൊക്കെയോ പഴമയുടെ ഗന്ധമുണ്ടായിരുന്നു. പഴമയും ചരിത്രവും അറിയാത്ത എല്ലാ മനുഷ്യരും ദുർഗന്ധമില്ലാത്ത ശവശരീരങ്ങൾ ആയിരുന്നോ? താനും അങ്ങനെയൊരു ശവശരീരമായിരുന്നെങ്കിൽ എന്ന ആശയോടെ അവൻ പെയ്തു കാറ് നീങ്ങിയ ആകാശത്തേക്ക് നോക്കി. ഒന്നും പുതുതായി കെട്ടിപ്പൊക്കാത്ത പടുത്തുയർത്തി നശിപ്പിക്കാത്ത ആ വാനം. ചില്ലകൾക്കിടയിലെ പഴയ ആകാശത്തെ ഓർമ്മിപ്പിച്ചു. പക്ഷേ ഇന്ന് കാവില്ല, കാവിലെ സംഗീതമില്ല, കാക്കത്തമ്പുരാട്ടിയുടെ കുറുകിയ ചിരിയില്ല, പാലപൂത്ത ഗന്ധമില്ല, രത്നം ചുമക്കുന്ന മുത്തശ്ശിക്കഥയിലെ സർപ്പവുമില്ല. കുറേ ഓർമ്മയുടെ കെട്ടുകഥകൾ മാത്രം ബാക്കി. പക്ഷേ ഒന്നുമാത്രം മാറിയിട്ടില്ല. 'ആകാശം'. അയാൾ തലയുയർത്തി ആകാശത്തേക്ക് നോക്കി. ഇല്ല, അതും മാറിയിരിക്കുന്നു. അന്നവൻ കണ്ടത് കുറേ ആകാശങ്ങൾ ആയിരുന്നു...




"I don't paint dreams or nightmares,
I paint my own reality."

" എനിക്ക് എഴുതാനറിയൊന്നുല്ല. മാളു പറഞ്ഞു "
" പിന്നെ എല്ലാം അറിഞ്ഞിട്ടാണല്ലോ എല്ലാവരും നടക്കണേ. നിന്നെക്കൊണ്ട് പറ്റും. You can write, you should write "

# WHAT I HAD DARED **NOT TO SAY...**

Malavika V
BA English

I had dug a grave, chosen an apt epitaph, and even set apart time to pay solemn homage when it finally dawned upon me what I was mourning had been a suicide, that of my voice. What I had dared not to say would become what they all dared not to see and hear.

The most patient among all the things in the world, the paper. Scribbled upon, torn apart, set fire to, paper never judged the one who wielded the pen. Hence, here I choose to say what I had dared not to.

I had dared not to say that the gate closing specifically on the faces of certain was an injustice. The shades within did much more than just block the encroaching sunlight; it nurtured thoughts that the lecture stands thought too wild or silly; it made us philosophers , revolutionaries and lovers . So, when they instructed us that the shades were to be left alone, we were in fact learning to be meek and subdued.

I had dared not to say that the "legendary tree"was the breeding ground for illicit behavior; it was the license of ownership to the sentiments of the grounds (might I say, one that was exclusively owned).

I had dared not to say that it was disappointment that pervaded when the seats were left vacant for all those independent ventures. Learning that sowing enthusiasm in the minds of the indifferent was an impossible task became the biggest lesson.
I had dared not to say that when friends turned foes and sold third rate lies, it was the truth setting itself to fire. Here, bonds were forsaken for victory and the audience applauded.

I had dared not to say that judgment was served up front and hot in the eyes of those who had drawn in the viewer's seat – comfortable and cozy in their couches, fingers resting on the exclamation marks, pressing furiously on the like buttons.
I had dared not to say that when he sat across from her there was nothing perceivably wrong in it for them to be separated by labels, benches and rooms.
I had dared not to say that they decided your politics and you had no say in it. How could my politics be theirs to propound! But, stranger things have happened on this shore.

Each second spend beyond the "rule", each lie ignored in favor of the truth and each action guided by your principles was the saving grace. I opened the casket and smashed the headstone, and left it a privilege to be performed when I truly die.
The words end here like on every other page ever written. The author dies here, and it's for you to take birth .

# ഫ്രെയിമുകൾ

കാലങ്ങളായി ഔട്ട്
ഓഫ് ഫോക്കസ്
ആയി കിടക്കുന്നവ

## ഗാസ

അനന്തു സുരേഷ്
B.A.English

" ന്റെ പേര് മുഹമ്മദ്- അൽ-നവാസ്റാന്നാ; മമ്മൂന്ന് വിളിച്ചും. നാൻ ഇബടെ ന്റെ ഉമ്മാന്റേം ഉപ്പാന്റേം മൂത്തുമ്മാടേം ഒപ്പം ഇരിക്കാ. നങ്ങൾ ഇബടെ പാപ്പം ഇണ്ടാക്കണ മുറീടെ ഒരു മൂലക്ക് ഇരിക്കാ ഇപ്പം. ഉമ്മ ന്റേം ഉപ്പ ഇക്കാന്റേം വായ മൂടി പിടിച്ചേക്കാ... എന്തിനാ അങ്ങനെ പിടിച്ചണേ? എനിച്ച് കളിച്ചണ്ടേ ? ജാവേദും ഉമ്മയും വരാറായി ഇങ്ങട്. എന്നും ഉച്ച കയ്ഞ്ചം അവര് പരും. നങ്ങളെ കളിക്കാൻ ഇരുത്തീട്ട് ഉമ്മമാര് സംസാരിച്ചിരിക്കും. നങ്ങ എന്തോക്കെ കളി കളിച്ചുന്നാ ? ഓടി കളിച്ചും പാവ കൊണ്ട് കളിച്ചും- എന്ത് രസാ... വെളീന്ന് എന്താണ്ടും ശത്തോക്കെ കേക്കണിണ്ട്. ഓരോ ശത്തം കേക്കുമ്പയും ഉമ്മ ന്നെ ഇറുക്കി പിടിച്ചും. എനിച്ച് വേനിക്കണിണ്ടുമ്മാന്ന് പറയണംന്ന്ണ്ട്- പക്ഷെ ഉമ്മ വായ പൊത്തി പിടിച്ചേക്കല്ലേ ? ഉമ്മ ശെരിക്കും വെയർക്കണിണ്ടല്ലോ.... ഉപ്പാന്റെ മൊഖൊക്കെ ചോന്നിട്ട്ണ്ട്. ഇച്ചിരി ദോസം മുമ്പ് നങ്ങ ഇങ്ങനെതന്നെ ഇരുന്നതാ ; മമ്മൂന്റെ മുറീല് അന്ന് നങ്ങ കൊറേ ചേട്ടമ്മാർടെ ഒപ്പം ഒളിച്ചും പാത്തും കളിച്ചാന്നാ ഉപ്പ പറഞ്ഞേ. കൊറേ ചേട്ടമ്മാര് നങ്ങളെ കണ്ടുപിടിച്ചാൻ വന്നാര്ന്നു ഇബടെ. അവർടേല് തോക്ക് ഇണ്ടായി. ഉപ്പ എനിച്ച് മേടിച്ചു തന്ന തോക്കിന്റത്രേം വരൂല്ല എന്റെ നല്ല തോക്കാ. അവർടേല് ഠോ ! എന്തൊരു ഒച്ചയാ വരൂ ; എന്റേല് നാല് പാട്ടിണ്ട്... ലൈറ്റ് കത്തും... വെള്ളോം വരും എന്റുപ്പാക്ക് ന്നെ ഇഷ്ടായോണ്ടാ എനിച്ച് നല്ല തോക്ക് വാങ്ങിച്ച് തന്നേ... അന്ന് നങ്ങല് ജയിച്ചാര്ന്ന്... ഇന്നും ജയിച്ചും. ന്റുപ്പാക്ക് നന്നായി ഒളിച്ചും പാത്തും കളിച്ചാനറിയാല്ലോ...

ഉഫ് ! എന്തൊരു ശത്താ ! ഈ ചേട്ടമ്മാര് എന്തിനാ ഇത്രേം ഒച്ച വച്ചണേ ? ഒച്ച വച്ചാ ഒളിച്ചിരിച്ചണവർക്ക് മനസ്സിലാവൂല്ലേ... അവര് ഓടൂല്ലേ... ചേട്ടമ്മാർക്ക് കളിച്ചാൻപോലും അറിയൂല്ലാ... ആ....ആ..... നങ്ങടെ വാല് തൊറന്ന ശത്തമാ അത്. ചേട്ടമ്മാര് വന്നിണ്ടല്ലോ.. ഞങ്ങളെ പിടിച്ചാനാല്ലേ.....

"യാ അള്ളാ ! ഈ നശിച്ച മണ്ണിൽ ജനിച്ചു പോയതിന് ഞങ്ങളെ ശിക്ഷിച്ചോളൂ ; ഞങ്ങടെ കുട്ടികളെ കാക്കുവാനുള്ള ദയയുണ്ടാവണേ.....!" ഉപ്പ ഇങ്ങനെപറഞ്ഞ് . അത് എന്തിനാ പടച്ചോനേ ഉപ്പ അങ്ങനെ പറന്നേ ? ഉമ്മാന്റെ കണ്ണീന്ന് വെള്ളം വന്നിണ്ടല്ലോ- എന്തിനാ ? പടച്ചോന് അറിയോ.. ? ഉം... പടച്ചോന് ഒന്നും അറിയൂല്ല... ന്ന് ചോയിച്ചാലും ഒന്നും മിണ്ടേമില്ല. പോ ! കൂട്ടില്ല മമ്മൂ. ഹിഹിഹി.......... പെണങ്ങണ്ടാട്ടാ..മമ്മു വെറ്തെ പറഞ്ഞതാ...മിണ്ടാവേ.......



ശ്ശോ ! എത്ര നേരായി ഈ കളിച്ചണു... എനിച്ച് വെശക്കണ്..... ഉമ്മാന്റെ അമ്മിഞ്ഞ കുടിച്ചണ സമയാ ഇത്. ഇതെന്താ ഉമ്മ അമ്മിഞ്ഞയിൽ പിടിച്ച് വലിച്ചിട്ടും പാല് തരാത്തെ ? ആ എടുക്കണിണ്ട്. ഹാവൂ... എന്ത് രസാ ഇങ്ങനെ പാല് കുടിച്ചിരിക്കാൻ. ഞെണം എനിച്ച്. നാൻ ഞെരട്ടെ.

ആ എന്താത് ! ഉപ്പ എന്തിനാ ചേട്ടമ്മാർടെ മുന്നില് നിക്കണെ? കാല് പിടിച്ചാല്ലോ ഉപ്പ... എന്തിനാ ? ആ... ഉപ്പാനെ വെടിവച്ച് - ഉപ്പ മരിച്ചപോലെ കിടക്കാ. പറ്റിച്ച് ഉപ്പ ചേട്ടന്മാരെ. ഹിഹിഹിഹ... ഇക്കായും പറ്റിച്ചേ... നല്ല രസോണ്ട്.

ആ...വിട്..വിട്...ന്നെ എന്തിനാ ഉമ്മാന്റെ അടുത്തൂന്ന് ന്നെ മാറ്റണെ ? നാൻ കളിക്കൂല്ലാട്ടാന്നാ.....ഉമ്മ കരയണ് ചേട്ടാ...ന്നെ വിട്... നാൻ കരയൂട്ടോ... ഉമ്മാനെ തല്ലണ്ടാ- നാൻ കരയണ കണ്ടില്ലേ... ഉമ്മാനെതല്ലിയാ നാൻ കരയും. ന്റെ ഉമ്മയാ വിടി ഉമ്മ ന്താ അനങ്ങാത്തെ ? വേണ്ടുമ്മാ പറ്റിക്കണ്ട. ഇവർടെ കൂടെ കളിച്ചണ്ടാ. ചീത്ത ചേട്ടമ്മാരാ ഇവര്.

ആഹ് ! ന്നെ എന്തിനാ താഴെ എറിഞ്ഞേ ? എനിച്ച് വേദനിച്ചൂട്ടോ... വേണ്ട ! ന്റെ നേരെ തോക്ക് കാണിച്ചണ്ടാ. നാൻ മരിച്ചപോലെ കളിക്കൂല്ല. എന്നെ താഴെയിട്ടില്ലേ... നാൻ ഒരു കൊച്ചു കുട്ടിയല്ലേ.....

# ഇറാഖ് 







" എന്റെ പേര് മുഹമ്മദ് ഫാദേ. ഈ കാണുന്ന റോഡിന് സമീപമാണ് എനിക്ക് മിക്കപ്പോഴും ജോലി . ജോലീന്ന് പറഞ്ഞാ വഴീന്ന് കിട്ടുന്ന പ്ലാസ്റ്റിക്കും പാട്ടയും മറ്റും ഞാൻ പെറുക്കി കൂട്ടി ഉമ്മാടെ കയ്യിൽ കൊണ്ടുകൊടുക്കും- ഉമ്മ അതുകൊണ്ട് നല്ല ഭംഗിയുള്ള കളിപ്പാട്ടങ്ങൾ ഉണ്ടാക്കും. ഞാനിവിടെ കൊണ്ടുവച്ച് അതെല്ലാം വിക്കും. പക്ഷേ ഇപ്പ കുറച്ച് ദിവസായിട്ട് കച്ചോടം വളരെ കുറവാണേ.. കുട്ടികളെ ഒന്നിനേം റോട്ടിൽ കാണാനേയില്ലന്നേ. ഉമ്മമാർക്കും ഉപ്പമാർക്കൊന്നും നിക്കാൻ പോലും സമയല്ല... ഈ ട്ടൊണ്..ഓടട്ടെ.. വീട്ടിലെത്താനുള്ള ട്ടോണ്. എപ്പഴാണ് പട്ടാളക്കാര് ഇക്കമാരും ഇവടത്തെ ഇക്കമാരും തമ്മിൽ തല്ലാവണേന്ന് പറയാമ്പറ്റൂല്ല. പക്ഷേ എന്റെ കച്ചോടം ആകെ പ്പോവാ. അവർക്ക് മാത്രല്ലല്ലോ.. എനിക്കൂണ്ട് വീട്. ഉമ്മേം അനിയത്ത്യൂട്ടീം മാത്രേ ഉള്ളൂ. അവള് കുഞ്ഞല്ലേ. കുഞ്ഞ് വാവ. ഇപ്പ രണ്ട് വയസ്സായിട്ടില്ല. എനിക്ക് നാല് വയസ്സുള്ളപ്പഴാ അവളുണ്ടാകണേ . എന്ത് രസാ അവളെ കാണാൻ ... കുഞ്ഞ് ചെവീം കുഞ്ഞ് മൂക്കും കുഞ്ഞ് വിരലുകളും. എന്നെ കാണുമ്പോയൊക്കെ അവള് ചിരിക്കും. രണ്ട് കുഞ്ഞി പല്ല് വന്നു തൊടങ്ങീട്ടിണ്ട് അവക്ക്. കഴിഞ്ഞാഴ്ച കമന്ന് വീണാർന്ന്. എന്റെ അനിയത്ത്യാ. ഉമ്മാക്ക് ഒട്ടും വയ്യ. കുറച്ച് നാള് മുമ്പ് നടന്ന തല്ലിൽ ഉമ്മാടെ കാലിന്റെ എല്ല് പൊട്ടി- ഇപ്പ നടക്കാൻ വയ്യ. ഉമ്മാക്ക് മരുന്ന് വാങ്ങണം, വാവക്ക് ഭക്ഷണം, ഞങ്ങക്കും കയിക്കണം. ഇന്നേലും എന്തേലും വിറ്റുപോയാ മതിയാർന്ന്.

ആ മുന്നിൽ കാണണ സ്കൂളിലാണ് എന്നെ പഠിക്കാൻ ചേർത്തത്. പക്ഷേ പറ്റീല്ല- ഉപ്പാനെ കാണാണ്ടായതോടെ പഠിക്കാൻ പോക്ക് നിർത്തി. ദേ ! ആ പോണതാണ് ശിഹാബ്. ഞങ്ങ ഒന്നിച്ചാ ക്ലാസിൽ പൊക്കോണ്ടിരുന്നേ.. എനിക്കും പോണോന്ന് നല്ല ആഗ്രഹോണ്ട്.. പക്ഷേ രണ്ട് ആഴ്ച കഴിഞ്ഞാ ഉമ്മാന്റെ പിറന്നാളാ ഉമ്മക്ക് ബിരിയാണി വാങ്ങി കൊടുക്കണം. പണിക്ക് പോവാണ്ട് പിന്നെ എങ്ങനേ...

ആ.. ഈ ഇത്ത കുപ്പിക്കളിപ്പാട്ടം വാങ്ങുന്നാ തോന്നണേ... അതിന് 20 ദിനാറാണ് ഇത്ത. അങ്ങനെ പറേല്ലേ ഇത്ത. 10 ദിനാറിന് തന്നാ... വീട്ടില് അനിയത്തീം ഉമ്മേം ഉള്ളതാ. 20 താ ഇത്താ... 15 പറ്റൂല്ല ഇത്താ...ഇത്താ...ഇത്താ...

ഹാ പതിനഞ്ച് എങ്കി പതിനഞ്ച്.. ഒള്ളതാണ്ട് റൊട്ടി വാങ്ങാ. പിന്നെ മിനിഞ്ഞാന്നത്തെ കെബാബ് ഇത്തിരി ബാക്കി കാണും ഹൊ ! പടച്ചോനേ... ഇരുട്ടിത്തുടങ്ങീലാ... പോവാ ഇനി. വേറെ വഴിയില്ല. വീട് വരെ നടക്കുമ്പേക്കും ഇനീം വൈകും.

കൊറച്ച് ചന്തൊക്കെ വന്നിട്ടിണ്ട് ഇപ്പ ഇവടെ. ആളുകൾ അവർടെ കടകൾ പിന്നേം പണിയാൻ ഒള്ള പാടിലാ. എന്തിനാ? എത്ര ദിവസത്തേക്കാ ഇതൊക്കെ ?. ഹാ പിന്നെ ഒരു രാത്രീങ്കി ഒരു രാത്രി ഭക്ഷണം കൊടുക്കാല്ലോ വീട്ടുകാർക്ക്. എല്ലാടത്തും പട്ടാളം ഇക്കമാരാണ്. ഇവർക്ക് വീടൊന്നൂല്ലേ.... കാണും, പാവങ്ങള് വീട്ടീന്ന് അകന്ന് എത്ര നാളായി. വിഷമം കാണും അവർക്ക്. എനിക്ക് എന്റെ ഉമ്മാനേം അനിയത്ത്യൂട്ടീനേം കാണാണ്ട് ഒറ്റ ദിവസം പോലും പറ്റൂല്ലട്ടാ...
റൊട്ടി വാങ്ങി 10 അടി നടന്നാ വീടായി. ഇരുട്ട് കണ്ടട്ട് ഒരു 6 മണിയായി കാണൂന്ന് തോന്നണ്, ഏ ! ഇതെന്താ വീടിന്റെ മുന്നിലിത്രേം പൊടി ? വാവ വല്ലാണ്ട് കരയണല്ലോ... ഉമ്മാ.. ഉമ്മാ... അയ്യോ ! ഉമ്മ എന്താണ് നിലത്ത് കിടക്കണേ ? ഉമ്മാ.. ഉമ്മാ... പടച്ചോനേ.. നെഞ്ചത്തൂന്ന് ചോരാ.. എണീക്കുമ്മ... വാവക്ക് പാലുകൊടുക്കുമ്മാ... വാവ വല്ലാണ്ട് കരയണുമ്മാ..ഉമ്മാ.. ഉമ്മാ...

വാവക്ക് വല്ലോം പറ്റിയാ.. ഇല്ല വാവക്ക് കുഴപ്പോന്നൂല്ല... വാവേ.. ഉമ്മ അനങ്ങണില്ല വാവേ.. ഉമ്മ മരിച്ചു വാവേ.. ഇനി നമ്മ എന്തെയ്യും ? വാ വാവേ.. നമുക്ക് നസീബാത്തന്റെ അടുത്ത് പോവാ... വാവക്ക് പാല് കുടിച്ചണ്ടേ... വാവേനെ ഇക്കാക്ക നോക്കാട്ടോ... വാ വാ വാ വാ......

# സിറിയ

I

"ഞങ്ങ പൊയ്ക്കൊണ്ടിരുന്ന ബോട്ട് ആകെ പൊളിഞ്ഞട്ടിണ്ടായി ഞാൻ വെള്ളത്തിൽ വീഴുമ്പഴേക്ക് തന്നെ. ഉമ്മയും ഇക്കയും തൂങ്ങിപ്പിടിച്ച് കിടക്കാൻ നോക്കാർന്ന് അവരെക്കൊണ്ടത് പറ്റൂന്ന് തോന്നണില്ല. ഉപ്പ നന്നായി നോക്കണിണ്ട് അവരെ 2 പേരെങ്കിലും രക്ഷിക്കാൻ. ഹൊ ! ഇപ്പ എന്താണ്ട് എന്റെ ബോധം പോകാറായിട്ടുണ്ട്, മൂക്കിലും ചെവീലുമൊക്കെ ആകെ വെള്ളം



"അയ്‌ലൻ! "എന്നൊരു വിളി മാത്രം ബാക്കി ഓർമ്മേണ്ട്. ഹാ.. ഒറങ്ങി പോണേണ്.

ഉഫ് ! എത്ര നേരം ഒറങ്ങി? ഇതെവിടെ സ്ഥലം ? കടപ്പുറമാണല്ലാ. എഹ് ! ദേ ഞാൻ കെടക്കണ്.. കമന്ന്.. മൊഖം മണ്ണിൽ പൂഴ്ത്തി-ഒട്ടകപക്ഷിനെപ്പോലെയാണല്ലോ. നല്ല രസാണ്ട് കാണാൻ. ഈ കാറ്റും കൊണ്ട് ഇവിടെയിങ്ങനിരിക്കാൻ ന്താ സുഖം ! ആകപ്പാടെ ഒരു വല്ലായ്മ പക്ഷേ.. ന്താന്നാവോ.. ആ ബോട്ടിപ്പം എവിടെത്തി കാണോ എന്തോ ? എത്ര പേരാന്നോ ഞങ്ങ ആ ബോട്ടിൽ കേറിയേ.. കണ്ടമാനം ആളിണ്ടായി, കേറീപ്പ തന്നെ ബോട്ടൊന്ന് ഇളകിയാർന്ന്. പക്ഷേ ന്തെയ്യാനാ ? വേറെ വഴിയില്ല. രക്ഷപ്പെടാണേൽ ഇതിൽ കേറുകേ വഴിയുള്ളൂ- ഇങ്ങനെ ഉമ്മ പറഞ്ഞേ. ഉപ്പാക്ക് നല്ല പേടിയിണ്ടായി, പക്ഷേ വേറെ ന്താണ് വഴി? ഞങ്ങളെ പിടിക്കാൻ നടക്കണ ചീത്ത ആൾക്കാര് ഞങ്ങടെ വീടൊക്കെ കണ്ടു പിടിച്ചിട്ടിണ്ടായി. ആഹ് കടലും കണ്ടോണ്ട് ഇവടെ ഇരിക്കാ ഇനി ഉമ്മേമൊക്കെ വന്നവരെ. ഞാൻ അവടെത്തന്നെ കെടപ്പില്ലേ ? ആ... ഇണ്ട്.

ഹായ് ! ഇതെന്താ ? ഒരു ഇത്ത എന്റെ പടോക്കെ എടുക്കണിണ്ടല്ലോ.. അയ്യേ... ഈ ഇത്ത ന്താ കാണിക്കണേ ? എന്റെ മുഖം മണ്ണിൽ കെടക്കല്ലേ...... പിന്നെങ്ങനെ നല്ല പടം എടുക്കാൻ പറ്റണേ ? ഉപ്പ കഴിഞ്ഞൂസം ന്റെ ഒരു പടം എടുത്താർന്ന് അതില് ഞാൻ ചിരിച്ചോണ്ടെ നിന്ന്- ന്ത് രസാർന്ന് ആ പടം കാണാൻ. ഈ ഇത്താക്ക് പടം എടുക്കാനൊന്നും അറിഞ്ഞൂടാന്നാ തോന്നണേ...

എഹ് ? ആ പോലീസ് ഇക്ക ന്നെ എങ്ങോട്ടാ കൊണ്ടോണേ ? ദേ... ഉമ്മ വരുമ്പം ന്നം കണ്ടില്ലെങ്കി ഉമ്മക്ക് വെഷമാവൂട്ടാ.. കൊണ്ടു പോവേണ്ട ന്നെ ? ആ.. പോക്കേ.. ന്നെ കൊണ്ടോക്കോ.. ഞാൻ ഇവിടെ ഇരിന്നോളാം ഉമ്മേം ഉപ്പേം വരട്ടെ."

II

"വെരലുമ്മെയൊക്കെ ആകെ മണ്ണാ. വെരല് കുടിക്കാണ്ട്, ഞാൻ എങ്ങനെയാ ഒറങ്ങണേ ? ഇക്കാക്ക എപ്പഴും ന്നെ വയക്കുപറയും. ചീത്ത കുട്ട്യോളാത്രേ വെരല് കുടിക്കണേ ! പക്ഷേ എനിക്ക് വെരല് കുടിക്കാണ്ട് ഒറങ്ങാൻ പറ്റൂല്ലാട്ടാ. നടുക്കത്തെ രണ്ടു വെരലും ഇങ്ങനെ കുടിച്ച്കുടിച്ച് ഒറങ്ങാൻ ന്ത് സുഖാന്നോ... ഉഫ് ... ഈ മണ്ണിന്റം കല്ലേടേം എടയിൽ കെടന്നിട്ട് നിക്ക് കാലൊക്കെ വേദനയെടുക്കണിണ്ട്. ന്തിനാ എല്ലാരും കൂടെ ന്നെ ഇങ്ങനെകൊണ്ടിട്ടേ? ഒറ്റക്കാക്കിയതെന്താ ന്നെ എല്ലാരും ? അവർക്ക് കുട്ട്യോളെ ഉപദ്രവിക്കണതാണത്രേ ഏറ്റോം ഇഷ്ടം . കയിന്നൂസം ഹൈറുത്ത പറയണ കേട്ട് അവർടെക്കെ ദൈവങ്ങള് അവർടെ പുസ്തകത്തില് എല്ലാരേം കൊല്ലണംന്നാ പറഞ്ഞേക്കണേന്ന്. അതെന്താ അങ്ങനെ പറയണേ? കുഞ്ഞുവാവകളെ ഇങ്ങനെ ഉപദ്രവിച്ചാ അവർക്ക് നോവൂല്ലേ ? കുഞ്ഞു കൈയും കുഞ്ഞു കാലും കുഞ്ഞു മൂക്കും കുഞ്ഞു കണ്ണുമൊക്കെയല്ലേ അവർക്കൊള്ളൂ. വേഗം വേദനയെടുക്കും അവർക്കൊക്കെ. കയിഞ്ഞൊരൂസം ഒരു കുഞ്ഞു വാവേടെ കൈ നാൻ കണ്ടാർന്ന് താഴെ, കൈ മാത്രോട്ടാ-മറന്നു വച്ചതായിരിക്കും. വെടീടെ ശബ്ദം കേട്ട് ഓടണ സമയത്ത് എടുക്കാൻ മറന്നതാകും. എന്തിനാ ആളുകള് ഇങ്ങനെ എല്ലാവരേം വേദനിപ്പിക്കണേ ?



ഉഫ് നല്ല വേദനയിണ്ട് കാലിന്... ആരും വന്നില്ലല്ലോ ന്നെ കൊണ്ടോവാൻ. നിക്ക് പേടിയാവനിണ്ട് ഒറ്റയ്ക്ക് ഇരുന്നട്ട് വെരലും കുടിക്കാൻ പറ്റണില്ലല്ലോ.. എഹ് ? ആഹ് ! ആരോ ന്നെ വിളിക്കണിണ്ട്. നാൻ കേട്ട് ! 'ഒമാൻ' എന്ന് തന്നേണ് വിളിക്കണേ... നാനാ ഒമാൻ...... "

## കാശ്മീർ

"മഹേന്ദ്ര ആണ് ലോകത്തിലെ ഏറ്റവും നല്ല പേര് !"

"മത്സ്യേന്ദ്ര ? ! മത്സ്യം എന്നു വച്ചാ മീൻ എന്നാണ്. നിന്റെ പേര് മീൻ എന്നാ ? അതാണോ വല്യ പേര് ? അയ്യേ എന്ത് ചള്ള പേരാ " "അങ്ങനെയല്ല ! മത്സ്യേന്ദ്രാന്ന് വച്ചാ മത്സ്യങ്ങളുടെ ദൈവം എന്നാണ് മത്സ്യം വിഷ്ണൂന്റെ അവതാരമാണ്. ദൈവത്തിന്റേം ദൈവമാ അപ്പോൾ ഞാൻ !"





"പോടാ പോടാ മഹമ്മൂദ് - വാഴ്ത്തപ്പെടുന്നവൻ. അതാണ് മോനേ പേര് ! എല്ലാവരാലും സ്തുതിക്കപ്പെടുന്നവനാ ഞാൻ !"

"ഹാ......ഹാ......ഹാ........നല്ല ഉള്ള പേരാണ് രണ്ടും. തോമസ് ! വിശുദ്ധ തോമാശ്ലീഹായുടെ പേര്. ക്രിസ്തുവിന്റെ

12 ശിഷ്യന്മാരിൽ ഒരാൾ ! തൊട്ടറിയുന്നതിനെ മാത്രമേ വിശ്വസിക്കൂ. ആധികാരികതയുള്ള പേര് എന്റെ മാത്രമാണ്"
മൂവരും ആരുടെ പേരാണ് മികച്ചത് എന്ന ചർച്ചയിലായിരുന്നു. ദൈവീകത നിറഞ്ഞ 3 പേരുകൾ. 9 വയസ്സുള്ള 3 ആട്ടിടയൻ ചെക്കന്മാർക്ക് വേറെന്താ ആ നാട്ടിൽ ചെയ്യാൻ പറ്റുക അതല്ലാതെ ? നാല് കിലോമീറ്റർ അപ്പുറം ഒരു പറ്റം ആളുകൾ തങ്ങളിലാർക്കാണ് പ്രതാപം കൂടുതൽ എന്ന് തെളിയിക്കാനുള്ള "കായിക" മത്സരത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. ആറേഴ് പേർ അതിനോടകം രക്തത്തിൽ കുളിച്ച് നിലം പതിച്ചിരുന്നു. അപ്പോഴേക്ക് അവിടേക്ക് പട്ടാള വണ്ടികൾ പാഞ്ഞെത്തി എല്ലാത്തിനെയും തല്ലിയോടിച്ചു നിലത്ത് ചലനമറ്റ് കിടന്ന കീടങ്ങളെ വലിച്ചു മാറ്റിയിട്ടു. രണ്ട് കണ്ണുകൾ താഴെ കിടന്നിരുന്നത് കാല് കൊണ്ട് തട്ടി മാറ്റി അവർ യാത്രയായി.

"എടാ ഞങ്ങള് വളരെ വൃത്തീം വെടിപ്പുമുള്ളവരാ. പള്ളീൽ കേറണേന് മുമ്പ് ഞങ്ങൾ ശരീരം നല്ല വൃത്തിയാക്കും. ഞങ്ങടെ ഖുർആനിൽ സ്നേഹമാണ് പഠിപ്പിച്ചിരിക്കുന്നത് നന്മയാണ് ഇസ്ലാം."

" നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കാൻ പഠിപ്പിക്കണ ബൈബിൾ ആണ് സ്നേഹത്തിന്റെ ഉറവിടം. ദൈവമാണ് ഞങ്ങൾക്കെല്ലാം. മഹത് ചിന്തകളുടേം ലോക നന്മയുടേം ശാന്തിയുടേം തുടക്കം ബൈബിളീന്നാ......"

"ലോക പിറവി തന്നെ ഹിന്ദുമതത്തീന്നാ. ഹിന്ദു ഒരു മതമല്ല സംസ്കാരമാണ്. ഭഗവത് ഗീതയിലുള്ളത് നിങ്ങൾക്ക് പലയിടത്തും കാണാം. പക്ഷേ ഭഗവദ് ഗീതയിലില്ലാത്തത് നിങ്ങൾക്ക് ഒരിടത്തും കാണാനാകില്ല."

"പോടാ. ഒന്ന്- അള്ളാഹു ആണ് ദൈവം"
"യേശു ക്രിസ്തുവാണ് !"
"അല്ലല്ലാ........മഹാവിഷ്ണുവാ !"

അവർ തങ്ങളുടെ ചെറിയ ലോകത്തെ ചർച്ച തുടർന്നു. ഈ സമയത്താണ് നാല് കിലോമീറ്ററപ്പുറം തുടങ്ങിയ ആ യുദ്ധം ഇവിടെ വരെയെത്തിയത്. നിറച്ച തോക്കുകൾ വച്ചാണ് ഇപ്പോൾ മത്സരം. കുട്ടികൾ മൂവരും നന്നേ ഭയന്നു. അവർ പരസ്പരം കെട്ടിപ്പിടിച്ചു നിന്നു. സംഘട്ടനം അവർക്കു ചുറ്റുമായി. "ദൈവമേമേ.......!!" മൂവരും അലറിത്തീരുന്നതിന് മുമ്പ് തന്നെ ബുള്ളറ്റുകൾകൊണ്ട് അവരെ ആ സംഘം പൊതിഞ്ഞു. മൂവരുടെയും അറ്റുപോയ കൈകൾ അപ്പോഴും പരസ്പരം ആലിംഗനം ചെയ്ത് കിടന്നു. പട്ടാള വണ്ടിയെത്തി എല്ലാത്തിനേയും ഒടിച്ചു. കുട്ടികളെ പെറുക്കി മാറ്റിയിട്ടു. അവർ യാത്രയായി.

അപ്പോഴും ഒന്നുമറിയാതെ, ഒന്നും ശ്രദ്ധിക്കാതെ ഒരു പറ്റം ആട്ടിൻ കൂട്ടം ആ ചുവന്ന പുൽ മേടയിൽ തങ്ങളുടെ തീറ്റ കണ്ടെത്തൽ തുടർന്നു. ഇടയ്ക്ക് ഒരാട്ടിൻകുട്ടി മെല്ലെ കരഞ്ഞു "മേ......" മറ്റ് ആട്ടിൻകുട്ടികൾ അവന്റെ വായ പൊത്തി, മിണ്ടാതെ നിന്ന് കഴിക്കാൻ ആംഗ്യം കാണിച്ചു__________





## BEHIND THE REEL

**FIRST REEL**
Sub-Editor |
Malavika.V
Ancif C Abu
Susruthan
Sreehari.S

**SECOND REEL**
Art |
Jebin George Bobby
Adithya M

**THIRD REEL**
Photography |
Shibi K Mohan (Mlechan)

**FOURTH REEL**
Creative Head |
Rahul Thomas (Thomman)
La Arte Thomman

**FIFTH REEL**
Committee |
Sreelakshmi S
Gayathry MR
Anurag
Aravind Krishnan R
Vishnu M R
Elizabeth Alexander
Griphin John
Shahal K

**SIXTH REEL**
Design Section |
Toby George
Jinu M.John
SugarCane Creative Cuisine

**LAST REEL**
Print Section |
Sooraj
Niram Offset Printers



'Visuals can be deceiving' എന്ന് ജീത്തു ജോസഫ് കാതിൽ കേട്ടതെല്ലാം വെള്ളം തൊടാതെ വിഴുങ്ങരുതെന്ന് കാരണവന്മാർ. ജയവും തോൽവിയുമെല്ലാം ആപേക്ഷികമാണെന്ന് പ്രാഞ്ചിയോട് പുണ്യാളൻ പറഞ്ഞു. സ്വബോധത്തിനും മുഴുത്ത വട്ടിനും നടുക്കായി ഞാനും.

പേടിക്കണ്ട.. എന്താണ് എഴുതണ്ടതെന്ന് പിടിയില്ലാത്തോണ്ട് വെറുതെയൊന്ന് റഫ് പോലെ എഴുതിനോക്കിയതാ വിട്ടേക്ക്.

കേമറ ഒരു മാഗസിൻ മാത്രമല്ല, എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കാനുള്ള ഒരുപിടി നല്ല ഫോട്ടോകളുടെ കൂടിച്ചേരലാണ്. അറ്റുപോയ പല നാവുകളും - മുറിച്ചുമാറ്റപ്പെട്ട പല മുഷ്ടികളും - ചീന്തപ്പെട്ട് ചാണകത്തിനുമുകളിൽ പോയി പതിഞ്ഞ രക്തത്തുള്ളികളും - ഈയമുരുക്കിയൊഴിച്ച് മൂടപ്പെട്ട പല ചെവികളും ഈ കണ്ണിൽ പതിഞ്ഞിട്ടുണ്ട്. കണ്ണീരിന്റെ നനവുള്ള കൈലേസുകൾ അനന്തക്കണ്ണീരിൽ കുതിർന്ന ഷർട്ടിന്റെ കഷ്ണങ്ങൾ തെറിച്ചുപോയ കുഞ്ഞ് തമാശകൾ മനസ്സിൽ തട്ടാതെ ഉരുവിട്ട പ്രാകലുകൾ ഇതെല്ലാം ഈ ലെൻസിലൂടെ കടന്നുപോയി.

കേമറ, ഒരു വിശ്വാസം കൂടിയാണ് തിമിരം ബാധിച്ചടഞ്ഞുപോയ കണ്ണുകൾക്കും ഇതിലൂടെ കാണാനാകുമെന്ന വിശ്വാസം; നാളെയൊരിക്കൽ ഈ കാഴ്ചകൾ എല്ലാവർക്കുമൊരു വികാരമാകുമെന്ന വിശ്വാസം.

NB: [illegible]





ഈ കേമറ
ഇത് നിനക്കുള്ളതാണ്...
നിനക്ക മാത്രം...
അനന്തു


Doing your mehendi
by yourself can be difficult.
But opening a
Federal Bank account
by yourself is not.
The Federal Bank Limited, Regd. Office: Aluva. | *Conditions Apply
Open your Federal Bank account
by yourself in just 3 steps:
Download FedBook
Click a selfie
Click & scan your
Aadhaar & PAN card
INDIA'S
FIRST EVER
FEDERAL BANK
YOUR PERFECT BANKING PARTNER

# Want to study abroad... and confused?

## End your anxieties on Overseas Education.

**Visit Global Educational Consultants for a FREE Counselling**

**The most trusted, award winning and professionaly qualified overseas educational consultants with 23 years of expertise in placing hundreds of students to TOP universities in the world.**

What to study? Where to study?
When to apply? How to apply?
Can I work while studying? Will I get admission?
Is this course recognized?
Will I get a Student Visa? Do I need IELTS / TOEFL?
Is the university recognized?
Are there any scholarships?
Can I apply for permanent residency after studies?
Will I get a job after studying?
Is this course in demand?



SINCE 1993
GLOBAL
EDUCATIONAL CONSULTANTS
ISO 9001 : 2015 Certified
*Be a global citizen*

ISO 9001:2008
MOST TRUSTED AWARD
23

2 nd Floor, Penta Tower, Opp.Bus Stand, Kaloor, Cochin - 682017
Tel: + 91 (484) 2539399, 2539799, 2530849, Fax: (91) 484 - 2539799, Mob: 9846020700
E-mail: info@globaledu.in, www.globaledu.in, www.facebook.com/globaledu.in

AAERI | QEAC J416 | BRITISH COUNCIL TRAINED AGENT | EDUCATION IN IRELAND TRUSTED PARTNER | NEW ZEALAND | IMAGINE | NAFSA | IELTS BRITISH COUNCIL | PEARSON | ieaa